# ക്രൈസ്തവ കാഹളം



Vol. XXII. No. 10-1
Feb--March 1964.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | | പുറം. |
|---|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | | 309 |
| 2. | പാർശ്വവീക്ഷണം | —A. A. | 311 |
| 3. | മാർപ്പാപ്പാ പോൾ ആറാമനും ഓർത്തഡോക്സ് പാത്രിയർക്കീസ് അഥനാഗൊറസ്സും | A. A. | 312 |
| 4. | മണിയറയിലേക്ക് (കവിത) | —ഒ അയ്യനേത്ത് | 316 |
| 5. | വത്തിക്കാൻ കൌൺസിൽ | —സി. പി. മാത്യു എം. എ. | 317 |
| 6. | ഇതു് എൻെറ ഓർമ്മക്കായി ചെയ്യുവിൻ | —ഫാദർ ഡി. സക്കറിയാ | 321 |
| 7. | നല്ല സമര്യാക്കാരൻ (കവിത) | —എൻ. കെ. ജോൺ എം. എ | 325 |
| 8. | ആ തെരുവുതെണ്ടികൾ | —കെ. സി. ചാക്കോ എം. എ., എം. എസ്സ്. | 327 |
| 9. | വി. കുർബാനയും പുതിയ മനുഷ്യനും | —ഫാ. സഖറിയാസ് കിളിലേത്ത് | 329 |
| 10. | ഇൻഡ്യൻ ജനാധിപത്യം | —തരകൻ ആനിയിൽ പൂനാ | 333 |
| 11. | മുടിയനായ പുത്രൻ | —വന്ദ്യദിവ്യശ്രീ ചെപ്പാട്ടു പീലിപ്പോസ് റമ്പാൻ | 336 |
| 12. | ആത്മികൻെറ ലക്ഷണങ്ങൾ | —W. A. T | 341 |
| 13. | നീതിക്കുവേണ്ടിയുള്ള സമരത്തിൽ 'ദാസനം' 'യുവഭാരതി'യും വഹിച്ച പങ്ക് | —എം. എം. വർക്കി മൂക്കഞ്ചേരിൽ | 343 |
| 14. | മാർ അപ്രേമും സഭയുടെ ഐക്യവും | —ഡോക്ടർ ഗീവറുഗീസ് പണിക്കർ | 346 |
| 15. | കൊയ്ത്തു വളരെ (കവിത) | —എം. വി. തോമസ് | 352 |
| 16. | ക്രിസ്തുനാഥൻെറ പ്രതിപുരുഷനായ കുടുംബത്തലവൻ | —J. M. | 353 |
| 17. | നമ്മുടെ ഇടവകകളിലെ പ്രാർത്ഥനായോഗങ്ങൾ | —C. D. | 356 |
| 18. | വിഹിതം | —വർഗ്ഗീസ് ജെ. വള്ളുവന്ത്ര | 357 |
| 19. | മിഷ്യൻ സൺഡേ പിരിവു് | | 362 |
| 20. | സഭാകലണ്ടർ | | 362 |
| 21. | വിവിധ വൃത്താന്തങ്ങൾ | | 363 |
| 22. | രൂപതാതിരൂപതാവാർത്തകൾ | | 364 |


### കവർ ചിത്രം

മാർപ്പാപ്പാ പോൾ ആറാമൻ തിരുമേനിയും ഓർത്തഡോക്സ് എക്യുമെനിക്കൽ പാത്രിയർക്കീസ് അഥനാഗൊറസ് തിരുമേനിയും യെരുശലേമിൽ വച്ചു കൂടിക്കണ്ടപ്പോൾ—

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER "CHRISTHAVAKAHALAM"

Form IV. (See Rule 8)

| | | |
|---|---|---|
| 1. | Place of Publication: | Trivandrum. |
| 2. | Periodicity of its Publication: | Monthly. |
| 3. | Printer's Name: | Rt. Rev. Msgr. Philipose Remban. |
| | Nationality: | Indian. |
| | Address: | Archbishop's House, Trivandrnm-4. Kerala State, S. India. |
| 4. | Publisher's Name, Nationality Address: | See 3 above. |
| 5. | Editor's Name, Nationality Address: | See 3 abov |
| 6. | Name and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital: | Rt. Rev. Msgr. Philipose Remban. |

I, Msgr. Philipose Remban, hereby declare that the particulars given above are true to the best of my knowledge and belief.

Date 9-3-1964. Msgr. Philipose Remban, Publisher. (Sd)

വരിസംഖ്യ മുൻകൂർ 2ക. 50ന. പ. *Chief Editor*: **Rt. Rev. Msgr. Philipose Ramban.**

വിദേശങ്ങളിൽ 3ക. 50ന. പ. *Sub*: ,, **Rev. Fr. Thomas Inchakalody.**

# ക്രൈസ്തവകാഹളം

പുസ്തകം 22 | ഫെബ്രുവരി-മാർച്ച് 1964 | ലക്കം 10-11.

## പത്രാധിപക്കുറിപ്പുകൾ

### പകുതിനോമ്പ്

പകുതിനോമ്പു കഴിഞ്ഞിരിക്കുന്ന അവസരമാണല്ലോ ഇതു്. പകുതിനോമ്പിന്റെ ബുധനാഴ്ച നമ്മുടെ പള്ളികളിൽ നടത്തപ്പെടുന്ന ശുശ്രൂഷയുടെ ഒരു പ്രധാന ഭാഗം പള്ളിയുടെ മദ്ധ്യത്തിൽ സ്ലീബാ ആഘോഷപൂർവ്വം ഉയർത്തി സ്ഥാപിക്കുക എന്നുള്ളതാണ്. ഇതു നമ്മുടെ കർത്താവിന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്നു. "മോശ മരുഭൂമിയിൽ വച്ചു സർപ്പത്തെ ഉയർത്തിയതു് എങ്ങനെയോ അങ്ങനെ തന്നെ മനുഷ്യപുത്രനും, അവനിൽ വിശ്വസിക്കുന്ന ഒരു മനുഷ്യനും നശിച്ചുപോകാതെ, അവനിൽ നിത്യജീവൻ ഉണ്ടാകേണ്ടതിന് ഉയർത്തപ്പെടേണ്ടിയിരിക്കുന്നു." (യോഹ. 3, 14-15)

ഇസ്രായേൽക്കാരുടെ മരുഭൂമിയിലൂടെയുള്ള പ്രയാണകാലത്തു് അവർ ദൈവത്തിനും മോശയ്ക്കും എതിരായി പിറുപിറുത്തു. അവരെ ശിക്ഷിക്കുന്നതിനായി അഗ്നിസർപ്പങ്ങൾ അയക്കപ്പെട്ടപ്പോൾ ജനം പശ്ചാത്തപിച്ചു് ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞു. ദൈവകല്പനപ്രകാരം മോശ ഒരു പിത്തളസർപ്പത്തെ ഉയർത്തി നാട്ടുകയും സർപ്പദംശനമേററവർ അതിന്മേൽ നോക്കി രക്ഷപെടുകയും ചെയ്തു. (സംഖ്യാ. 21, 5 9) കുരിശിന്മേൽ ഉയർത്തപ്പെട്ട ക്രിസ്തുവിനെ നോക്കി പാപമരണത്തിൽ നിന്നു രക്ഷ പ്രാപിക്കുന്ന അനുഭവത്തിന്റെ ഒരു മുൻകുറിയായിരുന്നു ഇസ്രായേൽക്കാർ പിത്തളസർപ്പത്തെ നോക്കി ജീവൻ നേടിയതു്. പകുതിനോമ്പുമുതൽ നമ്മുടെ ശ്രദ്ധാകേന്ദ്രവും ധ്യാനവിഷയവും പ്രധാനമായി കർത്താവിന്റെ ക്രൂശുമരണവും അതുമൂലമുണ്ടായിരിക്കുന്ന രക്ഷയും ആയിരിക്കണം

നോമ്പിന്റെ പകുതി കഴിഞ്ഞിട്ടും നോമ്പിന്റെ ചൈതന്യത്തിലേയ്ക്കു പ്രവേശിക്കാൻ മടിച്ചു നിൽക്കുന്നവർ കണ്ടേക്കാം. കച്ചവടക്കാരും മററും വർഷന്തോറും അവരുടെ സ്റ്റോക്കു നിർണ്ണയിക്കുന്നതുപോലെ, ആത്മീയമായി നമ്മുടെ ആസ്തിബാദ്ധ്യതകൾ പരിശോധിക്കുന്നതിനുള്ള പ്രത്യേക അവസരമാണു നോമ്പ്. ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ദൈവയിഷ്ടപ്രകാരം ക്രമീകരിക്കുന്നതിനു പ്രത്യേക പ്രയത്നം നടത്തുവാനുള്ള സമയമാണു നോമ്പുകാലം. ദൈവം തന്നിട്ടുള്ള സകലവും (നമുക്കു സ്വന്തമായുള്ളതു നമ്മുടെ പാപം മാത്രം) ദൈവയിഷ്ടപ്രകാരം ഉപയോഗിക്കുവാനും ചെലവാക്കുവാനും നോമ്പുകാലശിക്ഷണം നമ്മെ സഹായിക്കുന്നു. ഉപവാസം, പ്രാർത്ഥന, പ്രായശ്ചിത്തം, ദാനധർമ്മം എന്നിവ ശരിയായി നോമ്പു നോക്കുന്നതിനു ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. ഇവയെല്ലാം വെറും ചടങ്ങുകളായി തീരാതിരിക്കണമെങ്കിൽ

നോമ്പ് അതിൽ തന്നെ ഒരന്ത്യമല്ലെന്നു നാം ഓർത്തിരിക്കേണ്ടതാണ്. ദൈവയിഷ്ടത്തിനു നമ്മെത്തന്നെ വിധേയരാക്കുന്നതിനുള്ള മാർഗ്ഗമാണ് നോമ്പ്. നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തിലും ഉയിർപ്പിലും പങ്കെടുക്കുവാനുള്ള ആത്മീയ ഒരുക്കവുമാണ് നോമ്പ്

* * * * * *

## പീഡാനുഭവചിന്തകൾ

—സുവിശേഷങ്ങൾ നാലും യേശുക്രിസ്തുവിൻെറ ജീവചരിത്രമല്ല മരണചരിത്രമാണെന്നു പറയാം. സാധാരണ ഒരാളുടെ ജീവചരിത്രം എഴുതുമ്പോൾ അയാളുടെ മരണത്തിന് അത്ര വളരെ പ്രാധാന്യം നല്കാറില്ല, എന്നാൽ യേശുക്രിസ്തുവിൻെറ കാര്യം അങ്ങനെയല്ല സുവിശേഷങ്ങളുടെ മൂന്നിലൊരുഭാഗം ക്രിസ്തുവിൻെറ മരണത്തെപ്പററിയുള്ള വിവരണമാണ്. ക്രിസ്തുവിൻെറ ക്രൂശുമരണത്തിൻെറ ആഴ്ചയിലെ ഓരോ ദിവസത്തെയും സംഭവങ്ങളുടെ വിശദവിവരങ്ങൾ സുവിശേഷങ്ങളിൽ കാണുന്നു. അപ്പോസ്തോല പ്രവൃത്തികളിലും ലേഖനങ്ങളിലും ക്രിസ്തുവിൻെറ പഠിപ്പിക്കലിനെക്കാളുപരിയായി ക്രിസ്തുവിൻെറ മരണത്തെപ്പററിയുള്ള പ്രതിപാദനമാണുള്ളതു്. ക്രിസ്തീയ വിശ്വാസത്തിൻെറ കേന്ദ്രമാണ് കുരിശ് "ഞങ്ങൾ ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കോരി. 1, 23) എന്നുള്ള വാക്യത്തിൽ ക്രിസ്തീയ സുവിശേഷത്തിൻെറ രത്നച്ചുരുക്കമാണ് വി. പൗലോസ് നൽകിയിരിക്കുന്നതു്. ക്രിസ്തീയ ജീവിതത്തിൻെറ കേന്ദ്രവും കുരിശുതന്നെയാണ്. "എൻെറ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നവൻ, സ്വയം പരിത്യജിച്ച് എല്ലാ ദിവസവും തൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ" (വി. ലൂക്കോസ് 9, 23) നമ്മുടെ ആഗ്രഹങ്ങൾ നടക്കാതെ വരുമ്പോഴുള്ള പ്രയാസങ്ങളല്ല "കുരിശു", ദൈവയിഷ്ടവും ദൈവകല്പനയും അനുസരിക്കുന്നതുമൂലം വന്നു ചേരുന്ന പ്രയാസങ്ങളും ഞെരുക്കങ്ങളുമാണ് "കുരിശു്". ക്രിസ്തുവിൻെറ ചൈതന്യത്തിൽ ക്രിസ്തുവിനോടു ചേർന്നു നിന്നു കുരിശുവഹിക്കുമ്പോൾ നമ്മുടെ ജീവിതം അതുമൂലം രൂപാന്തരപ്പെടുന്നതായി അനുഭവപ്പെടും.

* * * * * *

മികച്ച കഴിവുകളുള്ള ഒരു മനുഷ്യൻ 33-ാമത്തെ വയസ്സിൽ മരിക്കാനിടയായാൽ, അദ്ദേഹത്തെപ്പററി എല്ലാ നല്ല മനുഷ്യരും വിലപിക്കും: കുറെനാൾ കൂടെ ജീവിച്ചിരുന്നെങ്കിൽ അയാൾ പല വൻ കാര്യങ്ങളും ചെയ്യുമായിരുന്നു എന്നു് അയാളെപ്പററി പറയുകയും ചെയ്യും. ലോകപ്രകാരം ചിന്തിച്ചാൽ ക്രിസ്തുവിൻെറ മരണത്തെപ്പററി എത്രയധികം ദുഃഖിക്കണമായിരുന്നു! എന്നാൽ ദുഃഖത്തിനു പകരം സന്തോഷമാണു പുതിയ നിയമത്തിൽ നാം കാണുന്നതു്. 'ക്രിസ്തുവിൻെറ കുരിശിലല്ലാതെ പ്രശംസിക്കുവാൻ എനിക്കിടയാകാതിരിക്കട്ടെ' (ഗലാ 6, 14) എന്നാണു വി. പൗലോസിൻെറ പ്രാർത്ഥന. ക്രിസ്തുവിൻെറ മരണം ഒരു യാദൃച്ഛിക സംഭവമായിരുന്നില്ലെന്നും, മനുഷ്യരക്ഷയ്ക്കായുള്ള ദൈവികവ്യാപാരമായിരുന്നു അതു് എന്നുമുള്ള വിശ്വാസം മൂലമാണ് ശാപത്തിൻെറ അടയാളമായിരുന്ന കുരിശു് മഹത്വത്തിൻെറ പ്രതീകമായി മാറിയതു് ഉയിർപ്പു ഞായറാഴ്ചയാണ് ഈ വിശ്വാസത്തിനുറപ്പു വരുത്തിയതു്. തൻമൂലം കുരിശു് മരണത്തിൻെറ മാത്രമല്ല ജീവൻെറയും മഹത്വത്തിൻെറയും അടയാളമായിരിക്കുന്നു. കാൽവരി കൂടാതെ ഉയിർപ്പില്ല കാൽവരികുന്നിൽ കയറാതെ താഴ്‌വരയിൽ മാത്രം ചുററിത്തിരിഞ്ഞാൽ മരണത്തിന്മേലും പാപത്തിന്മേലുമുള്ള വിജയത്തിൻെറ പുനരുത്ഥാനം അനുഭവപ്പെടുകയില്ല.

* * * * * *

ക്രിസ്തുവിൻെറ കുരിശു് ലോകചരിത്രത്തിൻെറ നടുവിൽ ഉയർത്തപ്പെട്ടിരിക്കുന്നു. പാപത്തെ ദൈവം വെറുക്കുന്നതുപോലെ പാപികളെ ദൈവം സ്നേഹിക്കുന്നു എന്നു് അതു ലോകത്തോടു പ്രഖ്യാപിക്കുന്നു. മനുഷ്യരുടെ പാപം ദൈവത്തെ എങ്ങനെ വേദനിപ്പിക്കുന്നു എന്നും ക്രിസ്തുവിൻെറ കുരിശു നമുക്കു കാണിച്ചുതരുന്നു അന്നു് യൂദായുടെ സ്വാർത്ഥചിന്തകൾ ക്രിസ്തുവിനെ ഒററു കൊടുക്കുവാൻ ഇടയാക്കി. ഇന്നു്

# 1. മാരാമൺ കൺവൻഷൻ

## (A. A.)

മാരാമൺ കൺവൻഷനെപ്പററി എന്തിനാണു 'ക്രൈസ്തവകാഹള'ത്തിൽ എഴുതുന്നതെന്നു ചോദിച്ചേക്കാം. പറയാം. കേരളത്തിലെ ക്രിസ്തീയ പ്രാധാന്യമുള്ള ഒരു പ്രധാന സംഭവമാണു് ഈ കൺവൻഷൻ. അവിടെ നടക്കുന്ന പ്രസംഗങ്ങളും മററും പത്രങ്ങളിൽ വരുന്നതുകൊണ്ടു് മാർത്തോമാ സഭാംഗങ്ങളല്ലാത്തവരും ഈ കൺവൻഷനെപ്പററി ചിന്തിക്കുന്നതിനിടയാകുന്നു. ഒരു സഭാവിഭാഗത്തിൽ നടക്കുന്ന സംഭവങ്ങൾ മററു വിഭാഗങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നതു ന്യായവുമാണു്. പ്രത്യേകിച്ചും ഇക്കാലത്തു്.

നല്ല ക്രമീകരണത്തോടും അച്ചടക്കത്തോടും കൂടെ കൺവൻഷൻ നടത്തുന്നതിൽ മാർത്തോമ്മാസഭയ്ക്കുള്ള കഴിവു് അഭിനന്ദനം അർഹിക്കുന്നു എന്നു് ആദ്യമെ പറഞ്ഞുകൊള്ളട്ടെ. ഓർത്തഡോക്സ് സുറിയാനിക്കാരും കത്തോലിക്കരും ഇക്കാര്യത്തിൽ മാർത്തോമ്മാസഭയുടെ പിന്നിലാണു്. മററാരും ചെയ്യുന്നതിനേക്കാൾ ഭംഗിയായിട്ടു കത്തോലിക്കർ ചെയ്യുന്ന പല കാര്യങ്ങളുമുണ്ടു്; കൺവൻഷൻ ഇക്കൂട്ടത്തിൽ പെടുന്നില്ല.

മാർത്തോമാസഭയെ മുഴുവനായി സ്പർശിക്കുന്ന ഒരു സംഭവമാണു് മാരാമൺ മണൽപ്പുറത്തു ആണ്ടുതോറും നടക്കുന്നതു്. ഇതിൻെറ ഒരു കാരണം മാരാമണ്ണിനു ചുററുമുള്ള പ്രദേശങ്ങളാണു് ആ സഭയുടെ പ്രധാനശക്തി കേന്ദ്രങ്ങൾ എന്നുള്ളതാണു്. മാർത്തോമാസഭയുടെ അംഗങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിനു് ഈ കൺവൻഷനിൽ പങ്കെടുക്കാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ മാർത്തോമ്മാക്കാരുടെ ചിന്തകൾക്കും വിശ്വാസങ്ങൾക്കും രൂപം കൊടുക്കുന്നതിൽ മാരാമൺ കൺവൻഷൻ വലിയ സ്ഥാനം വഹിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. ഇതു് നന്മയും തിന്മയും കലർന്ന ഒരു സ്ഥിതിവിശേഷമായിട്ടാണു പുറത്തുള്ള പലർക്കും തോന്നിയിട്ടുള്ളതു്. കത്തോലിക്കാ—ഓർത്തഡോക്സ് വിശ്വാസാചാരങ്ങളെ പിന്താങ്ങിക്കൊണ്ടുള്ള പ്രസംഗങ്ങൾ മാരാമണ്ണിലെ മണൽത്തരികൾ കേട്ടുകാണാനിടയില്ല. അതേസമയം എല്ലാവിധ പ്രൊട്ടസ്റ്റൻറു ചിന്തകളും പ്രകാശിപ്പിക്കുന്നതിനു് മാരാമണ്ണിൽ സ്വാതന്ത്ര്യം കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അര നൂററാണ്ടു കാലം ഇങ്ങനെ സംഭവിച്ചതിൻെറ ഒരു ഫലമാണു് മാർത്തോമാസഭയിൽ അടുത്തകാലത്തുണ്ടായ പിളർപ്പു് എന്നു് ഈ എഴുത്തുകാരൻ വിചാരിക്കുന്നു.

പ്രൊട്ടസ്റ്റൻറുകാരിൽ ചിലരെ സംബന്ധിച്ചു ശരിയായിരിക്കുന്ന ഒരു വസ്തുതയുണ്ടു്—ഏററവും ഒടുവിൽ വായിച്ച പുസ്തകത്തിലെ അ

---

നമ്മുടെ ജീവിതമണ്ഡലങ്ങളിൽ നാം ക്രിസ്തുവിനെ ഒററു കൊടുക്കുന്നുവോ എന്നു ചിന്തിക്കുക. അന്നു് നന്മയും തിന്മയും തമ്മിൽ ഭേദമില്ലെന്നുള്ള മട്ടിൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രിസ്തുവിനെ അവർ കുരിശിൽ തറച്ചു. ഇന്നു് നന്മയും തിന്മയും തമ്മിൽ വിവേചിക്കാതെ ജീവിച്ചു് നാം ക്രിസ്തുവിനെ കള്ളന്മാരുടെ ഗണത്തിൽ ചേർക്കുന്നുവോ എന്നു ചിന്തിക്കുക. അന്നു് "യഹൂദന്മാരുടെ രാജാവേ, ജയ" എന്നു പടയാളികൾ ക്രിസ്തുവിനെ പരിഹസിച്ചു പറഞ്ഞു. ഇന്നു് ജീവിതത്തെ ഭരിക്കാത്ത പ്രാർത്ഥനകൾ മൂലം നാം ദൈവത്തെ പരിഹസിക്കുന്നുവോ എന്നു ചിന്തിക്കുക. കുരിശിനെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ പ്രാർത്ഥനകളായി മാറാനിടയാകട്ടെ.

C. A. A.

* * * * * *

"പ്രാണനില്ലാത്ത ശരീരം എങ്ങനെ ചത്തതായിരിക്കുന്നുവോ, അങ്ങനെതന്നെ പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു" (വി. യാക്കോബ് 2, 26)

# മാർപ്പാപ്പാ പോൾ ആറാമനും
# ഓർത്തഡോക്സ് പാത്രിയർക്കീസ് അഥനാഗൊറാസും.

**(A. A.)**

[മാർപ്പാപ്പായും പാത്രിയർക്കീസും തമ്മിലുണ്ടായ ചരിത്രപ്രസിദ്ധമായ കൂടിക്കാഴ്ചയെപ്പററി ലക്രുവാ (പാരീസ്) പത്രത്തിന്റെ പത്രാധിപർ, ഫാദർ എ. വെൻഗർ, എഴുതിയ ഒരു ലേഖനത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് താഴെ ചേർക്കുന്നത്.]

റോമായും കുസ്തന്തീനോപ്പോലിസും പിന്നിലാക്കി, രണ്ടു തീർത്ഥാടകരെപ്പോലെയാണ് മാർപ്പാപ്പായും പാത്രിയർക്കീസും യെരൂശലേമിലെത്തിയത്. നൂററാണ്ടുകളുടെ അകൽചയ്ക്കുശേഷം ഈ സഭാതലവന്മാർ കൂടിക്കാണാനിടയായതു് യെരൂശലേമിലാണെന്നുള്ളതു് എത്ര അർത്ഥവത്താണ്! ലോകചരിത്രത്തിന്റെ കേന്ദ്രസ്ഥാനമായ ക്രിസ്തുവിന്റെ കുരിശു് ഉയർത്തപ്പെട്ട യെരൂശലേം. മനുഷ്യനായി വന്ന ദൈവത്തിന്റെ പാദസ്പർശമേററ യെരൂശലേം. സഭയുടെ മാതാവായ യെരൂശലേം.

മാർപ്പാപ്പായും പാത്രിയർക്കീസും തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച നടന്നതു് യെരൂശലേമിലുള്ള മാർപ്പാപ്പായുടെ ഡെലിഗററ് തിരുമേനിയുടെ വസതിയിലായിരുന്നു. ഈ മീററിംഗ് ഇരുപതു മിനിററു നീണ്ടുനിന്നു. വിശുദ്ധ ചുംബനത്തിനും കുശലപ്രശ്നങ്ങൾക്കും ശേഷം, പാത്രിയർക്കീസ് നേരത്തെ തയ്യാറാക്കിയിരുന്ന പ്രസംഗം അദ്ദേഹത്തിന്റെ സെക്രട്ടറി വായിച്ചു. പ്രസംഗത്തിന്റെ ഫ്രഞ്ചു ഭാഷയിലുള്ള തർജ്ജമ മാർപ്പാപ്പായ്ക്കു കൊടുത്തിരുന്നു. "കാത

---

ഭിപ്രായമായിരിക്കും അവരുടെ വിശ്വാസം. ഇതു് അല്പം അതിശയോക്തിയാണെന്നു സമ്മതിക്കുന്നു. പക്ഷെ അടിസ്ഥാനപരമായ ഒരു സത്യം അതിലടങ്ങിയിട്ടുണ്ടു്. മാരാമണ്ണിൽ പല വർഷങ്ങൾ പ്രസംഗിച്ചിട്ടുള്ള പ്രസിദ്ധ പ്രസംഗകരിൽ ചിലരും ഈ മാതിരി വ്യതിയാനങ്ങൾ കാണിച്ചിട്ടുണ്ടാവണം. അവരെ സംബന്ധിച്ചു് ന്യായമായ ഒരനുഭവമായിരിക്കാം ഇതു്. എന്നാൽ പ്രാർത്ഥനയുടെ ആത്മാവിൽ അവരുടെ ചിന്തകൾ സ്വീകരിക്കുന്ന കേൾവിക്കാർക്കു് ഇതെപ്പോഴും നന്മ ചെയ്യു എന്നു വരികയില്ല. ഈ വർഷം മാരാമണ്ണിൽ പ്രസംഗിച്ച പ്രസിദ്ധനായ ഒരു മിഷ്യനറി സായിപ്പിന്റെ കാര്യം ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ഏക സഭയേ ലോകത്തിൽ ഉണ്ടായിരിക്കാവൂ എന്നു പറയുന്നവൻ "ഏകാധിപത്യ പ്രവണതയാണു പ്രകടിപ്പിക്കുന്നതു്." (ഇതു പത്രത്തിൽ വന്ന റിപ്പോർട്ടാണ്.) സഭകളുടെ ഒരു ഫെഡറേഷനൊ മറൊ ആണത്രെ സായിപ്പിനിഷ്ടം. ക്രിസ്തു തന്റെ സഭയെപ്പററി എന്താഗ്രഹിച്ചു, എന്തു പഠിപ്പിച്ചു, എങ്ങനെ പ്രാർത്ഥിച്ചു എന്നുള്ളതല്ലെ പ്രധാനപ്പെട്ടതു്? ക്രിസ്തുവിന്റെ ആഗ്രഹം നടപ്പിൽ വരുന്നതിനു പ്രതിബന്ധങ്ങളുണ്ടെന്നുള്ളതു ശരിതന്നെ. അക്കാരണത്താൽ സഭയെപ്പററിയുള്ള നമ്മുടെ ആദർശവും ക്രിസ്തുവിന്റേതിൽനിന്നു ഭിന്നമായിരിക്കണം എന്നു പഠിപ്പിച്ചാൽ അതത്ര പന്തിയല്ല. സായിപ്പു് അദ്ദേഹത്തിന്റെ അഭിപ്രായം ഇനിയും മാററിയെന്നു വരാം. പക്ഷെ, എത്ര പേരുടെ മനസ്സിൽ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ അഭിപ്രായം ഉറച്ചു കാണും!

കൂദാശപരമായ ജീവിതത്തിനു വലിയ പ്രാധാന്യം കൊടുക്കാത്ത സഭകൾക്കു് മററുള്ളവരെക്കാൾ അധികമായി കൺവൻഷനും സാക്ഷിപറച്ചിലും എല്ലാം ആവശ്യമാണെന്നു് അല്പം ചിന്തിച്ചാൽ മനസ്സിലാകും. ആത്മീയ ജീവൻ തണുത്തുപോകാതെ ശക്തിയാർജ്ജിക്കുന്നതിനു അവർ ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു. മാരാമണ്ണിൽ നടക്കുന്ന പ്രസംഗങ്ങളെക്കാൾ അധികമായി, മാർത്തോമാ സഭയുടെ സാക്ഷിപറച്ചിലെന്നു് ഈ എഴുത്തുകാരനു തോന്നുന്നതു്, മാരാമൺ മണൽപ്പുറത്തു് പ്രാർത്ഥനാനിരതരായി കഴിയുന്ന അനേകായിരങ്ങളുടെ നിശ്ശബ്ദമായ ആത്മീയ ചൈതന്യമാണ്.

ലായ ഒന്നും തന്നെ നമ്മെ അകററാതിരിക്കുമ്പോൾ എന്തിനു നാം വേർപിരിഞ്ഞു കഴിയണം" എന്ന് അഥനാഗോറസ് തിരുമേനി തന്റെ പ്രസംഗത്തിൽ ചോദിച്ചു. മാർപ്പാപ്പായുടെ മറുപടിപ്രസംഗം പിറെറ ദിവസത്തെ പരിപാടിയിൽ ചേർത്തിരുന്നതുകൊണ്ട് ഈയവസരത്തിൽ തിരുമേനി പ്രസംഗിച്ചില്ല. "അവിടത്തെ വാക്കുകൾ ഇപ്പോൾ മുതൽ എന്റെ ചിന്തയുടെ ഉറവിടമായിരിക്കും" എന്നു മാർപ്പാപ്പാ പ്രസ്താവിച്ചു. ഇതിനെ തുടർന്ന് പാത്രിയക്കീസിനു നൽകുന്നതിനായി മാർപ്പാപ്പാ കൊണ്ടുവന്നിരുന്ന പാരിതോഷികങ്ങൾ സമർപ്പിക്കപ്പെട്ടു. ഒരു സൗവർണ്ണകാസായും മാർപ്പാപ്പായുടെ തീർത്ഥാടനത്തിന്റെ സ്മാരകമായി നിർമ്മിച്ച ഒരു മെഡലുമായിരുന്നു പാരിതോഷികങ്ങൾ. കാസാ നൽകിക്കൊണ്ട് മാർപ്പാപ്പാ ഇപ്രകാരം പറഞ്ഞു "നമ്മുടെ സാഹോദര്യത്തിന്റെ ഉറവിടമാണ് കാസാ. ആ സാഹോദര്യത്തിന്റെ പ്രതീകമായി ഇതു നൽകുന്നതിനു എന്നെ അനുവദിക്കുക."

അഥനഗോറസ് തിരുമേനിയുടെ കൂടെയുണ്ടായിരുന്ന മെത്രാപ്പോലീത്താമാരേയും മററു പ്രസിദ്ധരായ ആഗതരേയും മാർപ്പാപ്പാ തിരുമേനിക്കു പരിചയപ്പെടുത്തിക്കൊടുത്തു. "റെൻററിയത് സെഞ്ചുറി ഫോക്സ്" എന്ന പ്രസിദ്ധ ചലച്ചിത്ര കമ്പനിയുടെ പ്രസിഡൻറും ഇക്കൂട്ടത്തിലുണ്ടായിരുന്നു. പാത്രിയക്കീസിനെ അനുഗമിച്ചിരുന്ന പത്തു മെത്രാപ്പോലീത്താമാക്കും മററുള്ളവക്കും മാർപ്പാപ്പാ തന്റെ തീർത്ഥാടനമെഡലുകൾ സമ്മാനിച്ചു. വിശുദ്ധനാടിനെപ്പററി പാത്രിയക്കീസും മാർപ്പാപ്പായും തമ്മിൽ അല്പനേരം സംസാരിച്ചു. അനന്തരം അവർ ഒരുമിച്ച് കർത്തൃപ്രാർത്ഥന ചൊല്ലി. ചുററും നിന്നിരുന്നവർ നിറഞ്ഞകണ്ണുകളോടെ പ്രാർത്ഥനയിൽ സംബന്ധിച്ചു. പാത്രിയക്കീസിന്റെ കൈകളിൽ പിടിച്ചുകൊണ്ട് മാർപ്പാപ്പാ അല്പദൂരം നടന്ന് അദ്ദേഹത്തെ യാത്രയാക്കി. പാത്രിയക്കീസ് ഇപ്രകാരം പറഞ്ഞു "അതെ, ഇതുപോലെ കൈകൾ പിടിച്ചുകൊണ്ട് എന്നും നമുക്ക് ആയിരിക്കാം." ഹൃദയത്തിൽ നിന്നു വന്ന വാക്കുകളായിരുന്നു ഇവ.

യെറുശലമിലെ ഓർത്തഡോക്സ് പാത്രിയക്കീസായ ബനഡിക്റ്റോസ് തിരുമേനിയുടെ വസതിയിൽ വച്ചാണ് മാർപ്പാപ്പാ തിരുമേനിയുടെ പ്രതിസന്ദർശനം നടന്നത്. ബെത്‌ലഹേമിൽ നിന്നു വന്നിരുന്ന വലിയ ഒരു സംഘം പത്രപ്രതിനിധികളെ കാവൽക്കാർ തടഞ്ഞു വച്ചു. ഭാഗ്യവശാൽ, അഥനാഗോറസ് തിരുമേനിയുടെ ബന്ധത്തിൽപെട്ട ഒരു പെൺകുട്ടി ഒരു പിൻവാതിലിൽ കൂടി പത്രപ്രതിനിധികളെ അകത്തു പ്രവേശിപ്പിച്ചു. ഇവരെ കൂടാതെ ഇരുപതോളം ഫോട്ടോഗ്രാഫറന്മാരും ഹാളിൽ സ്ഥലം പിടിച്ചിരുന്നു. ഫാദർ ഡുപ്രെ വളരെ പരിശ്രമിച്ചു അവിടെ ക്രമം പാലിക്കുന്നതിന്, പക്ഷെ പ്രയോജനമുണ്ടായില്ല. മാർപ്പാപ്പായും പാത്രിയക്കീസും ഇരുന്നിരുന്ന മുറിയിലേക്കു പത്രപ്രതിനിധികൾ തള്ളിക്കയറി. അവിടെ നിൽക്കുന്നതിന് സഭാതലവന്മാർ അവരെ അനുവദിക്കുകയും ചെയ്തു.

മാർപ്പാപ്പായുടെ ഇടത്തു വശത്ത് അഥനാഗോറസ് തിരുമേനിയും അദ്ദേഹത്തിന്റെ ഇടത്തുവശത്ത് കാർഡിനൽ ററിസ്സുറാൻറ്, കാർഡിനൽ ടെസ്സാം എന്നിവരും നിന്നിരുന്നു. മാർപ്പാപ്പായുടെ വലത്തുവശത്ത് കാർഡിനൽ ചിക്കൊഞ്ഞാനിയും അമേരിക്കയിലെ ഓർത്തഡോക്സ് ബിഷപ് യാക്കോവോസും അവരുടെയെല്ലാം പിന്നിലായി മററു മെത്രാപ്പോലീത്താമാരും നിലകൊണ്ടു. അഥനാഗൊറസ് തിരുമേനി വികാരാധീനനായിരുന്നു എന്ന് അദ്ദേഹത്തിന്റെ മുഖഭാവം വ്യക്തമാക്കി. നേരത്തെ തയ്യാറാക്കിയിരുന്ന പ്രസംഗം മാർപ്പാപ്പാ തിരുമേനി വായിച്ചു. അതിന്റെ ഒരു കോപ്പി പാത്രിയക്കീസിനു കൊടുത്തു. ജോൺ മാർപ്പാപ്പായുടെ കിരീടധാരണ വേളയിൽ "അദ്ദേഹം ദൈവത്താൽ അയക്കപ്പെട്ട മനുഷ്യനാണ്" എന്ന് അഥനാഗോറസ് തിരുമേനി പറഞ്ഞിരുന്നതിനെ മാർപ്പാപ്പാതിരുമേനി അനുസ്മരിപ്പിച്ചു. ഐക്യത്തിന്റെ പാത സുഗമമാക്കുന്നതിനുള്ള എല്ലാ പ്രയത്നങ്ങളും മാർപ്പാപ്പാ വാഗ്ദാനം ചെയ്തു.

മാർപ്പാപ്പായ്ക്കു നൽകുന്നതിനായി പാത്രിയക്കീസ് തിരഞ്ഞെടുത്തിരുന്നത് ഓർത്തഡോക്സ് പാത്രിയാക്കീസന്മാർ ധരിക്കുന്ന 'എൻകോൾപിയോൺ' എന്ന സൗവർണ്ണ ചെയിനായിരുന്നു. രത്നഖചിതമായ ഒരു മെഡൽ—ദൈവമാതാവിന്റെ ചിത്രത്തോടുകൂടിയതു—ഇതിന്മേലുണ്ട്. സന്തോഷപൂർവ്വം മാർപ്പാപ്പാ ഇതു വാങ്ങിച്ചു തന്റെ കഴുത്തിൽ അണിഞ്ഞു. മാർപ്പാപ്പായുടെ കൂടെയുണ്ടായിരുന്നവക്കെല്ലാം സമുചിതമായ പാരിതോഷികങ്ങൾ പാത്രിയക്കീസ് നൽകി. അനന്തരം "നമുക്കു വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം വായിക്കാം" എന്നു മാർപ്പാപ്പാ ഫ്രഞ്ചുഭാഷയിൽ പറഞ്ഞു. ഒരു വശത്തു ലത്തീനും മറുവശത്തു

ഗ്രീക്കും അച്ചടിച്ചിരുന്ന പുതിയനിയമം മോൺ. വില്ലിബ്രാൻറ് തുറന്നു പിടിച്ചു. മാർപ്പാപ്പാ ഒരു വാക്യം ലത്തീനിലും അടുത്ത വാക്യം പാത്രിയക്കീസ് ഗ്രീക്കിലും എന്ന ക്രമത്തിൽ 17-ാം അദ്ധ്യായം അവർ വായിച്ചു. "ലോകം വിശ്വസിക്കേണ്ടതിന് അവരെല്ലാവരും ഒന്നാകുവാൻ........" എന്നുള്ള 21-ാം വാക്യം വായിച്ചതു മാർപ്പാപ്പായായിരുന്നു. ഇതു് എത്ര മാത്രം അദ്ദേഹത്തെ സ്പർശിച്ചു എന്നു് അദ്ദേഹത്തിൻെറ ശബ്ദത്തിൽ നിന്നു ഗ്രഹിക്കാമായിരുന്നു. വേദപാരായണത്തിനു ശേഷം എല്ലാവരും ഒരുമിച്ചു കർതൃപ്രാർത്ഥന ചൊല്ലി. മാർപ്പാപ്പാ ലത്തീനിലും പാത്രിയക്കീസ് ഗ്രീക്കിലുമാണു പ്രാർത്ഥന ചൊല്ലിയതു്. "എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു" എന്നുള്ള വാക്യം ലത്തീനിൽ ഉപയോഗിക്കാറില്ല. പാത്രിയക്കീസ് ഈ വാക്യം ഗ്രീക്കിൽ ചൊല്ലാതെ അവസാനിപ്പിക്കാൻ ഭാവിച്ചപ്പോൾ അതുകൂടി ചൊല്ലുന്നതിന് മാർപ്പാപ്പാ ആംഗ്യം കാണിക്കുകയും പാത്രിയക്കീസ് അപ്രകാരം ചെയ്യുകയും ചെയ്തു. കർതൃപ്രാർത്ഥനയുടെ അവസാനം ഗ്രീക്കുപതിവനുസരിച്ചു് മാർപ്പാപ്പായും കുരിശു വരച്ചു.

കൂടിക്കാഴ്ചയുടെ അവസാനത്തിൽ അവിടെ കൂടിയിരുന്നവരെ ആശീർവദിക്കുവാൻ മാർപ്പാപ്പാ പാത്രിയക്കീസിനോടു് ആവശ്യപ്പെട്ടു. മാർപ്പാപ്പാ വേണം ആശീർവദിക്കാൻ എന്നായി പാത്രിയക്കീസ്. "നമുക്കൊരുമിച്ചു് അനുഗ്രഹം നൽകാം" എന്നു മാർപ്പാപ്പാ പറഞ്ഞെങ്കിലും, ആശീർവാദ വാക്കുകൾ മാർപ്പാപ്പാ തന്നെയാണുച്ചരിച്ചതു്. സ്ലീബായുടെ ചിഹ്നം കൊണ്ടു് അനുഗ്രഹിക്കാനായി മാർപ്പാപ്പാ കൈ ഉയർത്തിയപ്പോൾ പാത്രിയക്കീസും തൻെറ കൈ ഉയർത്തി. ഇരുവരും ഒരുമിച്ചു് എല്ലാവരെയും അനുഗ്രഹിച്ചു. നൂററാണ്ടുകളായി ക്രിസ്തീയ കണ്ണുകൾ കാണാൻ കൊതിച്ചിരുന്ന ഒരു നിമിഷം! ഏദ്യമായ ആലിംഗനത്തിനുശേഷം മാർപ്പാപ്പയെ അനുയാത്ര ചെയ്തു പാത്രിയക്കീസ് കുറെ നേരം നടന്നു. മാർപ്പാപ്പാ പോയി കഴിഞ്ഞശേഷം അഥനാഗോറസ് തിരുമേനി പത്രപ്രതിനിധികളോടു സംസാരിച്ചു. മാർപ്പാപ്പായുമായുള്ള കൂടിക്കാഴ്ച തന്നെ ആഴമായി സ്പർശിച്ചു എന്നും, വലിയ കാര്യങ്ങളുടെ ആരംഭം കുറിച്ചു കഴിഞ്ഞു എന്നും, ഏക കർത്താവും, ഏക വിശ്വാസവും, ഏക ദൈവമാതാവും, പൊതുവായ വിശുദ്ധന്മാരും രക്തസാക്ഷികളുമുള്ളവരെ അകററി നിറുത്താൻ എങ്ങനെ കഴിയും എന്നും പാത്രിയക്കീസ് അവരോടു ചോദിച്ചു. "സ്വർഗ്ഗാരോഹണ" കുന്നിന്മേൽ സ്ഥിതിചെയ്യുന്ന പാത്രിയക്കീസിൻെറ വസതിയിൽ നിന്നുനോക്കിയാൽ അകലെയായി കെദ്രോൻ തോടും കാൽവറിക്കുന്നും കാണാം. അവിടേയ്ക്കു ദൃഷ്ടികൾ പായിച്ചുകൊണ്ടു് ചിന്താമഗ്നനായി നിൽക്കുന്ന അഥനാഗോറസിനെ—പൂർവ്വപിതാക്കന്മാരെ അനുസ്മരിപ്പിക്കുന്ന ആകാരത്തോടു കൂടിയ ആ പാത്രിയാക്കീസിനെ—ഇന്നും ഞാൻ എൻെറ മനസ്സിൽ കാണുന്നു.

---

## പൗരസ്ത്യറീത്തുകളെപ്പററി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ

"ഐക്യത്തെയും യോജിപ്പിനെയും കുറിച്ചുള്ള അമിതമായ താല്പര്യവും, പൗരസ്ത്യറീത്തുകളുടെ സ്വഭാവത്തെയും പ്രത്യേകതകളെയും കുറിച്ചുള്ള പരിജ്ഞാനക്കുറവുംമൂലം അതിവ്യഗ്രന്മാരായ ചിലർ പരിശുദ്ധങ്ങളായ പൗരസ്ത്യറീത്തുകളെ ദൂഷിപ്പിക്കുന്നതിനും അവയെ പിന്തുടരുന്ന ജനങ്ങളെക്കൊണ്ടു ലത്തീൻ രീതികൾ സ്വീകരിപ്പിക്കുന്നതിനും പരിശ്രമിച്ചിട്ടുണ്ടു്. എന്നാൽ ഈ പ്രവണതകളെ റോമാ മാർപ്പാപ്പാമാർ ശക്തിയായി നിരുത്സാഹപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്. പൗരസ്ത്യരെ അവരുടെ സ്വന്തം റീത്തുകളുടെ ഉപയോഗത്തിൽനിന്നു വ്യതിചലിപ്പിക്കുന്നതിനോ, അവരുടെ ആചാരങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തുന്നതിനോ ഉള്ള പരിശ്രമങ്ങൾ ഉണ്ടായപ്പോഴെല്ലാം മാർപ്പാപ്പാമാർ ഇവയെ എതിർക്കുകയും പൗരസ്ത്യറീത്തുകൾ അവയുടെ പൂർണ്ണതയിൽ സംരക്ഷിക്കപ്പെടണമെന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. വിവിധ ജനസമൂഹങ്ങളുടെ സംസ്കാരസവിശേഷതകളോടു ബന്ധപ്പെട്ട ആരാധനാരീതികൾ, സഭയുടെ പരിശുദ്ധമായ വിശ്വാസത്തിനും ആരാധനയ്ക്കും ഒരു ന്യൂനതയാവുകയില്ലെന്നു മാത്രമല്ല, ഐക്യത്തിൻെറ ഒരു ഭൂഷണമായി സ്ഥിതിചെയ്യുകയും ചെയ്യും". [Motu proprio SANCTA DEI ECCLESIA]

വത്തിക്കാൻ,
8—10—1963.

*No. 7153.*

**അഭിവന്ദ്യനായ ആർച്ച്ബിഷപ്പ് തിരുമേനീ,**

കഴിഞ്ഞ സെപ്റ്റംബർ 20-ാം തീയതി തിരുമേനി അയച്ച ഭക്തിപുരസ്സരമായ കത്തിനെപ്പററി പരിശുദ്ധ പിതാവിനെ അറിയിക്കുകയും അതിൽ നൽകിയിട്ടുള്ള ആശ്വാസജനകമായ വിവരങ്ങൾ തിരുമനസ്സിലെ സമക്ഷം സമർപ്പിക്കുകയും ചെയ്യുവാനുള്ള വിശിഷ്ടഭാഗ്യം എനിക്കുണ്ടായി.

തിരുവനന്തപുരം അതിരൂപതക്കും സീറോ-മലങ്കരസഭയ്ക്കും വേണ്ടി തിരുമേനി പ്രകടിപ്പിച്ചിട്ടുള്ള ഭക്തിപുരസ്സരമായ സൗഹാർദ്ദം പരിശുദ്ധ പിതാവ് പ്രത്യേകമായ അഭിനന്ദനത്തോടുകൂടി അംഗീകരിക്കുന്നു തിരുമേനിയുടെ അതിരൂപതയിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാനും, വൈദികവൃത്തിയെ ആശ്ലേഷിക്കുവാനും സന്നദ്ധരാകുന്നവരുടെ വർദ്ധമാനമായ സംഖ്യയിൽ അവിടുന്നു തിരുമേനിയോടൊപ്പം ആഹ്ലാദം കൊള്ളുന്നു.

ഉത്തമമായ ദൈവിക പ്രസാദവരങ്ങളും സമൃദ്ധമായ അനുഗ്രഹങ്ങളും നേന്നുകൊണ്ടു പരിശുദ്ധ പിതാവ്, സവിശേഷമായ സൗമനസ്യത്തിന്റെയും പ്രോത്സാഹനത്തിന്റെയും അടയാളമെന്ന നിലയിൽ-സ്നേഹപൂർവ്വം തിരുമേനിക്കും, തിരുമേനിയുടെ അതിരൂപതയിലും സീറോ-മലങ്കരസഭയിലുമുള്ള എല്ലാ സന്യാസികൾക്കും സന്യാസിനികൾക്കും വിശ്വാസികൾക്കും അദ്ദേഹത്തിന്റെ പ്രത്യേകമായ പൈതൃകാശീർവാദം പ്രദാനം ചെയ്യുന്നു.

എന്റെ വ്യക്തിപരമായ സ്നേഹാദരങ്ങൾ അറിയിച്ചുകൊണ്ടു്.

ക്രിസ്തുവിൽ അവിടുത്തെ വിശ്വസ്തൻ,

(ഒപ്പ്)

**കർദ്ദിനാൾ ചിക്കൊഞ്ഞാനി,**

സ്റ്റേററ് സെക്രട്ടറി.

# മണിയറയിലേക്ക്

(ഒ. അയ്യനേത്ത്)



ലാവണ്യ മണിപ്പൂൺപേ,
വന്നാലുമഴകിൻെറ
തൂവൊളി തൂകിത്തൂകി
യെന്മണിയറയ്ക്കുള്ളിൽ;
നിന്തിരുവടിയെന്തേ,
നിലകൊൾവതു, മൃദു
ചെന്തളിരടിവച്ചു
മന്ദമിങ്ങണഞ്ഞാലും.
അങ്കണമടിച്ചേററം
വെടിപ്പായ് മരതക-
ക്കമ്പളം വിരിച്ചു ഞാൻ
കൊളുത്തി ദീപങ്ങളും.
അങ്ങിങ്ങു നിഴലുകൾ
കണ്ടേക്കാ, മൊന്നാകവേ
അങ്ങിങ്ങു വന്നാൽ മായും
പ്രഭതാനല്ലോ ഭവാൻ!
പൂവിതറിയതാണ-
പ്പാത, പൊന്നലുക്കുകൾ
താവിടും പച്ചക്കുട
പിടിപ്പൂ തരുകുലം.
ചന്ദനക്കാവൊന്നാകെ-
യിളക്കിവരുന്നുണ്ട-
മ്മന്ദമാരുതൻ നവ്യം
മണവും വീശിവീശി.
കാററാടിമരങ്ങൾ നി-
ന്നാഗമോത്സവത്തിൻെറ
കാഹളം മുഴക്കുന്നു-
ണ്ടുൾക്കുളക്കുളിരേറി.
പൊൽക്കവാടവുമിതാ
തുറന്നേൻ, ചെന്താരിളം
പൂങ്കഴൽ മെല്ലെവച്ചു
വന്നാലും വിഭോ, വേഗം.
മഞ്ജുളരത്നങ്ങളാൽ
പടുത്ത സിംഹാസനം
മംഗളാകാര മണി-
യറയിലൊരുക്കി ഞാൻ
തൊഴുകൈപ്പൂമൊട്ടാകും
തിരുമുൽക്കാഴ്ചയേന്തി
തരളഹൃദയനായ്
നില്ക്കുന്നേൻ പ്രതീക്ഷയിൽ.
തരുണാരുണ കാന്തി
തിരളും തിരുവടി
തരണമെനിക്കൊരു
മംഗലവരമലർ.
ശ്രീലകോമളമാകു-
മെന്മണിയറയ്ക്കുള്ളിൽ
ശ്രീമയ! ഭവാനെഴു-
ന്നൊള്ളുവാൻ കനിയണം!
ലാവണ്യ മണിപ്പൂൺപേ,
വന്നാലു, മഴകിൻെറ
തൂവൊളി തൂകിത്തൂകി-
യെന്മണിയറയ്ക്കുള്ളിൽ;
നിന്തിരുവടിയെന്തേ,
നിലകൊൾവതു, മൃദു
ചെന്തളിരടിവച്ചു
മന്ദമിങ്ങണഞ്ഞാലും!

# വത്തിക്കാൻ കൌൺസിൽ

[തുടർച്ച]

(സി. പി. മാത്യു എം. എ.)

ഈ പ്രാവശ്യത്തെ സമ്മേളനത്തിൽ പ്രത്യേക ആലോചനയ്ക്കു വിഷയമായതു് വേറെ രണ്ടു നക്കൽ ഡിക്രികളാണു്. സഭയെപ്പററിയുള്ളതു് ഒന്നു്, എക്യുമെനിസ്സത്തെപ്പററിയുള്ളതു് മറേറതു്, ഇവ രണ്ടിൻെറയും അവസാനമായ തീരുമാനം അടുത്ത സമ്മേളനത്തിലേ ഉണ്ടാകയുള്ളൂ. രണ്ടും സുപ്രധാനമായ വിഷയങ്ങളാണെന്നു് തെളിവാണല്ലൊ. ഒന്നാമത്തേതിനെപ്പററി ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നതാണു്. ബിഷോപ്പന്മാരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംബന്ധിച്ചുള്ള പ്രസംഗങ്ങൾ അതിൽ പിന്നെയും പലതു് നടന്നു. മാർപ്പാപ്പായുടെ പരമാധികാരത്തെ ആരും ചോദ്യം ചെയ്യുന്നില്ല. എന്നാൽ അതിനു് വിധേയമായി ബിഷോപ്പന്മാർക്കുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്വവും വളരെ വിപുലീകരിക്കണമെന്നു് പലരും വാദിച്ചു. ബിഷോപ്പന്മാരുടെ അധികാരവും സ്ഥാനവും ദൈവത്തിൽനിന്നു് ലഭിക്കുന്നവയാണു്, മാർപ്പാപ്പാ നല്കുന്നവയല്ല എന്നു് അവരിൽ പലർ ചൂണ്ടിക്കാണിച്ചു. ലോകമെങ്ങുമുള്ള കത്തോലിക്കാ സഭാദ്ധ്യക്ഷന്മാർ എല്ലാം കൂടെ ചേർന്ന ഒരു "കോളേജ്" ആണുള്ളതെന്നും, അതിലാണു് പരമാധികാരവും അവസാനമായ ഉത്തരവാദിത്വവും സ്ഥിതിചെയ്യുന്നതെന്നും, അതിൻെറ ശിരസ്സാണു് മാർപ്പാപ്പായെന്നുമാണു് അവരുടെ അഭിമതം. "കോളേജ്" എന്നു പറഞ്ഞാൽ സുസംഘടിതമായ ഒരു സഹോദരസംഘം എന്നർത്ഥമാക്കാം. അതേസമയം തന്നെ യാഥാസ്ഥിതികരായ മററു ചിലർ ഊന്നിപ്പറഞ്ഞതു് മാർപ്പാപ്പായുടെ പരമാധികാരം ബിഷോപ്പന്മാരുടെ സംഘത്തിൽനിന്നു് അവിടത്തേക്കു് ലഭിക്കുന്നതല്ല. പത്രോസിൻെറ പിൻഗാമിയെന്നുള്ള നിലയിൽ ക്രിസ്തുവിൽനിന്നു് നേരിട്ടു ലഭിക്കുന്നതാണെന്നത്രേ. ഈ നിലപാടുകൾ രണ്ടും അന്യോന്യം പൊരുത്തപ്പെടാൻ നിവൃത്തിയില്ലാത്തതാണോ എന്ന പ്രശ്നം ഇവിടെ ഞാൻ സ്പർശിക്കുന്നില്ല.

റോമൻ "ക്യൂറിയാ" എന്ന സംഘമാണു് യഥാർത്ഥത്തിൽ കത്തോലിക്കാ സഭയുടെ ദൈനന്ദിന മേൽഭരണം നിർവ്വഹിച്ചു പോരുന്നതു്. അതിൻെറ അദ്ധ്യക്ഷൻ മാർപ്പാപ്പായാണു്. എന്നാൽ അതിലെ അംഗങ്ങളിൽ വലിയ ഭൂരിപക്ഷം, തൊണ്ണൂറു ശതമാനവും ഇററലിക്കാരാണു്. ഈ അവസ്ഥയോടു് അനേകം ബിഷോപ്പന്മാർക്കു് കഠിനമായ എതിർപ്പുണ്ടു്. ക്യൂറിയായുടെ ഭരണസമ്പ്രദായത്തോടുള്ള നീരസം അവർ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. ക്യൂറിയായിലെ അംഗങ്ങളെ നിയമിക്കുന്നതു് മാർപ്പാപ്പായാണെന്നും, അതിൻെറ അദ്ധ്യക്ഷനും അവിടന്നുതന്നെയാണെന്നും, അതിനാൽ അതിനെപ്പററിയുള്ള അവഹേളനം തികച്ചും അപലപനീയമാണെന്നും മറുപക്ഷത്തുനിന്നു് പറകയുണ്ടായി. എന്തായാലും ക്യൂറിയായുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച പരിഷ്ക്കാരമാവശ്യമാണെന്നു മാർപ്പാപ്പാ കൌൺസിൽ സമ്മേളനത്തിനു് മുമ്പുതന്നെ ഒരു പ്രസ്താവനയിൽ പറഞ്ഞതു് പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ലോകമെങ്ങുമുള്ള ബിഷോപ്പന്മാരിൽനിന്നു് ചിലരെ തിരഞ്ഞെടുത്തു് ഭരണകാര്യത്തിൽ മാർപ്പാപ്പായെ സഹായിക്കുന്നതിനു് അവരെ റോമായിൽ താമസിപ്പിച്ചു ചുമതലപ്പെടുത്തണമെന്നാണു് ക്യൂറിയായെ എതിർക്കുന്നവർ പറയുന്നതു്.

വി. കന്യകമറിയാമിനെപ്പററി തനിച്ചു് ഒരു നക്കൽ ഡിക്രി തയ്യാറാക്കിയിട്ടുണ്ടു്. എന്നാൽ അതിനാവശ്യമില്ല; സഭയെപ്പററിയുള്ള ഡിക്രിയിൽ അതുകൂടെ ഉൾപ്പെടുത്തിയാൽ മതി എന്നൊരു വാദം ശക്തിയായി പൊന്തിവന്നു. എതിർവാദവും ഉണ്ടായി. ഇതുവലിയ ഒരു വിവാദവിഷയം തന്നെയായി. ഇതിനു പിമ്പിലായി പ്രചരണവേലയും നടക്കാതെയിരുന്നില്ല. വോട്ടിംഗിനു തലേദിവസം ഇൻഡ്യയിൽനിന്നു വന്ന (കേരളത്തിൽനിന്നല്ല) ഒരു ബിഷോപ്പിനോടു ഞാൻ ചോദിച്ചപ്പോൾ പ്രത്യേകം ഡിക്രി

വേണമെന്നുള്ള അഭിപ്രായം വിജയിക്കുമെന്നു അദ്ദേഹം ഉറപ്പായി പറഞ്ഞു. പക്ഷേ വോട്ടിൻെറ ഫലം മറിച്ചായിരുന്നു. സഭയെപ്പററിയുള്ള ഡിക്രിയുടെ ഒരു ഭാഗമായി അതു ചേർത്താൽ മതി എന്ന പക്ഷത്തിനാണു ഭൂരിപക്ഷം കിട്ടിയതു്. വമ്പിച്ച ഭൂരിപക്ഷം എന്നു പറയാനില്ല ഈ മത്സരത്തിൻെറ പ്രാധാന്യം എന്താണെന്നു് വായനക്കാരിൽ ചിലർക്കു് മനസ്സിലാക്കാൻ പ്രയാസമായിരിക്കാം. സഭയിൽനിന്നു് അന്യമായി കന്യകമറിയാമിനു് സ്ഥാനമില്ലെന്നും സഭയ്ക്കുള്ളിലാണു് ആ ഭാഗ്യവതിയുടെ നിസ്തുലമായ സ്ഥാനമെന്നും ഉള്ളതു് പ്രസ്പഷ്ടമാക്കണമെന്നുള്ളവരാണു് സഭയെപ്പററിയുള്ള ഡിക്രിക്കു പുറമേ വേറൊരു ഡിക്രി വേണ്ടെന്നു് വാദിച്ചതും വിജയിച്ചതും. വാഴ്ത്തപ്പെട്ട കന്യകയെ ലേശവും അനാദരിക്കുന്നവർ ആരും തന്നെയില്ലയെന്നു തീർച്ചയാണു് എങ്കിലും കർത്താവിൻെറ അമ്മയെപ്പററി പറയുമ്പോൾ അവരിൽ ചിലർ ഉപയോഗിക്കുന്ന ഭാഷ ഉപയോഗിക്കുന്നതിനു മടിക്കും. കവിതാപരവും അലങ്കാരപരവുമായ ഭാഷയ്ക്കു് എത്രത്തോളം അർത്ഥം കൊടുക്കണമെന്നുള്ളതിനെപ്പററി് അഭിപ്രായവ്യത്യാസം ഉണ്ടു്. ഉദാഹരണമായി ഒരു പദപ്രയോഗത്തെപ്പററി പറയട്ടെ. വി. കന്യകയെ Co-redemptrix എന്നു് ചില കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ പറയാറുണ്ടു്. കർത്താവിനോടുകൂടെ ലോകത്തിൻെറ വീണ്ടെടുപ്പിൽ പങ്കുള്ളവൾ എന്നർത്ഥം. ഇതു കടുത്ത ഒരു പ്രയോഗമല്ലേ? എന്നാൽ ക്രിസ്തീയ മാതാപിതാക്കന്മാർ ഒക്കെയും തങ്ങളുടെ കുഞ്ഞുങ്ങളുടെ വീണ്ടെടുപ്പിലും രക്ഷയിലും ശുദ്ധീകരണത്തിലും ക്രിസ്തുവിനോടുകൂടെ പ്രവർത്തിക്കുന്നവരല്ലേ? ഉത്തമ പട്ടക്കാരെല്ലാം തങ്ങളുടെ കീഴിലുള്ള ജനങ്ങളുടെ രക്ഷയിലും വീണ്ടെടുപ്പിലും ക്രിസ്തുവിനോടുകൂടെ ഒരു പങ്കില്ലേ? ഒരു കത്തോലിക്കാ ബിഷോപ്പ് ഒരിക്കൽ തൻെറ മഹായിടവകയിലെ കുറെ വിദ്യാർത്ഥികളോടു പ്രസംഗിച്ചപ്പോൾ അവർ ഇന്നയിന്ന വിധമെല്ലാം വർത്തിക്കണമെന്നു് ഉൽബോധിപ്പിച്ചശേഷം, അവർ അങ്ങനെ ചെയ്യുന്ന പക്ഷം ലോകത്തിൻെറ വീണ്ടെടുപ്പിൽ അവർ ക്രിസ്തുവിൻെറ സഹപ്രവർത്തകരായിരിക്കുമെന്നു പറകയുണ്ടായിപോലും. എന്നാൽ ഈ വീണ്ടെടുപ്പിൻ വേലയിൽ കർത്താവിൻെറ മാതാവായ കന്യകയ്ക്കുള്ള നിസ്തുലമായ സ്ഥാനം ഒരു കത്തോലിക്കനും ചോദ്യം ചെയ്യുന്നില്ല. എങ്കിലും മേൽ പറഞ്ഞ പദം ഔദ്യോഗികമായി സഭ സ്വീകരിച്ചിട്ടില്ലതാനും.

ഇനിയും എക്യുമെനിസ്സത്തെപ്പററിയുള്ള ഡിക്രിയിലേക്കു കടക്കാം. ഇതിൽനിരീക്ഷകരായ ഞങ്ങൾക്കു പ്രത്യേക താല്പര്യം തോന്നി എന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ ഡിക്രിയും മറെറല്ലാ പ്രമാണങ്ങളേയും പോലെ ലത്തീൻ ഭാഷയിലാണു് രചിച്ചിട്ടുള്ളതു്. ഇതിൻെറയെങ്കിലും പൂർണ്ണമായ ഒരു ഇംഗ്ലീഷ് പരിഭാഷ കിട്ടിയാൽ വലിയ കാര്യമായിരിക്കുമെന്നു് ഇംഗ്ലീഷ്കാരനായ ഒരു ഫാദറിനോടു ഞാൻ പറഞ്ഞു അദ്ദേഹം അതു സാധിച്ചുതരണമെന്നു് ഞാൻ പറഞ്ഞില്ല. എങ്കിലും പിറെറ ദിവസം ഡിക്രിയുടെ ആദ്യഭാഗം പരിഭാഷപ്പെടുത്തി അദ്ദേഹം എൻെറ പേർക്കു് അയച്ചുതന്നു. പിന്നീടു അതു പൂർത്തിയാക്കയും, യൂണിററി സെക്രട്ടറിയേററിൽനിന്നും അതു ടൈപ്പ് ചെയ്യിച്ചു് പ്രതികൾ എല്ലാ നിരീക്ഷകർക്കും വിതരണം ചെയ്കയുണ്ടായി. ഈ ഡിക്രിയിൽ അഞ്ചു അദ്ധ്യായങ്ങളാണുള്ളതു്. ഒന്നാമതു്, എക്യുമെനിസ്സത്തിൻെറ അടിസ്ഥാനപ്രമാണങ്ങൾ, രണ്ടാമതു് പ്രായോഗിക നിർദ്ദേശങ്ങൾ, മൂന്നാമതു് അന്യ ക്രിസ്തീയ വിഭാഗങ്ങൾ, a) പൌരസ്ത്യ സഭകൾ b) പ്രോട്ടസ്റ്റൻറു വകുപ്പുകൾ, നാലാമതു് യഹൂദമതസ്ഥരും മററുള്ള ക്രിസ്ത്വേതരരും, അഞ്ചാമതു് മതസ്വാതന്ത്ര്യം. ഇവയെപ്പററിയൊക്കെയും ഞങ്ങൾക്കു അഭിപ്രായം പറയാനുള്ള സന്ദർഭം ലഭിച്ചതു് യൂണിററി സെക്രട്ടറിയേററിൻെറ പ്രതിനിധികളും ഞങ്ങളും കൂടെ ചേർന്നു ആഴ്ചതോറും നടത്തിപ്പോന്ന യോഗങ്ങളിലായിരുന്നു. പൌരസ്ത്യ സഭകളെ മാത്രം സഭകളെന്നു വിളിക്കയും പ്രോട്ടസ്റ്റൻറുകാരെ Communities (സമുദായങ്ങൾ) എന്നു വിളിക്കയും ചെയ്യുന്നതു് നിവൃത്തിയുള്ള പക്ഷം ഒഴിവാക്കണമെന്നു പലർഅഭിപ്രായപ്പെട്ടു. കമ്മ്യൂണിററി എന്നതിനു പകരം "കമ്മ്യൂണിയൻ" ("ആംഗ്ലിക്കൻ കമ്മ്യൂണിയൻ" എന്നും മററും ഇംഗ്ലീഷിൽ സാധാരണയായി പറയാറുണ്ടല്ലൊ) എന്ന പദം ഉപയോഗിക്കണമെന്നു് കൌൺസിൽ സമ്മേളനത്തിൽ ചില ബിഷോപ്പന്മാർ പറഞ്ഞു. ഇന്നു് പ്രസംഗിച്ച ഒരു ബിഷോപ്പ് ആകട്ടെ, 'സഭകൾ' എന്ന പദം തന്നെ എ

ല്ലായിടത്തും പ്രയോഗിക്കുന്നതാണു് മര്യാദയായിട്ടുള്ളതെന്നു ശക്തിയായി പ്രസ്താവിച്ചു. എന്നാൽ ചില ക്രിസ്തീയ ഗ്രൂപ്പുകൾ തങ്ങളെപ്പററിത്തന്നെ 'സഭകൾ' എന്നു പറയാറില്ല. ക്വേക്കേഴ്സ് ആ ഇനത്തിൽ പെടുന്നവരാണു്. ആരെല്ലാം തങ്ങളുടെ കൂട്ടത്തെ സഭയെന്നു വിളിക്കുന്നുണ്ടോ അവയെ ഒക്കെ സഭകളെന്നു തന്നെ കത്തോലിക്കരും വിളിക്കണമെന്നാണു് പ്രസ്തുത ബിഷോപ്പ് സമർത്ഥിച്ചതു്. കത്തോലിക്കാ മതസിദ്ധാന്തം അനുവദിക്കുന്നപക്ഷം ഇങ്ങനെ ചെയ്യണമെന്നു ഞങ്ങളുടെ യോഗത്തിൽ ഈ ഡിക്രി ആലോചനയ്ക്കായി വന്ന ആദ്യ ദിവസം തന്നെ ഞാനും അഭിപ്രായപ്പെട്ടിരുന്നതാണു്. ഡിക്രിയുടെ അവസാന രൂപത്തിൽ എങ്ങനെയായിരിക്കുമെന്നു് അടുത്ത സമ്മേളനത്തിലെ അറിയത്തുള്ളു. വേറൊരു കാര്യത്തിൽ എനിക്കു കൂടുതൽ താല്പര്യം തോന്നി. ക്രിസ്ത്യൻ എക്യുമെനിസത്തെപ്പററി പ്രതിപാദിക്കുമ്പോൾ മീതെ പറഞ്ഞ നാലാം അദ്ധ്യായത്തിനു് അതായതു് യഹൂദന്മാരെപ്പററിയുള്ളതിനു് അതിൽ സ്ഥാനമില്ല എന്നു് പ്രസ്തുത യോഗത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചു. സ്നാനം മുഖാന്തരം ക്രിസ്തുവിനോടു സംയോജിക്കപ്പെട്ടിരിക്കുന്നവരുടെ ഐക്യത്തെ പൂർത്തീകരിക്കയും പ്രസ്പഷ്ടമാക്കയും എന്നുള്ളതാണു് ക്രിസ്ത്യൻ എക്യുമെനിസം. അതു ഡിക്രിയിൽ തന്നെ പറയുന്നുണ്ടുതാനും. ദൈവത്തിന്റെ രക്ഷയുടെ പ്ലാനിൽ യഹൂദന്മാർക്കുണ്ടായിരുന്ന പ്രത്യേക സ്ഥാനം ആരും ചോദ്യം ചെയ്യാവുന്നതല്ല. എങ്കിലും അവർ ക്രിസ്തുവിന്റെ നാമം ഏററു പറയാത്തവരും അവനെ നിഷേധിക്കുന്നവരുമാകയാൽ ക്രിസ്ത്യൻ എക്യുമെനിസത്തിന്റെ പരിധിയിൽ അവർ വരുന്നില്ല. വി. പൌലൂസ് പ്രത്യാശിച്ചതുപോലെ ഭാവിയിൽ ഒരു കാലത്തു് അവർ ക്രിസ്തു വിശ്വാസികളാകുമോ എന്നുള്ളതും ഇവിടെ പ്രസക്തമല്ല. നാലാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൾ ആദരണീയമാണു്. ക്രിസ്തുവിനെ കുരിശിച്ചതിനുള്ള ഉത്തരവാദിത്വം യഹൂദ ജാതി ഒന്നാകെ വഹിക്കണമെന്നു് ചിന്തിക്കുന്നതു് ന്യായരഹിതമാണെന്നും മററും അതിൽ പറയുന്നതിനെ യഹൂദ നേതാക്കൾ സ്വാഗതം ചെയ്തു കഴിഞ്ഞിരിക്കയാണു്. ഈ ഡിക്രിയിൽ ഈ അദ്ധ്യായം വരുന്നതു് അനുചിതമാണെന്നേ എനിക്കു് പറയാനുള്ളു. അഖിലലോകസഭാകൗൺസിലിൽനിന്നും വന്നിരുന്ന ഡോ: ലൂക്കാസ് ഇക്കാര്യത്തിൽ എന്നോടു വിയോജിച്ചു എന്നതും പ്രസ്താവ്യമാണു്. കൌൺസിലിൽ ചില ബിഷോപ്പന്മാർ ഇങ്ങനെയും ചിലർ അങ്ങനെയും വാദിക്കുന്നതായി കേട്ടു. അവസാന തീരുമാനം എന്തായിരിക്കുമോ? എന്തായാലും യഹൂദന്മാരോടു ന്യായമായും സ്നേഹപൂർവ്വമായും പെരുമാറേണ്ട ആവശ്യത്തെപ്പററി ആർക്കും തർക്കമില്ല. എന്നാൽ 'എക്യുമെനിസം' എന്നു പറയുന്നതു് അതിലും എത്രയോ കൂടുതൽ അഗാധമായ അർത്ഥം ഉൾക്കൊള്ളുന്നതാണു്. നിരീക്ഷകരിൽ ചിലർ മാത്രമല്ല, ബിഷോപ്പന്മാരിൽ ചിലർ തന്നെയും ഇതു് കാണാതെയിരിക്കുന്നതെന്താണെന്നു് എനിക്കു് ആശ്ചര്യം തോന്നി. എങ്കിലും ഇതു അതിഗൌരവമായ ഒരു പ്രശ്നമാണെന്നു വിചാരിക്കേണ്ടതില്ല. നാലും അഞ്ചും അദ്ധ്യായങ്ങളെപ്പററി എന്താണു് തീരുമാനിക്കുന്നതു് എന്നു് ഇന്നു തന്നെ അറിയണമെന്നു് ഒരു ബിഷോപ്പ് ആവശ്യപ്പെട്ടു. അധികാരസ്ഥാനങ്ങളിൽ നിന്നു് ഒരു മറുപടിയും ഉണ്ടായില്ല. ആദ്യത്തെ മൂന്നു് അദ്ധ്യായങ്ങളെപ്പററിയെ ഇതേവരെയും വിശദമായ നിരൂപണം നടന്നുള്ളു. ഇനിയും ആലോചനകൾക്കായി ഒരു ദിവസം മാത്രമേ ശേഷിക്കുന്നുള്ളുതാനും. മുസ്ലീം രാജ്യങ്ങളിൽ നിവസിക്കുന്ന ക്രിസ്ത്യാനികൾക്കു് വേറൊരു ഭയവും ഇതു സംബന്ധിച്ചു് ഉണ്ടെന്നു് തോന്നുന്നു. മുസ്ലീമിങ്ങളും യഹൂദന്മാരും തമ്മിൽ ബദ്ധവിരോധമാണല്ലോ. ഇസ്രയേൽ രാജ്യത്തെ തുടച്ചു മാററുമെന്നു പല മുസ്ലീം രാജ്യങ്ങളും ശപഥം ചെയ്തിരിക്കയാണു്. അപ്പോൾ ക്രിസ്ത്യാനികളും യഹൂദന്മാരും തമ്മിൽ അടുക്കുന്നതായി മുസ്ലീമിങ്ങൾക്കു തോന്നിയാൽ, ക്രിസ്ത്യാനികളോടും അവർക്കു് വിരോധം തോന്നുകയില്ലേ? ഒരു അന്താരാഷ്ട്രീയ പ്രശ്നമായിട്ടല്ല, കേവലം വേദശാസ്ത്രപരമായ ഒരു കാര്യമായിട്ടേ കൌൺസിൽ ഇതു വീക്ഷിക്കുന്നുള്ളു എന്നെല്ലാം പറഞ്ഞാലും മുസ്ലീങ്ങൾക്കു് അതു പൂർണ്ണമായി ബോദ്ധ്യമാകുമോ എന്തോ!

പൌരസ്ത്യ ഓർത്തഡോക്സു സഭയെപ്പററി വലിയ മതിപ്പും അവരുമായി ഐക്യപ്പെടുന്നതിനു് അതിയായ താല്പര്യവും കൌൺസിൽ പ്രദർശിപ്പിക്കുന്നുണ്ടു്. പ്രസ്തുത സഭയുടെ ആചാരാനുഷ്ഠാനങ്ങളുടെ ധന്യത,

ഉപദേശങ്ങളിൽ കത്തോലിക്കാ സഭയോടുള്ള സാമീപ്യം എന്നിങ്ങനെയുള്ള കാര്യങ്ങൾ അനേകം ബിഷോപ്പന്മാരും എടുത്തുപറകയുണ്ടായി. പല പൗരസ്ത്യ സഭകളിൽനിന്നും ചെറിയ കൂട്ടങ്ങൾ കത്തോലിക്കാസഭയിൽ ചേർന്നു് കഴിഞ്ഞിട്ടുമുണ്ടു്. അവർക്കു് പ്രത്യേക റീത്തുകളും മെത്രാന്മാരും പാത്രിയർക്കീസന്മാരും ഒക്കെയുണ്ടുതാനും. എങ്കിലും വേണ്ട പരിഗണന ഇന്നും അവർക്കു് ലഭിക്കുന്നില്ല എന്നു അവരിൽ ചിലർക്കു് വലിയ പരാതിയാണു്. അതു അവർ പരസ്യമായി കൌൺസിലിൽ പ്രസ്താവിക്കയും ചെയ്തു. അന്ത്യോക്യായുടെ Melchite പാത്രിയർക്കീസായ മാക്സിമോസും അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു ബിഷോപ്പും ആണു് ഇതേപ്പററി വളരെ ശക്തിയായി പ്രതിപാദിച്ചുപോരുന്നതു്. കോടിക്കണക്കായുള്ള ലത്തീൻ റീത്തുകാർ അവരെ വിഴുങ്ങിക്കളയുമെന്നു് അവർ ഭയപ്പെടുന്നതായി തോന്നിപ്പോകുന്നു. എല്ലാം "ലത്തീൻമയ"മാക്കാനുള്ള ഒരു ഗതിയാണു് അവർ കാണുന്നതു്. പാത്രിയർക്കീസന്മാർക്കു് കത്തോലിക്കാ സഭയിലുള്ള സ്ഥാനം തന്നെ പുരാതന കാലങ്ങളിലുണ്ടായിരുന്നതിൽ നിസ്സാരമായിത്തീർന്നിരിക്കുന്നു എന്നവർ പറയുന്നതു് ശരിയായിത്തോന്നുന്നു. കർദ്ദിനാളന്മാരുടെ സംഘത്തിലെ ഒരു ശെമ്മാശ്ശനുപോലും അതിനു വെളിയിലുള്ള ഒരു പാത്രിയർക്കീസിനേക്കാൾ വിലയും സ്ഥാനവുമുണ്ടെന്നത്രേ പറയുന്നതു്. (ഇപ്പോഴത്തെ കർദ്ദിനാളന്മാരെല്ലാം ബിഷോപ്പന്മാരാണു് എങ്കിലും അങ്ങിനെയായിരിക്കണമെന്നു് നിർബന്ധമില്ല) കൌൺസിലിൽ നടന്ന ഒരു ചെറിയ സംഭവം ഇത്തരുണത്തിൽ അർത്ഥവത്താണു്. ആരംഭത്തിൽ പാത്രിയർക്കീസന്മാർക്കുണ്ടായിരുന്ന ഇരിപ്പിടങ്ങൾ കർദ്ദിനാളന്മാരുടേതിനോടൊത്തും എന്നാൽ അത്ര തന്നെ പ്രാധാന്യമില്ലാത്തതുമായിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞു പാത്രിയർക്കീസന്മാരുടെ ഇരിപ്പിടങ്ങൾ അവിടെനിന്നും മാററി. കർദ്ദിനാളന്മാർക്കെതിരെ അവരെ തനിച്ചു് ഒരിടത്തു് ഇരുത്തുകയുണ്ടായി. ഇതു് പത്രങ്ങളിൽ വരികയും ചെയ്തു. കർദ്ദിനാളന്മാരായ രണ്ടു മൂന്നു പാത്രിയർക്കീസന്മാരുണ്ടെന്നു തോന്നുന്നു, അങ്ങനെയല്ലാത്ത ആറു പേരുണ്ടു്. പൗരസ്ത്യ റീത്തുകാരുടെ ഭയാശങ്കകൾ എന്തുതന്നെയായിരുന്നാലും, അവരുടെ വ്യക്തിത്വത്തെയും ധന്യമായ പാരമ്പര്യത്തെയും, ആചാരാനുഷ്ഠാന മാഹാത്മ്യത്തെയും ആദരിക്കയും പരിപുഷ്ടിപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണു് കത്തോലിക്കാ സഭയുടെ അംഗീകൃതമായ നയം. സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു അതിനു് വിപരീതമായി വല്ലതും സംഭവിക്കുന്നുണ്ടെങ്കിലേ ഉള്ളൂ എന്നതായിരിക്കാം പരമാർത്ഥം. ഒരു ദാഹരണം പറയട്ടെ. പൗരസ്ത്യ റീത്തുകളിലേക്കു് ചിലപ്പോൾ പട്ടക്കാരെ അവർക്കു ബിഷോപ്പന്മാർ ഇല്ലാത്ത വിദേശരാജ്യങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ആവശ്യത്തിനായി അവിടെവച്ചു തന്നെ സൃഷ്ടിക്കേണ്ടിവരും. അപ്പോൾ അവർക്കു പട്ടം കൊടുക്കുന്നതു് ലത്തീൻ റീത്തു ബിഷോപ്പന്മാരായിരിക്കും. അവരുടെ റീത്തനുസരിച്ചുള്ള പട്ടംകൊട ശുശ്രൂഷയത്രേ അവർ നടത്തുന്നതു്. ഇതു് ഒട്ടും ആശാസ്യമല്ല, പക്ഷെ എന്താണു് ചെയ്ക? ലത്തീൻ റീത്തുകാരായ ബിഷോപ്പന്മാർ പൗരസ്ത്യ റീത്തനുസരിച്ചുള്ള കർമ്മം നടത്തണമെന്നു് നിഷ്കർഷിക്കാൻ നിവൃത്തിയില്ലല്ലോ. അവരിൽ മിക്കവരെക്കൊണ്ടും അതു സാധ്യമേയല്ലതാനും. അതിനു അവർക്കു് അനുവാദവുമില്ലെന്നു തോന്നുന്നു.

P. S. കൌൺസിലിന്റെ ദ്വിതീയസമ്മേളനം അവസാനിച്ചയുടൻ ഈ വരികൾ ചേർക്കയാണു്. സമാപന ദിവസം മാർപ്പാപ്പാ സന്നിഹിതനായി ആദ്യത്തെ രണ്ടു ഡിക്രികളും സ്വീകരിച്ചു് പ്രഖ്യാപിക്കയുണ്ടായി. അതിന്റെ തലേദിവസം ട്രെൻറു് സൂന്നഹദോസിന്റെ നാലാം ശതവാർഷിക ശുശ്രൂഷയ്ക്കിടയിൽ സുപ്രധാനമായ വേറൊരു പ്രഖ്യാപനവും അവിടന്നു ചെയ്തു. പാപ്പായുടെ അനുമതിയോടുകൂടെ മാത്രം ബിഷോപ്പന്മാർക്കു് ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരുന്ന അനേകം സംഗതികൾ അവർക്കു് സ്വയമേവ നിർവ്വഹിക്കുന്നതിനു് അനുമതി നല്കിയിരിക്കുന്നു എന്നതാണു് ഈ പ്രഖ്യാപനത്തിന്റെ പ്രാധാന്യം.

താമസിയാതെ പലസ്തീൻനാടു സന്ദർശിക്കുന്നതിനു് മാർപ്പാപ്പാ തിരുമേനി തീരുമാനിച്ചിരിക്കുന്നതായും അവിടന്നു പ്രസ്താവിച്ചു. ഇതു് ഒരു പുതിയ വഴക്കം സൃഷ്ടിക്കുകയാണു്. അറബികളും യഹൂദന്മാരും തമ്മിലുള്ള ശത്രുത തെല്ലു ലഘൂകരിക്കുന്നതിനു് ഈ സന്ദർശനം ഉപകരിക്കുമെങ്കിൽ അതു് വലിയ ഒരു നേട്ടമായിരിക്കും. പക്ഷേ ഇങ്ങനെയുള്ള

# "ഇതു് എന്റെ ഓർമ്മക്കായി ചെയ്യുവിൻ"

## "ഓർമ്മ"യുടെ അത്ഥവ്യാപ്തി എത്രയെന്നു പരിശോധിക്കുക.

[ഫാദർ ഡി. സക്കറിയാ.]

വി. ലൂക്കോസ് 22, 19; 1 കോരിന്ത്യർ 11, 24.

**വി**ശുദ്ധ കുർബാനസമയത്തു് അപ്പവും വീഞ്ഞും കൂദാശചെയ്തു് കർത്താവിന്റെ തിരുശരീര രക്തങ്ങളായി മാററിയതിനു ശേഷം പുരോഹിതൻ ഇങ്ങനെ പ്രാത്ഥിക്കുന്നു.

"ഈ രഹസ്യത്തിൽ നിങ്ങൾ സംബന്ധിക്കുമ്പോഴൊക്കെയും എന്റെ മരണത്തെയും കബറടക്കത്തെയും ഉയിർത്തെഴുനേല്പിനെയും ഞാൻ വരുന്നതുവരെ നിങ്ങൾ ഓപ്പിൻ എന്നും അവിടുന്നു് അരുളിച്ചെയ്തു."

ഈ പ്രാത്ഥനക്കുശേഷം പുരോഹിതൻ ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളുവാൻ ഉപയോഗിക്കുന്ന സ്പൂൺ ഉയർത്തിക്കാണിക്കുന്നു. വിശുദ്ധ രഹസ്യങ്ങൾ സ്വീകരിച്ചു് കർത്താവിന്റെ മരണത്തിലും ഉയിർത്തെഴുനേല്പിലും നാം പങ്കുചേരണമെന്നും അതുവഴി അവിടുത്തെ രണ്ടാമത്തെ വരവിനായി പാത്തിരിക്കണമെന്നും വ്യക്തമാക്കുവാനായി. ഈ പ്രാത്ഥനയിലെ ആശയം വളരെ പുരാതനമാണു്. വിശുദ്ധ പൗലോസു് ശ്ലീഹാ കുർബാനയെപ്പററി നല്കുന്ന വിവരണത്തിൽ ഈ അനുസ്മരണയുടെ ആശയം മൂന്നു പ്രാവശ്യം ആവത്തിക്കുന്നുണ്ടു്. ശ്ലീഹായുടെ ഈ വിവരണമാകട്ടെ അദ്ദേഹത്തിന്റെ സ്വന്തമല്ല, പ്രത്യുത അന്നു നിലവിലിരുന്ന ആരാധന ക്രമത്തിൽ നിന്നുള്ള ഉദ്ധരണമാണു്, എന്നാണു് വേദപുസ്തക പണ്ഡിതന്മാർ മൂലകൃതിയുടെ ശൈലിയും മററും പരിശോധിച്ചു് അഭിപ്രായപ്പെടുന്നതു്. അതായതു് ക്രിസ്തീയസഭയുടെ ആരംഭവർഷങ്ങളിലെ ദിവ്യബലി അർപ്പണത്തിൽ തന്നെ—അന്നു് ദിവ്യബലി അർപ്പണത്തിനു് ഏററം ചുരുങ്ങിയ ക്രമമായിരുന്നുവല്ലോ ഉണ്ടായിരുന്നതു്— ഈ ആശയം മുന്തിനിന്നിരുന്നുവെന്നു തെളിയുന്നു.

ഈ അനുസ്മരണയുടെ ആശയം ആദിമസഭയിൽ വ്യക്തമായി നിഴലിച്ചു നിന്നിരുന്നുവെന്നതു് ഒട്ടും അത്ഭുതാവഹമല്ല. കത്താവിന്റെ ജീവിതത്തിനും മരണത്തിനും ദൃക്സാക്ഷികളായിരുന്നു, അന്നു് സഭയിൽ ഉണ്ടായിരുന്ന ഒരു നല്ലപങ്കു് ആളുകൾ. മററുള്ളവരാകട്ടെ കർത്താവിനെപ്പററിയുള്ള ഊഷ്മളമായ വിവരണം നേരിട്ടു ലഭിച്ചവരായിരുന്നു. തങ്ങൾക്കുവേണ്ടി മരണമടഞ്ഞ ക്രിസ്തുവിന്റെ ഓമ്മ അവരുടെയെല്ലാം മനസ്സിൽ വ്യക്തമായി പൊന്തിനിന്നിരുന്നു. ആ ഓമ്മ അവക്കു് ഓരോരുത്തർക്കും അനുഭവപ്പെട്ട വൈകാരികപ്രതികരണമെന്നതുപോലെ നമ്മുടെകർത്താവു് നല്കിയ ആജ്ഞയുടെ പാലനവുമായിരുന്നു, ഒടുവിലത്തെ അത്താഴ സമയത്തു് വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിനുശേഷം അവിടുന്നു് ശിഷ്യന്മാരോടു് ആജ്ഞാപിച്ചു, "ഇതു് എന്റെ ഓമ്മയ്ക്കായി ചെയ്യുവിൻ" എന്നു്, തന്റെ ഓമ്മയുടെ നിലനില്പിനുവേണ്ടി കത്താവു് തന്നെ ഒരു ആരാധനാകമ്മത്തിനു് ആരംഭമിട്ടു. ആ കമ്മം അവിടുത്തെ മരണത്തിന്റെ തന്നെ ആവത്തനമാണു്. ആ കമ്മം വഴിയായി അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ കത്താവു് തന്റെ വിശ്വാസികളുടെയിടയിൽ സന്നിഹിതനാകുന്നുവെന്ന പരമാത്ഥം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. അവിടുത്തെ ഓമ്മ കൊണ്ടാടുവാൻ ഏററം പററിയ ഒരു ഉപാധിയായി വിശുദ്ധ കുർബാനയെന്ന ബലിയെ ആദ്യക്രിസ്ത്യാനികൾ പരിഗണിച്ചു. അവരുടെ നല്ല പതിവു് സഭ

---

ഉദ്ദേശമെന്തെങ്കിലും അവിടത്തെ മനസ്സിലുണ്ടോ, അതോ ഒരു തീത്ഥയാത്രയായി മാത്രമാണോ അവിടന്നു ഇതിനെ കരുതുന്നതെന്നു ആക്കറിയാം. ഏതായാലും ഒരു പ്രസിദ്ധ പാശ്ചാത്യപത്രം പറഞ്ഞതുപോലെ പൌലോസ് പത്രോസിന്റെ സിംഹാസനത്തിൽ നിന്നിറങ്ങി യരുശലേമിലേക്കു് പോകുന്നതു് സുപ്രധാനമായ ഒരു സംഭവം തന്നെ! ഇതൊരു ഫലിതമായിട്ടുകൂടെ ഉദ്ദേശിച്ചു പറഞ്ഞതാണു് എന്നു തോന്നുന്നു.

[മലങ്കര സഭാതാരക]

യിൽ ഇന്നും ഭംഗമെന്യേ നിലനില്ക്കുകയും ചെയ്യുന്നു.

## ജീവനുള്ള ഓർമ്മ

കർത്താവിൻെറ മരണത്തിൻെറ ഓർമ്മ പ്രധാനമായിരിക്കുന്നതു് ക്രിസ്തുവിൻെറ കാലത്തു് ജീവിച്ചിരുന്നവർക്കു് മാത്രമല്ല, എല്ലാക്കാലത്തുമുള്ള എല്ലാമനുഷ്യർക്കുമാണു്. താൻ സ്നേഹിക്കുന്നവർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിൽപരം വലുതായ സ്നേഹം ഒരുവനു് പ്രകടിപ്പിക്കാനില്ലായെന്നു് ക്രിസ്തു തന്നെ പറഞ്ഞതാണു്; ആ പ്രസ്താവം അവിടുത്തെപ്പററിയുള്ള ഒരു പ്രവചനവുമായിരുന്നു. തങ്ങൾക്കുവേണ്ടി തന്നെത്തന്നെ ക്രിസ്തു പരമപിതാവിനു് ബലി അർപ്പിച്ചുവെന്നതായിരുന്നു അവിടുത്തെപ്പററിയുള്ള സ്മരണ സജീവമായി നിലനിത്തുവാൻ ആദിമ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ച കാരണം. എന്നാൽ അതേ കാരണം നമ്മിലും സംഗതമല്ലേ? നാം ക്രിസ്തുവിനെ നേരിട്ടു കണ്ടിട്ടില്ലായെന്നതുകൊണ്ടു് രക്ഷകനായ ക്രിസ്തുവിനോടു് നമുക്കുള്ള ബന്ധം ക്രിസ്തുവിൻെറ കാലത്തു് ജീവിച്ചിരുന്നവരുടേതിൽ നിന്നു് കുറഞ്ഞതരത്തിലുള്ളതാണോ?

നമുക്കു് ഉപകാരം ചെയ്യുതന്ന ഒരാളിനെ നാം സ്മരിക്കുവാൻ അയാളെ നേരിട്ടു കണ്ടിരിക്കണമെന്നില്ല. ഭാരതീയരെ സംബന്ധിച്ചിടത്തോളം, മഹാത്മാഗാന്ധിയുടെ ജീവിതവും മരണവും ചൂടുള്ള വികാരങ്ങൾ ഉണത്തിവിടുന്നു, കാരണം അദ്ദേഹം രാജ്യത്തിനാകമാനം വളരെ ഉപകാരം ചെയ്ത ഒരു വ്യക്തിയാണു്. പക്ഷേ നേരിട്ടു കണ്ടിട്ടുള്ളവർ മാത്രമല്ല അദ്ദേഹത്തെ സ്മരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു്. എന്നാൽ യേശു ക്രിസ്തു മനുഷ്യരായ നമുക്കോരോരുത്തക്കും ചെയ്ത നന്മയുമായി മററൊരു താരതമ്യമില്ല. അതു് ഏതൊരു മനുഷ്യവ്യക്തിയെ സംബന്ധിച്ചിടത്തോളവും ഏററം പ്രധാനമാണു്. ക്രിസ്തുവിൻെറ ജീവിതവും മരണവും നേരിട്ടു കണ്ടവർ എത്ര ഊഷ്മള വികാരങ്ങളോടെ ആ സംഭവങ്ങൾ സ്മരിച്ചുവോ അതേ അനുഭൂതിതന്നെ നമുക്കുമുണ്ടാകണം. അവർ ശാരീരിക നേത്രങ്ങൾ കണ്ടതു് നാം വിശ്വാസത്തിൻെറ വെളിച്ചംകൊണ്ടു് ദർശിക്കണം. വിശ്വാസമാകട്ടെ നമുക്കു് പറഞ്ഞുതരുന്നു, കാൽവരിയിലെ അതേ സംഭവം തന്നെ നമ്മുടെ മുമ്പിലും ആവത്തിക്കപ്പെടുന്നുവെന്നു്. പിന്നെ എങ്ങനെ ആദ്യക്രിസ്ത്യാനികളുടേതിൽ നിന്നു് വിഭിന്നമായ ഒരു വികാരാനുഭവം നമുക്കുണ്ടാകും?

വാസ്തവത്തിൽ, വിശുദ്ധ കർബാനയിൽ സംബന്ധിക്കുമ്പോൾ ഒരു ഭൂതകാലസംഭവം ഓക്കുന്നതിൻെറയല്ല, പ്രത്യുത നമ്മുടെ കൺമുമ്പിൽ ഒരു പ്രധാനകാര്യം കാണുന്നുവെന്ന അനുഭവമാണു് ഉണ്ടാകേണ്ടതു്. ഒടുവില ത്തെ അത്താഴത്തിൽ വിശുദ്ധ കർബാന സ്ഥാപിച്ചപ്പോൾ അതുപോലൊരു വികാരാനുഭവമാണല്ലോ ശ്ലീഹന്മാക്കു് ഉണ്ടായിരുന്നതു്. അതേസമയത്തു് വിശുദ്ധ കർബാന ഒരു അനുസ്മരണമാണുതാനും. കാരണം, ശ്ലീഹന്മാർ ക്രിസ്തുവിനെ കണ്ടതുപോലെ നാം ക്രിസ്തുവിനെ കാണുന്നില്ല. കാൽവരിയിലെ ബലി രക്തം ചിന്തിയുള്ള ബലിയായിരുന്നു; അൾത്താരയിലെ ബലിയോ രക്തം ചിന്താത്തതും. ഇതും വളരെ പ്രധാനമായ അന്തരമാണു്. കാരണം, കാൽവരിയിലെ ബലിയിൽ പാപത്തിനു് പരിഹാരം ചെയ്തു് ദൈവവും മനുഷ്യനും തമ്മിൽ രമ്യപ്പെടുത്തുന്ന പ്രവത്തനഭാവമാണു് കൂടുതൽ മുന്തി നിൽക്കുന്നതു്. പാപത്തിൻെറ പഴയ മനുഷ്യൻ മരിച്ചു് ദൈവകൃപയുടെ പുതിയമനുഷ്യൻ ഉയിത്തെഴുന്നേല്ക്കുന്നതാണു് കത്താവിൻെറ മരണത്തിലും ഉയിത്തെഴുന്നേല്പിലും നാം കാണുന്നതു്. എന്നാൽ അൾത്താരയിലെ ബലിയാകട്ടെ ക്രിസ്തു ഓരോ ക്രിസ്ത്യാനിയുമായി ഏററം ഗാഢമായി ഒന്നിക്കുന്ന ഭാവമാണു് പ്രധാനമായിട്ടുള്ളതു്. പാപവും പിശാചുമായി നിരന്തരം മല്ലിട്ടു് ക്രിസ്തുവിൽ ജീവിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടായ്മയാണു് ദിവ്യബലി നൽകുന്ന കാഴ്ചപ്പാടു്. കാൽവരിയിലെ ബലിയും അൾത്താരയിലെ ബലിയും ഒന്നുതന്നെയാണു്. എന്നാൽ അവയുടെ പ്രകടന ഭാവങ്ങൾ വ്യത്യസ്തമാണു്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, ദിവ്യംബലി ഒരു വത്തമാനാനുഭവമായിരിക്കുന്നതുപോലെ ഭൂതകാല സംഭവത്തിൻെറ ഓർമ്മയുമാണെന്നു പറയാം. അതായതു് ദിവ്യബലി ക്രിസ്തുവിൻെറ ജീവനുള്ള ഓർമ്മയാണു്.

## അനുസ്മരണവും പ്രതീക്ഷയും.

അപ്പംമുറിക്കൽ കർമ്മത്തിൽ—അങ്ങനെയാണു് ദിവ്യബലി ആദിമസഭയിൽ അറിയപ്പെട്ടിരുന്നതു്—പങ്കെടുത്തിരുന്ന ക്രിസ്ത്യാനികൾ അതിനെ വീക്ഷിച്ചിരുന്നതു് നമ്മുടെ കത്താവിൻെറ മരണത്തിൻെറ അനുസ്മരണം

മാത്രമായിട്ടായിരുന്നില്ല. വിശുദ്ധ പൗലോസ് ശ്ലീഹാ വി. കുർബാന സ്ഥാപനത്തിന്റെ വിവരണം നൽകിയതിനു ശേഷം പറയുന്നു—"നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്കയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാകുന്ന അവന്റെ വരവുവരെ ഓർമ്മിക്കുന്നു്". കർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ രണ്ടാമത്തെ വരവുവരെയുള്ള ആ കാലഘട്ടത്തിലാണു വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നതു്. അപ്പോഴാണ് കാൽവരിയിൽ ക്രിസ്തു പാപത്തിനും പിശാചിനുമെതിരായി നേടിയ വിജയം ഓരോ വിശ്വാസിയും സ്വന്തമാക്കുന്നതും പൂർണ്ണമാക്കുന്നതും. അതിനുള്ള മാർഗ്ഗം ദിവ്യബലിയുമാണ്. ദിവ്യബലി, അങ്ങനെ ഓരോ വിശ്വാസിയേയും ദൈവത്തോട് രമ്യപ്പെടുത്തുന്ന അതേ അവസരത്തിൽ തന്നെ മിശിഹായുടെ രണ്ടാമത്തെ വരവിന് ഒരുക്കുകയും ചെയ്യുന്നു. അതുകൊണ്ട് അതു് ഒരു അനുസ്മരണമെന്നപോലെ പ്രതീക്ഷയുമാണ്.

ആദ്യക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഈ പ്രതീക്ഷ വളരെ തീഷ്ണമായ ജീവിതഭാവവുമായിരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ മേല്പറഞ്ഞ വാക്യത്തിൽ നമ്മുടെ 'കർത്താവിന്റെ വരവുവരെ'യെന്നതിന് 'മാറാനൃതാ' എന്ന അറാമായ പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നതു്. ഗ്രീക്കിൽ ലേഖനം എഴുതിക്കൊണ്ടിരുന്ന ശ്ലീഹാ ഇങ്ങനെ ഇടക്കു ഹീബ്രു പ്രയോഗം ഉപയോഗിച്ചതു് അതു് അന്ന് നിലവിലിരുന്ന പൊതു പ്രയോഗമായിരുന്നതു് കൊണ്ടാണെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. മാറാനാത എന്നപ്രയോഗത്തിന് വെറും ആഖ്യാനപരമായ അർത്ഥത്തേക്കാൾ, 'ഞങ്ങളുടെ കർത്താവേ വരിക' എന്ന അർത്ഥമാണ് കൂടുതലായുള്ളതു്. അതായതു് അപ്പം മുറിക്കൽ കർമ്മത്തിൽ പങ്കെടുത്തിരുന്നവർ ഓർമ്മയുടെ എന്നപോലെ തീവ്രമായ പ്രതീക്ഷയുടെയും വികാരാനുഭവമുള്ളവരായിരുന്നു.

ആദ്യക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന ചിന്താഗതി പുലർത്തിയിരുന്നവരാണ്. കർത്താവ് വരികയും ലോകം അവസാനിക്കുകയും ചെയ്യുമെന്നുള്ള പ്രതീക്ഷയിൽ തെസ്‌ലോന്യാക്കാർ എല്ലാ ജോലിയിൽ നിന്നും മാറി നിന്നതായും പൗലോസ് ശ്ലീഹാ അതിന് അവരെ ശാസിച്ചതായും അവർക്കായി ശ്ലീഹായെഴുതിയ ലേഖനത്തിൽ നിന്ന് വ്യക്തമാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന് അവർ പുലർത്തിയിരുന്ന ധാരണ തെററായിരുന്നു. എങ്കിലും ക്രിസ്തുവിനോടു ചേരുവാനുള്ള ആഗ്രഹം എന്ന നിലയിൽ അതു് പ്രശംസാർഹമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ തന്നെ ക്രിസ്തുവിനോട് ചേരുവാൻ അത്യധികം ആഗ്രഹിച്ചിരുന്നതായി അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. അതേ മനോഭാവം എല്ലാ വിശുദ്ധന്മാരും പുലർത്തിയിരുന്നു. കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അനിശ്ചിതമാണെങ്കിലും ഓരോ വിശ്വാസിയും മരണംവഴി ക്രിസ്തുവിനോട് ഒന്നിക്കേണ്ടവനാകയാൽ അവനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അത്യാസന്നമാണെന്ന് ആത്മീയാർത്ഥത്തിൽ നമുക്ക് പറയുവാൻ സാധിക്കുന്നു. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിക്കും ക്രിസ്തുവിനോട് ഏററം ഗാഢതരമായ ഐക്യത്തിനു വേണ്ടിയുള്ള പ്രതീക്ഷയും ആഗ്രഹവും ഉണ്ടായിരിക്കണം.

## ദൈവം നമ്മെ ഓർക്കുന്നു.

വിശുദ്ധ കുർബാനയിൽ നമ്മുടെ കർത്താവിന്റെ മരണം ഓർക്കുകയും രണ്ടാമത്തെ വരവിനെ പ്രതീക്ഷിക്കുകയും ചെയ്യുന്ന നാം അതിന്റെ അനുഗ്രഹദായകത്വത്തെ വിസ്മരിക്കരുതു്. തങ്ങളുടെ ജീവിതകാലത്തു് ഉപകാരം ചെയ്ത പല മനുഷ്യരേയും അവരുടെ മരണശേഷം നാം ഓർക്കുന്നു. അതു് നാം അവർക്കു നൽകുന്ന ബഹുമാനം മാത്രമാണ്. അതിൽ നിന്ന് നമുക്കു പ്രയോജനമൊന്നും ലഭിക്കുന്നില്ല. അവരിൽ നമുക്ക് യാതൊരു പ്രതീക്ഷയുമില്ല. എന്നാൽ ദിവ്യബലിയിൽ നാം പ്രകടിപ്പിക്കുന്ന അനുസ്മരണയും പ്രതീക്ഷയും തികച്ചും വ്യത്യസ്തമാണ്, ദൈവവും മനുഷ്യനുമായ ക്രിസ്തുവിനെയാണു അതുവഴി നാം ഓർക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നതെന്നതുകൊണ്ട്. നമ്മുടെ ഓർമ്മയും പ്രതീക്ഷയും കൊണ്ട് യേശുക്രിസ്തു പുതുതായൊന്നും പ്രാപിക്കുന്നില്ല. ദൈവത്തിന് നമ്മുടെ സ്തുതിയും ബഹുമാനവും ആവശ്യമില്ല. നാം ദൈവത്തെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു്, നാം നൽകുന്ന സ്തുതിയുടെയും

ബഹുമാനത്തിന്റെയും അടിസ്ഥാനത്തിൽ ദൈവവുമായി ഉത്കൃഷ്ടബന്ധം പുലർത്തുന്നതിനാണ്. ദൈവത്തെ നാം ആരാധിക്കുന്നു. അതുവഴി സ്രഷ്ടാവും സൃഷ്ടിയുമെന്ന അടിസ്ഥാനത്തിൽ നാം ദൈവത്തോട്ട് അടുക്കുന്നു. നാം ബോധപൂർവ്വം, ദൈവവുമായുള്ള ബന്ധം അംഗീകരിച്ച് പരസ്പരൈക്യം സ്ഥാപിച്ചെങ്കിലേ ദൈവാനുഗ്രഹം നമ്മിലേക്ക് പ്രവഹിക്കുകയുള്ളുവെന്നതാണ് നമ്മെ ഓരോരുത്തരേയും രക്ഷിക്കുന്നതിൽ ദൈവം സ്വീകരിച്ചിരിക്കുന്ന പ്രവർത്തനക്രമം. അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തെ ഓർക്കുകയും അവിടുത്തെ പുനരാഗമനം പ്രതീക്ഷിക്കുകയും ചെയ്യുന്ന നാം ആ അടിസ്ഥാനത്തിൽ ക്രിസ്തുവിനോട്ട് ബന്ധപ്പെടുന്നു. മാമോദീസാവഴി നാം ക്രിസ്തുവുമായി പ്രാപിച്ച ഐക്യം വിശുദ്ധ കുർബാനവഴി കൂടുതൽ ശക്തിപ്പെടുത്തുന്നു; സ്വർഗ്ഗത്തിലെ ഉന്നതവും ഉത്തമവും ആയ ഐക്യത്തിനു് നമ്മെത്തന്നെ ഒരുക്കുകയും ചെയ്യുന്നു.

അനുസ്മരണയുടെയും പ്രതീക്ഷയുടെയുമായ ഈ ബലി നമ്മെ ക്രിസ്തുവിനോട്ട് കൂടുതൽ ഐക്യപ്പെടുത്തുന്നു. അതുവഴി ക്രിസ്തുവിൽനിന്ന് നാം അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദിവ്യബലിയിലൂടെ ദൈവം നമ്മെ ഓരോരുത്തരെയും ഓർക്കുന്നുവെന്ന് പറയുന്നത് തികച്ചും ശരിയാണ്. പഴയ നിയമത്തിൽ പലയിടത്തും പറയുന്നുണ്ട്, ദൈവം തന്റെ ജനത്തെ ഓർത്തുവെന്നും തന്റെ ജനത്തിന്റെ ദുരിതത്തെ നോക്കിക്കണ്ടുവെന്നും. അതുകൊണ്ട് പ്രവാചകന്മാർ ദൈവത്തിന്റെ സന്ദർശനത്തെപ്പററി പറയാറുണ്ടായിരുന്നു. എന്നാൽ അവയെല്ലാം ഇടവിട്ടുള്ളതായിരുന്നു. മനുഷ്യന്റെ ഭൗതികശ്രേയസ്സിനെ കൂടുതൽ ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമായിരുന്നു. എന്നാൽ തന്റെ ഏകപുത്രൻ മുഖാന്തിരം നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന സന്ദർശനം നിരന്തരമാണ്. ഓരോ മനുഷ്യനും സർവ്വപ്രധാനമായ ആത്മാവിന്റെ, നന്മയെ ലാക്കാക്കിയുള്ളതുമാണ്. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ ദൈവത്തിന്റെ അനുഗ്രഹദായകമായ സന്ദർശനത്തെയാണ് നാം അനുഭവിക്കുന്നത്. കാരണം, നമുക്കുവേണ്ടി മരിക്കുകയും, ദൈവവുമായി ഏററം അവഗാഢമായ ഐക്യത്തിൽ നമ്മെ ഉൾപ്പെടുത്തുവാൻ വീണ്ടും വരുവാനിരിക്കുകയും ചെയ്യുന്ന ക്രിസ്തുവുമായി നാം അവിടെ ബന്ധപ്പെടുന്നു. അനുസ്മരണയുടെയും പ്രതീക്ഷയുടെയും അടിസ്ഥാനത്തിൽ ക്രിസ്തുവുമായി നാം പ്രാപിക്കുന്ന ഈ ബന്ധമാണ്, ദൈവത്തിൽ നിന്നു് അനുഗ്രഹം പ്രാപിക്കുവാൻ നമുക്കുള്ള ഏക മാർഗ്ഗം.

'ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന ക്രിസ്തുവിന്റെ ആജ്ഞയുടെ പാലനത്തിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ സമാഹരണം നമുക്ക് ദർശിക്കുവാൻ സാധിക്കുന്നു. അതു് കർത്താവിന്റെ മരണത്തിന്റെ അനുസ്മരണയെന്നപോലെ രണ്ടാമത്തെ വരവിന്റെ പ്രതീക്ഷയുമാണ്. ഈ ദ്വിവിധ മനോഭാവം ഏററം ഉൽക്കടമായ വിധത്തിൽ ആദ്യക്രിസ്ത്യാനികൾ പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയെന്നതു് അവർക്ക് ഒരു അടിയന്തിരകാര്യവും സജീവ യാഥാർത്ഥ്യവുമായിരുന്നു. സഭയുടെ കല്പനയെന്ന ബാഹ്യനിർബ്ബന്ധത്തിന്റെ പേരിൽ ഞായറാഴ്ച മാത്രം വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന നമുക്ക് ആ ഒരു അനുഭൂതി ഉണ്ടാകുന്നില്ല. ആദ്യക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനോട്ട് എന്തുബന്ധമാണോ ഉണ്ടായിരുന്നതു്, അതുതന്നെ നമുക്കുമുണ്ടെന്നുള്ള ബോധ്യം വളർന്നു വരുന്നതോടെ മാത്രമേ ഈ ദുരവസ്ഥക്ക് മാററമുണ്ടാവൂ.

**For favours received**



**Inserted by**
C. G. Marykutty,
Chirakkadavil veed,
Mannarkulanji P. O.

# കവിത

## നല്ല സമര്യാക്കാരൻ

(എൻ. കെ. ജോൺ എം. എ.)

—അന്നനട—

പരാപരൻ പുരാ പരമതത്വങ്ങ-
ളരുളി ശിഷ്യരെയുണർത്തി നില്ക്കവേ
പരീക്ഷണത്തിനായ് നിയമകോവിദ-
നൊരു പരീശനും തിരുമുമ്പിലെത്തി.
ഗുരോ! വചിച്ചാലും പരഗതി നേടാ-
നുരുതരമൊരു നിയമശാസനം.
നിഗമപാരഗൻ മൊഴിഞ്ഞവനൊടു
നിയമമെന്തുതാനനുശാസിപ്പു ചൊൽ?
പരീശവീരനുമുരച്ചു സത്വരം
'പരം സ്നേഹിക്കണം ജഗത്പിതാവിനെ
തെളിഞ്ഞ ഹൃത്തൊടും തികഞ്ഞ കെല്പൊടും
നിറഞ്ഞു ചൈതന്യം തിളങ്ങിടും വിധം
പരം സ്നേഹിക്കണം അയല്ക്കാരൻ തന്നെ
യകമഴിഞ്ഞാരുംസ്വയംസ്നേഹിക്കും പോൽ'
സമുചിതമാകും പ്രതിവചസ്സുടൻ
സമാദരിച്ചീശൻ വദിച്ചവനൊടായ്
മൊഴിഞ്ഞപോലെ നീ കഴിഞ്ഞുകൂട്ടുക
കുഴങ്ങിടേണ്ടിനിപ്പരഗതി ഭദ്രം.

പരീശവര്യനും കരുതലോടിദം
തിരിച്ചുചോദിച്ചു കരുത്തെഴും ചോദ്യം.
അയല്ക്കാരനാരെന്നരുളണം ഭവാൻ
ധരിക്കുവാൻ തത്വമനുകരിക്കുവാൻ.
പരൻ പുമാൻ തന്നെക്കുരുക്കിലാക്കുവാൻ
കരുതിയാണവൻ കഥിച്ചതീ വിധം.
പരീശമുഖ്യന്റെ മനോകുഹരത്തിൽ
പതിയിരുന്നിടും തമോമയരൂപം
സമീക്ഷചെയ്തീശൻ കഥിക്കയായുടൻ
സമര്യക്കാരന്റെ കഥ സരസമായ്
സമരിയാപുരം പരമ്പരയായി-
പ്പുരപരിഹാസ വിരുതരായിട്ടും
പരന്തപരുടെ പരുഷവാക്ശര-
കിരണമാലിയാലെരിഞ്ഞിരുന്നപോൽ.
അയിത്തബാധയാലശുദ്ധമായൊരു
നിഷിദ്ധദേശമായ് ഗണിച്ചു ജൂതന്മാർ
യഹൂദവീരന്മാർ സഹോദരത്വമാം
പയഃപയോധിയെ മഥനം ചെയ്തീല.
സമര്യക്കാരതു മഥിച്ചു സ്നേഹമാം
സുധാംശമാസ്വദിച്ചതീവ തൃപ്തരായ്
മനുജദ്വേഷിയാം യഹൂദനാണല്ലീ
മനുഷ്യസ്നേഹിയെ നിഷിദ്ധനായ് കാ
യഹൂദനുൽകൃഷ്ട കുലപ്രതാപവാൻ [ണ്മൂ
നികൃഷ്ടവംശജൻ സമരിയാക്കാരൻ.
ഉയർന്നഗോത്രക്കാർ തലതിരിഞ്ഞതാ-
മുലകനീതിയെയുയർത്തിക്കാണിച്ചു.

ജെറുസലേംപുരം ലസിച്ചിരുന്നനു
നിറഞ്ഞഭാസ്സെഴും സുധാംശുപോലവേ
പുരവരമതിൽ വസിച്ചിരുന്നൊരു
നരനൊരുയാത്ര തിരിച്ചൊരു ദിനം
ജെറീക്കോ ദേശത്തെ പുരസ്കരിച്ചവൻ
ചരിച്ചു തന്മനോരഥത്തൊടൊപ്പമായ്
വിരിഞ്ഞുമോഹന പ്രതീക്ഷകൾ തിങ്ങി
തളിർത്തുമൊട്ടിട്ട മനോലതികയിൽ
കുളിർമ്മ ചേർന്നോട്ടു വിടർന്നു ലാസ്യമായ്.

ഉടനടിയതാ! കടന്നു വന്നങ്ങു
ഝടാ ഝടാരവം മുഴക്കി മുട്ടാളർ
കടുത്ത കാടത്തം പടർത്തിടും ക്രൂരർ
മിടുമിടുക്കന്മാർ കടുംകൈവിദ്യയിൽ
കവർന്നു തിന്നിടാൻ പടുക്കളാമവർ
കടന്നവനെയും പിടകൂടി ഹിംസ്രം.

അടിച്ചിടിച്ചങ്ങു തൊഴിച്ചു താഴെയി-
ട്ടടിമുടിയോളം മുറിപ്പെടുത്തി ഹാ!
ഉടയാടകളുടെയുരിഞ്ഞെടുത്തൊരു
ഞൊടിയിടകൊണ്ടു കടന്നു മിന്നൽ
പോൽ.

മരണഗോഷ്ഠികൾ തെരുതെരെക്കാട്ടി
ചരമവീർപ്പുകൾ വിടുകയാണവൻ
പുരോഹിതജനകൻ വരുകയായങ്ങു
കരളുരുകിപ്പോം കരാളമക്കാഴ്ച
സമീക്ഷിച്ചാകവേ നിമീലിതാക്ഷനാ
യരക്ഷണംപോലും മലച്ചു നിന്നില.
കടന്നുപോയഹോ! കട്ടംനിണം തന്നിൽ
കിടന്നിടുന്നോനിൽ കനിഞ്ഞിടാതുടൻ.

സമുന്നതലേവി കുലത്തിൽ മേവിടും
പുമാനൊരുത്തനാ വഴി കടക്കയായ്!
അടുത്തനേരത്തു പൊട്ടന്നനേ കണ്ടു
പിടഞ്ഞിടുന്നതാം നരനൊരുത്തനെ
ഹൃദയവീണയിൽ കരുണതൻ മൃദു-
കദനനാദമേ കലന്നീലല്പവും
യഹൂദവംശത്തിൽ പിറന്നിടുന്നവ-
നയിത്തമിക്കാഴ്ച, കടന്നവൻ വേഗം
കുളിക്കണമിനി പിണിയകററുവാൻ
കുളിച്ചുചോരയിൽ കിടപ്പുകണ്ടു പോയ്
അനുകമ്പാഭാവസ്ഫുരണമററവൻ
മനുഷ്യനേയല്ല മഹർഷിയാകിലും.

വരുകയായൊരു സമരിയാക്കാരൻ
കരുണമാരംഗം തരണംചെയ്തില.
വദനപങ്കജം മയങ്ങി മങ്ങിപ്പോയ്
രുധിരപങ്കത്തിലടിഞ്ഞോനെ കാൺകേ
അകക്കരുന്നലഞ്ഞുഴന്നു നിന്നഹോ!
കരുണാശീതള മനസ്കനാണവൻ.
അനുകമ്പാസ്രോതസ്സുടനെ ഹൃത്തട-
മലതല്ലിപ്പാഞ്ഞു പരനൊഴുകവേ
തിരുക്കരങ്ങളിലെടുത്തണച്ചതാ!
മരണവേദിയിൽ മയങ്ങിടുന്നോനെ
തഴുകിയോമനിച്ചുടുത്തു കാണ്മൊരു
സദനസത്രത്തിലണയ്ക്കയായ് ചെമ്മേ.
പരിതാപം പൂണ്ടു കിടന്നിടുന്നോനു
നിരന്തരം പരിചരണമാകവേ
തുടരുവാൻ—സ്നേഹസുധാകര കരം
വിടർത്തി വീശുവാൻ-തുടങ്ങിയാധന്യൻ.

സമരിയാക്കാരൻ ദയാർദ്രമാനസൻ
പരോപകാരൈകപരായണൻ മഹാൻ
അഴലാമാഴിയിലുഴന്നിടുന്നോർക്കു
പിഴയെഴാതെഴും നവീനനൗകയാം
സജീവകാരുണ്യപയോധിയാണവൻ
സമരിയാപുരമകുട മാണിക്യം
മററാനുഭാവനാ സദനനാഥനാം
മഹാശയനൊടായുരച്ചു മന്ദമായ്.
പരിചരിച്ചാലും പരോപകർത്താവേ,
പരുക്കുപെട്ടിദം പരുങ്ങിടുന്നോനെ
പരിഗ്രഹിച്ചാലുമിവനേകുന്നിതാ
ദനാരിനാണയമിരണ്ടു സാദരം.
മടങ്ങിടുംവരെ മുടങ്ങിടാതങ്ങു
കടാക്ഷിക്കേണമിക്ഷതാംഗനെ സ്വയം
തരുന്നതുണ്ടിതിൽ വരുന്നതാം വ്യയം
തിരിച്ചുവന്നു ഞാനശേഷവും തദാ.

ഉരച്ചിടാനാരെന്നയല്ക്കാരൻ, പരൻ,
പരീശൻ തന്നോടായെടുത്തു ചോദിക്കേ
പ്രശസ്തവേദജ്ഞ കുലാവതംസമാം
പരീശനും ചൊന്നാൻ പരൻപുമാനൊടാ
"കരുണ ദീനനിൽ പകന്നവനല്ലോ [യ്
ശരിയ്ക്കയല്ക്കാരനവരിലെൻ ഗുരോ"!
ഉണർന്നിതേ മട്ടിൽ ചരിച്ചുകൊള്ളുവാ-
നുണർത്തിയീശനും കൃതാർത്ഥത പൂണ്ടു.

# ആ തെരുവുതെണ്ടികൾ—

## അവരോടുള്ള നമ്മുടെ മനോഭാവമെന്തു്?

കെ. സി. ചാക്കോ, എം. എ; എം. എസ്സ്.

(പ്രിൻസിപ്പൽ, എൻജിനീയറിംഗ് കോളെജ്)

സമൃദ്ധിയുടെ രാജ്യമെന്നു് പ്രസിദ്ധിനേടിയിട്ടുള്ള അമേരിക്കയിലെ പല നഗരങ്ങളിലും ഇന്നും കാണാൻ കഴിയും കുറെ തെരുവുതെണ്ടികളെ. യാചകർ എന്ന പ്രത്യക്ഷ രൂപത്തിൽ അല്ലായിരിക്കാം. എങ്കിലും ഫലത്തിൽ വലിയ വ്യത്യാസമൊന്നുമില്ല പത്രങ്ങളോ, പെൻസിലുകളോ, തുടങ്ങിയ എന്തെങ്കിലും സാധനങ്ങൾ വില്ക്കുകയാണു് ഭിക്ഷാടനത്തിനു് അവർ കൊടുത്തിരിക്കുന്ന മൂടുപടം. ആൾത്തിരക്കുള്ള തെരുവുകളുടെ പാർശ്വങ്ങളിലുള്ള മാളികകളുടെ ഭിത്തികളോടു ചേർന്നു് ഈ വില്പനവസ്തുക്കളുമായി അവർ നില്ക്കും. പലപ്പോഴും ഇവ വാങ്ങാൻ അവർ ആരോടും അപേക്ഷിക്കുകപോലും ചെയ്യുകയില്ല. ഈ ചിത്രം കണ്ടു് പരിചയിച്ചിട്ടുള്ള പഥികർ, അവർക്കു് പത്രമോ പെൻസിലോ ഒന്നും വേണ്ടെങ്കിലും, എന്തെങ്കിലും ഒന്നു് ഈ കച്ചവടക്കാരോടു വാങ്ങി അവരെ സഹായിക്കും.

ഈ അന്തിക്കച്ചവടക്കാരെയാണു്, തെരുവുതെണ്ടികൾ എന്നു് ഞാൻ സൂചിപ്പിച്ചതു്. അവജ്ഞയോടെയല്ല. സാധാരണ നാം ഭാവിക്കുകയും പറയുകയും ചെയ്യുന്ന ഒരു രൂപത്തിൽ, അങ്ങനെ പറഞ്ഞുവെന്നേ ഉള്ളൂ. ഇന്നു് സാമാന്യം നല്ല നിലയിൽ കഴിയുന്ന ഒരു അമേരിക്കൻ വനിത ഈ കൂട്ടരെപ്പററി എഴുതിയിട്ടുള്ള ചില കാര്യങ്ങൾ ഓർമ്മയിൽ വരുന്നതു് ഒന്നു് കുറിച്ചിടുവാനും, പലരും ആലോചിക്കാത്ത ചില കാര്യങ്ങളെ അവരുടെ ശ്രദ്ധയിൽപ്പെടുത്തുവാനുമാണു് ഞാൻ ആഗ്രഹിക്കുന്നതു്.

റോഡുകൾ അങ്ങോട്ടും ഇങ്ങോട്ടും കുറുകെ കടക്കേണ്ട സ്ഥലങ്ങളിൽ ഗതാഗതം നിയന്ത്രിക്കുന്നതു് ചുവപ്പും പച്ചയുമായി മാറിമാറി വരുന്ന വിളക്കുകൾ തെളിയിച്ചാണല്ലോ. ചുവന്ന വിളക്കു കണ്ടാൽ കാറോടിക്കുന്നവർ മുമ്പിലുള്ള റോഡു് കുറുകെ കടക്കാതെ കാത്തുനില്ക്കണം. പിന്നീടു് പച്ചവെളിച്ചം കണ്ടാലേ കടന്നു പോകാവൂ. അങ്ങനെ ഒരിക്കൽ ആ വനിത ചുവന്ന വെളിച്ചത്തിനെതിരെ കാത്തു നില്ക്കുമ്പോൾ ഒരു വൃദ്ധൻ കാറിനടുത്തുചെന്നു്, അവരോടു പറഞ്ഞു.

'അമ്മേ, അത്യാവശ്യമല്ലാത്ത പത്തുപൈസ സഞ്ചിയിലെങ്ങാനും ഉണ്ടെങ്കിൽ......' അവർക്കു് കാര്യം കനസ്സിലായി. സഞ്ചിയിൽ നിന്നും കയ്യിൽ കിട്ടിയ രണ്ടോ മൂന്നോ തുട്ടുകൾ, ഉണങ്ങി ശുഷ്കിച്ച ആ വൃദ്ധന്റെ കൈകളിലേക്കു് ഇട്ടുകൊടുത്തു. കൈകളേക്കാൾ ശുഷ്കിച്ച ആ മുഖത്തെ അഗാധമായ രണ്ടു കുഴികളിൽ, അതുവരെ നിഷ്പ്രഭമായി ശോകമൂകമായി കിടന്ന രണ്ടു് കണ്ണുകൾ, കൃതജ്ഞതാനിർഭരമായ കണ്ണുനീരുകൾ കൊണ്ടു് തെളിഞ്ഞു് ഉരുളുന്നതു് ആ സ്ത്രീ കണ്ടു. പച്ചവെളിച്ചത്തിൽ സ്വാതന്ത്ര്യം കിട്ടിയ അവർ കാറുവിട്ടുപോയി. വൃദ്ധൻ കിട്ടിയ ദമ്പിടികളുമായി അടുത്ത മദ്യശാലയിലേക്കും കടന്നു പോയിരിക്കാം.

ആ കണ്ണുകളുടെ തിളക്കം അവരെ പിന്തുടർന്നു. കുറെ മുന്നോട്ടു നീങ്ങിയപ്പോൾ, വഴിയരുകിൽ കുറെ പെൻസിലുകളുമായി കാത്തിരിക്കുന്ന ഒരു വൃദ്ധസ്ത്രീയെ അവർ കണ്ടു. മഞ്ഞുപിടിച്ചതുപോലെ വിറത്ത രണ്ടു കാലുകളുടെ മുകളിൽ, ജീർണ്ണിച്ചു് നശിക്കാറായ ഒരു ഉടലും, ഇനിയും ജീവിക്കാൻ വ്യഗ്രത കാട്ടുന്ന ഒരു മുഖഭാവവും ആ സ്ത്രീയിൽ അവർ കണ്ടു. കാറുനിർത്തി അവരോടു് രണ്ടുമൂന്നു പെൻസിലുകൾ വാങ്ങാൻ തന്നെ അവർ തീരുമാനിച്ചു. അതിനിടയിൽ വേറൊരു സ്ത്രീ ഈ തെണ്ടിക്കച്ചവടത്തിനു് അവിടെയെത്തി. തികഞ്ഞ ഒരു വായാടിയായിരുന്നു ഈ സ്ത്രീ. അവർ ആ വൃദ്ധയുടെ മുതുകിൽ ഒന്നു തലോടിക്കൊണ്ടു പറഞ്ഞു. "അമ്മേ, ഈ പെൻസിലുകളുടെ നിറം ഒന്നു വേറെയാണു്. ഈ തെരുവിലെ ഒരു കടയിലും ഇത്ര വർണ്ണപ്പകിട്ടുള്ള പെൻസിൽ ഒന്നും കിട്ടാനില്ല. എന്റെ കൊച്ചു മക്കൾക്കു് ഇതല്ലാതെ വേറെ ഒന്നും ഇഷ്ടമില്ല. എത്ര നല്ല നിറം". ആ വൃ

ദ്ധയുടെ കണ്ണുകൾ നനഞ്ഞു. സന്തോഷാശ്രുക്കൾ ആ ''അനതിമയുഖ''ത്തെ പ്രശോഭിപ്പിച്ചു.

കാറുകാരി, പെൻസിലുകൾ വാങ്ങി യാത്ര തുടന്നു.

നനഞ്ഞുവിളങ്ങുന്ന നാലു കണ്ണുകൾ അവരെ പിന്തുടന്നു. ഇതുപോലുള്ള അനേകം തെരുവുതെണ്ടികളുടെ കഴിഞ്ഞ കണ്ണുകളും ഇടക്കിടെ വെട്ടിത്തിളങ്ങുന്ന നനഞ്ഞ കണ്ണുകളും അവരെ അവരുടെ ഭൂതകാലങ്ങളെ അനുസ്മരിപ്പിച്ചു.

പതിനാറു പതിനേഴ വയസ്സുള്ളപ്പോൾ, അനാഥയായിത്തീന്ന ഒരു ദരിദ്ര ബാലികയായിരുന്ന അവർ. അതിനിശിതമായ തണുപ്പേറിയ മഞ്ഞുകാലത്തുപോലും, ഒരു ഓവർകോട്ടുവാങ്ങി ധരിക്കാൻ കഴിയാതിരുന്ന ആ പെൺകുട്ടി, ഘനം കുറഞ്ഞ ഉടുപ്പുധരിച്ചാണ് ജോലിക്കുപോയിരുന്നതു്. തണുത്തുവിറച്ചു് വഴിയരുകിൽ കാത്തുനിന്നു് ബസ്സുകയറി ജോലിസ്ഥലത്തുപോയിരുന്ന ആ പെൺകുട്ടിയുടെ അടുത്ത സീററിൽ പതിവായി ഇരുന്ന മറെറാരു യാത്രക്കാരൻ, കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ആ പെൺകുട്ടിയോടു്, എന്താണു് ഇത്ര ഘനം കുറഞ്ഞ വസ്ത്രങ്ങൾ ധരിച്ചു് ഈ തണുപ്പുകാലത്തു് യാത്ര ചെയ്യുന്നതു് എന്നു ചോദിച്ചു' ''ഓ! തണുപ്പു് സാരമില്ല.'' എന്നു് അവൾ മറുപടി പറഞ്ഞു. അടുത്ത ദിവസം ആ അപരിചിതൻ, വളരെ വിലയേറിയ നല്ല ഒരു ഓവർകോട്ടും പൊതിഞ്ഞു കെട്ടിക്കൊണ്ടാണു് വണ്ടിയിൽ കയറിയതു്. അടുത്തിരുന്ന പെൺകുട്ടിയോടു് അയാൾ പറഞ്ഞു. ഇതു് ഒരു ചെറിയ ഓവർകോട്ടാണു്. ഇതു ധരിക്കാൻ പ്രായമുള്ള കുട്ടികളാരും വീട്ടിലില്ല. അതുകൊണ്ടു് ഇതും എടുത്തുകൊണ്ടാണു് ഞാൻ ഇറങ്ങിയതു്. കൂടുതൽ ഒന്നും പറഞ്ഞില്ല. 'അതു് എനിക്കു് തന്നിരുന്നെങ്കിൽ' ആ പെൺകുട്ടി ആശിച്ചു. അങ്ങനെ ഒന്നു അപേക്ഷിക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല. ബസ്സിൽ നിന്നും ഇറങ്ങുമ്പോൾ അല്പം ഒന്നു മടിച്ചും, അയാൾ അവളോടു് ചോദിച്ചു. ''ഈ കോട്ടു്, ഞാൻ എന്താണു ചെയ്യേണ്ടതു്. നിങ്ങൾക്കു് ഞാൻ ഇതു് സമ്മാനിക്കട്ടെയോ. നിങ്ങൾ കഠിനമായ തണുപ്പു മൂലം വിഷമിക്കുന്നതു് ഞാൻ മനസ്സിലാക്കുന്നു. ഈ കോട്ടു് വെറുതെ വീട്ടിൽ ഇരിക്കുകയും ചെയ്യുന്നു. ......ആ അനാഥ ബാലികക്കും കണ്ണുകൾ നനഞ്ഞു തിളങ്ങി. അവൾ അന്നുമുതൽ ആ കോട്ടിൻെറ അവകാശിയായി.

അനേക വർഷങ്ങൾ കഴിഞ്ഞുമാത്രമാണു് അവൾ അറിയുന്നതു് ആ അപരിചിതൻ, അടുത്ത ഒരു പട്ടണത്തിലെ ഒരു വലിയ വ്യാപാരിയായിരുന്നുവെന്നു്. ആ കോട്ടു സമ്മാനിച്ചതിനു ശേഷം അയാൾ അവളെ കാണാൻ പോലും ഇടം കൊടുത്തിരുന്നില്ല.

അവൾ ഓർമ്മിക്കുകയാണു്. തണുത്തുവിറച്ചു് മരവിച്ചു് കഷ്ടപ്പെട്ടു യാത്രചെയ്തിരുന്ന ഞാൻ, സമൃദ്ധമായിരുന്ന ആ വസ്ത്രവ്യാപാരിയുടെ അവസ്ഥ......ഇതു തന്നെയല്ലെ ഇന്നു ലോകത്തിൽ കാണുന്ന വിരുദ്ധ ചിത്രങ്ങൾ. തെരുവിലെ ആ പെൻസിൽ കച്ചവടക്കാരിയും, കാറോടിച്ചു പോകുന്ന ഞാനും എനിക്കു കോട്ടുവേണമെന്നു ചോദിക്കാൻ എൻെറ മിഥ്യാഭിമാനം എന്നെ സമ്മതിച്ചില്ല. ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുകയാണു്. ഭിക്ഷതേടുകയല്ലാതെ മററു ജീവിതമാർഗ്ഗം എനിക്കില്ല എന്നു പറയാൻ ആ പെൻസിൽകാരി തയാറാകുന്നില്ല.

'തള്ളേ, എൻെറ കുഞ്ഞുങ്ങൾ നിങ്ങളുടെ പെൻസിലിൻെറ നിറം വളരെ ഇഷ്ടപ്പെട്ടു' എന്നു പറഞ്ഞ മറേറ ആ സ്ത്രീയുടെ വാക്കുകൾ ആ ''തെണ്ടിയെ'' എത്രമാത്രം ആനന്ദിപ്പിച്ചിരിക്കും. ആശ്വസിപ്പിച്ചിരിക്കും.

പലപ്പോഴും നാം പിച്ചക്കാരെ കാണുന്നതു്, അവരോടു് പെരുമാറുന്നതു് എത്ര ധാഷ്ട്യത്തോടെയാണു്. അവക്കു് 'ധർമ്മം' കൊടുക്കുന്നതു് എത്ര വലിയ ഒരു പൊണ്ണക്കാര്യമായി നാം തന്നെ കരുതുന്നുണ്ടായിരിക്കാം.

' ഭിക്ഷയ്ക്കു നടക്കുന്നു—നിനക്കൊക്കെ വല്ല ജോലിയും നോക്കിക്കൂടെ'' എന്നായിരിക്കാം ഒരു ദിവസത്തെ ശാസന!

''ഛും. ഇന്നലെ, അല്ലെങ്കിൽ കഴിഞ്ഞ ചൊവ്വാഴ്ച അല്ലേ ഇയാൾ വന്നതു'. എന്നും എന്നും ഇങ്ങനെ വന്നാലോ—ഇനി അടുത്ത ശനിയാഴ്ചക്കു മുമ്പു് കണ്ടുപോകരുതു്—'' മറെറാരിടത്തെ ആജ്ഞ. ''കള്ളപ്പരിഷകൾ—വീട്ടിലും മുററത്തും നിന്നും കണ്ടതെല്ലാം കട്ടുകൊണ്ടു പോകുന്ന പരിഷകൾ—ഇനി ഈ മുററത്തു കയറരുതു്. പുറത്തു നിന്നാൽ മതി—എന്തെങ്കിലും അവിടെ കൊണ്ടുവന്നു തരാം......'' ഇനിഒരിടത്തെ നിർദ്ദേശം.

'ഇതുങ്ങളുടെ ശല്യം തീരുകയുമില്ല—പോ

# "വി. കുർബ്ബാനയും പുതിയ മനുഷ്യനും"

## ദിവ്യകാരുണ്യകോൺഗ്രസ് പരിപാടികളിലേക്കു് ഒരെത്തിനോട്ടം

(ഫാ. സഖറിയാസ് കിളിലേത്തു്)

**ബോം**ബേ കർദ്ദിനാൾ തിരുമനസ്സിലെ അരമന വളപ്പിൽ കിഴക്കു മാറി കോൺവെൻറു റോഡിനെ അഭിമുഖീകരിച്ചു് പുതിയ ഒരു നാലുനിലക്കെട്ടിടം ഉയർന്നു നില്ക്കുന്നതു് ഇന്നു പലയാളുകളുടെയും ശ്രദ്ധ ആകർഷിച്ചു വരുന്നു. 38-ാം ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ പുതിയ ആഫീസാണു് ഈ കെട്ടിടം. ഇതിൻെറ ഉള്ളിലേക്കു ഒരാൾക്കു കയറി അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാവുന്നതാണു്. ബോംബെ സെൻറ് സേവ്യർ കോളജിൻെറ പ്രിൻസിപ്പാളായിരുന്ന റവ. ഫാദർ ബലാഗർ S J. യാണു് പ്രവർത്തകസമിതിയുടെ ചെയർമാൻ. അദ്ദേഹം ഈ കെട്ടിടത്തിൽ സ്ഥിരതാമസമാണു്. 40-ൽപരം കമ്മററികൾ ഈ ആഫീസിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഒരു ആഫീസിൻെറ എല്ലാ സൗകര്യങ്ങളും ഇതിനകത്തു കാണാം. ഈ കെട്ടിടത്തിൽ ഒരു ചെറിയ ചാപ്പലുണ്ടു്. അതിൽ ഒരു പീഠത്തിൽ വി. കുർബ്ബാന എഴുന്നെള്ളിച്ചു വച്ചിരിക്കുന്നു. ഇതു് ഈ ആഫീസിൻെറ അന്തരീക്ഷത്തിനു ചൈതന്യം വർദ്ധിപ്പിക്കുന്നു. പൊതുകമ്മററിയോഗങ്ങൾ നടത്തുവാൻ പററിയ ഹാളുകൾ ഇതിൻെറ പ്രത്യേകതയാണു്. കഴിഞ്ഞ ഒക്ടോബർ മാസത്തിലാണു് ഈ കെട്ടിടത്തിൻെറ പണി പൂർത്തിയായതു്. കോൺഗ്രസ്സിൻെറ ആവശ്യങ്ങൾക്കായി പെട്ടെന്നു പണിത ഈ കെട്ടിടം, ഭാവിയിൽ, കോൺഗ്രസ്സിൻെറ ആവശ്യം കഴിഞ്ഞശേഷം, ബോംബെ കത്തോലിക്കരുടെ സാംസ്കാരികകേന്ദ്രം (Cultural centre) എന്ന പേരിൽ എല്ലാ ഭക്തസംഘടനകൾക്കും അൽമേനികളുടെ സാംസ്കാരികസംഘടനകൾക്കും പ്രവർത്തിക്കുവാൻ ഉപയോഗപ്പെടുത്തുന്നതിനാണു് കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ഉദ്ദേശിക്കുന്നതു് എന്നു പ്രസ്താവിച്ചിട്ടുണ്ടു്. "ലീജിയൻ ഓഫ് മേരി" "കാത്തലിക്ക് അസോസിയേഷൻ ഓഫ് ബോംബേ" എന്നീ സംഘടനകളുടെ കേന്ദ്ര ആഫീസുകൾ ഇവിടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

---

യി ആ യാചകമന്ദിരത്തിൽ എങ്ങാനും കഴിഞ്ഞുകൂടെ'—വേറൊരു സാമൂഹ്യപരിഷ്കരണക്കാരൻെറ അഭിപ്രായം—

ആ സ്ത്രീ ഇതെല്ലാം ഓർമ്മിച്ചു—അവിടെയും നിന്നില്ല അവരുടെ ചിന്ത. ആഴ്ചതോറും അവർ സമീപിക്കാറുള്ള പാപസങ്കീർത്തനവേദിയിൽ—കുമ്പസാരക്കൂട്ടിനു സമീപം—പിച്ചക്കാരിയായി വീണ്ടും വീണ്ടും അവർ ചെന്നിട്ടുള്ള ആ 'തെരുവിൽ'—അവക്കു ലഭിക്കുന്ന സ്വീകരണം'—അനുഗ്രഹങ്ങളുടെ, കാരുണ്യത്തിൻെറ, ക്ഷമയുടെ മൂർത്തിയായ ആ ദൈവപുത്രൻെറ പ്രതിനിധി—വാസ്തവത്തിൽ അവളെ ആട്ടിപ്പായിക്കേണ്ട ആ മഹാപ്രഭു—എത്ര വാത്സല്യത്തോടെ, സ്നേഹത്തോടെ, അനുഭാവത്തോടെ, അവളെ പറഞ്ഞയക്കുന്നു—ആശ്വസിപ്പിക്കുന്നു—അനുഗ്രഹങ്ങൾ കൊണ്ടു് അഭിഷേകം ചെയ്യുന്നു. തെണ്ടികളിലും തെണ്ടികളായ—മഹാ പാപിയായ—മനുഷ്യൻ ദൈവപുത്രനിൽ നിന്നും എന്നും ധാരാളം ധാരാളമായി നേടുന്ന അനർഹവും അനർഘവുമായ ദാനങ്ങളെ സ്മരിക്കുമെങ്കിൽ,—തെരുവുകളിലും, കുടിലുകളിലും നിന്നും കിടന്നും നരകിക്കുന്ന അനേകം തെണ്ടികളെ അവർ സ്നേഹവും സഹഭാവവും കൊണ്ടു് നിറക്കുമായിരുന്നു........'

"ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തുകൊടുത്തതെല്ലാം എനിക്കു തന്നെയാകുന്നു നിങ്ങൾ ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു."

(വി. മത്തായി 25, 40)

മേൽ പ്രസ്താവിച്ച അസോസിയേഷൻ കോൺഗ്രസ്സിന്റെ ചില കമ്മററികളിൽ സജീവമായി പ്രവർത്തിക്കുന്നു. അസോസിയേഷന്റെ ചുമതലയിൽ "ഇന്ത്യയിലെ അൽമേനികളുടെ ഡിറക്ടറി" എന്ന ഗ്രന്ഥം നിർമ്മിക്കുന്ന സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നു. ആർതർ മെനെസീസ് എന്നയാളാണ് അസോസിയേഷന്റെയും ഈ ഡിറക്ടറിയുടെയും ചുമതല വഹിക്കുന്നതു്. സ്വീകരണക്കമ്മററിയിലും ഇവർക്കു കാര്യമായ ചുമതലയുണ്ടു്.

ഈ ആഫീസ് കെട്ടിടത്തിൽനിന്ന് പടിഞ്ഞാറോട്ടു കടന്നാൽ കോൺഗ്രസ് ദിവസങ്ങളിൽ വിവിധ റീത്തുകളിലെ വി. കുർബാന അർപ്പിക്കുവാനുള്ള പ്രത്യേക സ്ഥലം കാണാം. അഞ്ചു നിലയുള്ള ഒരു സ്കൂൾകെട്ടിടവും അതിന്റെ മുററവുമാണ് ഈ സ്ഥലം. ഈ കെട്ടിടത്തോടു ചേർന്ന് കർദ്ദിനാൾ തിരുമനസ്സിലെ അരമനയും പ്രോ-കത്തീഡ്രൽ ദേവാലയവും കാണാം. ഇതിനടുത്തുള്ള "സ്റ്റീഫൻ ഹാൾ" എന്ന മന്ദിരം പ്രത്യേകം എടുത്തു പറയേണ്ട ഒന്നാകുന്നു. പട്ടണത്തിലുള്ള 30-ൽപരം വിവിധ കന്യകാമഠങ്ങളിൽ നിന്നും, അവരുടെ അനുദിനപ്രാർത്ഥനാപ്രവർത്തനങ്ങളുടെ ഇടയ്ക്കു്, കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾക്കായി വന്നുകൂടുന്ന കന്യാസ്ത്രീകളുടെ പ്രവർത്തനരംഗമാണ് ഈ മന്ദിരം. മദർ പടീഷ്യ P. S. O. L. ഈ പ്രവർത്തനങ്ങൾക്കു സുശക്തമായ നേതൃത്വം കൊടുക്കുന്നതുമൂലം പല കമ്മിററികളും ഇവിടെ ഇതിനോടകം എടുത്തു പറയത്തക്ക സംഭാവനകൾ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. കോൺഗ്രസ്സിന്റേതായ പത്തു ഇനം ക്രിസ്തുമസ് കാർഡുകൾ ഈ കഴിഞ്ഞ മാസങ്ങളിൽ വിററഴിച്ചു കഴിഞ്ഞിരിക്കുന്നതു ഇവരുടെ പ്രവർത്തനഫലമാണ്. അതുപോലെ സ്മാരകസ്റ്റാമ്പുകൾ പത്തു ഇനത്തിൽ കൂടുതൽ പുറപ്പെടുവിച്ചുകഴിഞ്ഞു. "കാത്തലിക്ക് ഡിറക്ടറി ഓഫ് ഇന്ത്യാ", 1965-ലെ മനോഹരമായ കലണ്ടർ ഇതെല്ലാം നിർമ്മതിയിൽ ഇരിക്കയാണ്. വി. കുർബാനയ്ക്കു വേണ്ട സകല സജ്ജീകരണങ്ങളും ബ. കന്യാസ്ത്രീകളുടെ ശ്രമത്തിൽ ചെയ്തുവരികയാണ്.

മേൽപ്രസ്താവിച്ച പ്രവർത്തനരംഗങ്ങളിൽ നിന്നും ഒട്ടും വിദൂരമല്ല, 38-ാം ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ യോഗസ്ഥലമായ "ഓവൽ മൈതാനം". പ്രസിദ്ധമായ "മറൈയിൻ ഡ്രൈവും" എല്ലാം സമീപമാണ്. ഓവൽ മൈതാനത്തു നിന്നു നോക്കുന്ന ഒരാൾക്കു് ബോംബെയുടെ ഉന്നതഗോപുരങ്ങളും ഗവണ്മെന്റു മന്ദിരങ്ങളും എല്ലാം കാണാം. ഈ മൈതാനത്തിന് ഒരു പ്രത്യേക കലാഭംഗിയുള്ളതു് മൈതാനത്തെ ചുററി നില്ക്കുന്ന തലയെടുപ്പുള്ള കേരവൃക്ഷങ്ങളാണ്.

ഈ സ്ഥലത്തുവച്ചു് 1964 നവംബർ 28 ശനിയാഴ്ച മുതൽ ഡിസംബർ 6 ഞായറാഴ്ചവരെയുള്ള 9 ദിവസങ്ങളിൽ 38-ാം കോൺഗ്രസിന്റെ സമ്മേളനങ്ങൾ നടത്തപ്പെടുന്നു. ഇതുപോലുള്ള ഏതൊരു സംരംഭത്തിനും അതിന്റേതായുള്ള പദ്ധതികളും ലക്ഷ്യങ്ങളും ഉണ്ടായിരിക്കണമല്ലോ. 38-ാം കോൺഗ്രസ്സ് അതിന്റേതായ ഒരു ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ടു്. അതു മാർപ്പാപ്പാ തിരുമേനി അംഗീകരിക്കുകയും ചെയ്തുകഴിഞ്ഞു. "ദിവ്യകാരുണ്യവും പുതിയ മനുഷ്യനും" എന്നുള്ളതാണ് ആ പ്രഖ്യാപിതലക്ഷ്യം. "അവൻ എന്നിൽ ജീവിക്കും" (യോ. 6, 58.) "സ്നേഹത്തിൽ നിങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്തുക" (എഫേസി. 5, 2.) എന്നീ വാക്യങ്ങൾ കോൺഗ്രസ്സിന്റെ പ്രഖ്യാപിതമുദ്രാവാക്യങ്ങളാണ് നമ്മുടെ സാമൂഹികവും കുടുംബപരവും വ്യക്തിപരവുമായ ജീവിതങ്ങളെ ക്രിസ്തുനാഥന്റെ സ്വയപരിത്യാഗത്തിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുകയും കൂട്ടിയിണക്കുകയും ചെയ്യുക എന്ന ഒററ വാചകത്തിൽ ഈ ലക്ഷ്യത്തെ വിവരിക്കാം. ദിവ്യകാരുണ്യനാഥനിൽക്കൂടെ മാത്രമേ ഈ ലോകത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ സാധിക്കൂ എന്നു് ഈ കോൺഗ്രസ്സ് വിളിച്ചറിയിക്കുകയാണ്. ആയതിലേക്കു് കത്തോലിക്കരായ നാം ദിവ്യനാഥനെ നമ്മുടെ ആരാധനയുടെയും പ്രവൃത്തികളുടെയും കേന്ദ്രമാക്കി ജീവിക്കുവാൻ തയ്യാറാകണം. ബോംബെയിൽനിന്നുള്ള ഈ ആഹ്വാനം നമ്മുടെ നാട്ടിൽ എങ്ങും മാറെറാലിക്കൊള്ളട്ടെ.

മതപരവും ക്രിയാത്മകവും അതേസമയം ആത്മീയവിപ്ലവം നമ്മിൽ സൃഷ്ടിക്കാൻ കഴി

വ്യൂഹമായ ഒരു പരിപാടി കോൺഗ്രസിനു ആവശ്യമാണ്. ഒൻപതു ദിവസങ്ങൾകൊണ്ട് കോൺഗ്രസ്സ് ഇക്കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. 1964 നവംബർ 28-ാം തീയതി ശനിയാഴ്ച രാവിലെ ക്രോ-കത്തീഡ്രൽ ദേവാലയത്തിനു സമീപമുള്ള പ്രാർത്ഥനാലയ(Oratory)ത്തിന്റെ വെഞ്ചരിപ്പുകർമ്മമാണ് ആദ്യത്തെ പൊതുചടങ്ങ്. അന്ന് ഉച്ചകഴിഞ്ഞ് പേപ്പൽ ലെഗേററു തിരുമനസ്സിന് കോൺഗ്രസ്സിന്റെ വകയായി കൊടുക്കുന്ന ഗംഭീര സ്വീകരണമായിരിക്കും രണ്ടാമത്തെ അതിപ്രധാനമായ ചടങ്ങ്. അന്നുതന്നെ വൈകിട്ട് ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ പ്രദർശനാലയത്തിന്റെ ഉൽഘാടനം നിവ്വഹിക്കപ്പെടും. ഈ 'എക്സിബിഷ'നിൽ കോൺഗ്രസ്സിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾ ദശിക്കാം. വി. കർബ്ബാനയ്ക്കുള്ള അമൂല്യ തിരുവസ്ത്രങ്ങളും വിലപിടിച്ചതും കലാപരവുമായ വസ്തുക്കളും ഇതിൽ പ്രധാന പങ്കു വഹിക്കും. വിവിധ സ്ഥലങ്ങളിൽ സഭയുടെ വളർച്ചയെ കാണിക്കുന്ന കാര്യങ്ങൾ മറെറാരു രംഗത്തുണ്ടായിരിക്കും. ദേശീയവും അന്തർദ്ദേശീയവുമായ കലകളുടെ ഒരു മനോഹര സമ്മേളനം വേറൊരു കാഴ്ചയായിരിക്കും. ആദ്യത്തെ ദിവസമായ ശനിയാഴ്ചയ്ക്കു മകുടം ചാർത്തുന്ന ചടങ്ങ് പരിശുദ്ധ ദൈവമാതാവിന്റെ ജപമാലമുന്നണിപ്രസ്ഥാനത്തിന്റെ (Rosary cruaade Rally) റാലിയും അതേത്തുടർന്ന് പ്രദർശിപ്പിക്കുന്ന 'ഫാമിലി ക്രൂസേഡ് ഫിലിം' എന്ന സിനിമയും ആയിരിക്കും.

2-ാം ദിവസം ഞായറാഴ്ചത്തെ പരിപാടിയിൽ ഉച്ചയ്ക്കുമുമ്പ് 37-ാം സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ് ജർമ്മനിയിൽ മ്യൂണിക്കിൽ വച്ച് 1960-ൽ നടത്തിയതിന്റെ സമ്പൂർണ്ണമായ ഒരു കളർചിത്രം സിനിമയിൽ പ്രദർശിപ്പിക്കുന്നതാണ്. അത്യുന്നത കർദ്ദിനാൾ തിരുമേനിയും നമ്മുടെ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനിയും ഈ സിനിമയിൽ 'ബ്രൂക്ക്സാ' അപ്പം വാഴ്ത്തി കൊടുക്കുന്ന ചടങ്ങുകൾക്ക് അഗ്രാസനം വഹിച്ചു നിർവ്വഹിക്കുന്ന ചടങ്ങ് ഇതിൽ കാണാം. കാലം ചെയ്ത ജോൺ മാർപ്പാപ്പാ തിരുമേനി വത്തിക്കാനിൽനിന്നു അന്ന് പ്രക്ഷേപണം ചെയ്യുന്ന രംഗവും ആ സന്ദേശവും ഇതിന്റെ ഭാഗമാണ്.

അന്നുതന്നെ ഉച്ചകഴിഞ്ഞ് കോൺഗ്രസ്സിന്റെ ഔദ്യോഗികമായ ഉൽഘാടനം ആർഭാടപൂർവ്വം നടത്തുന്നതാണ്. ഈ സമയത്തു ലോകത്തെങ്ങുമുള്ള ദേവാലയങ്ങളിൽ മണിനാദം മുഴക്കുന്നതാണ്. രാത്രിയിൽ വർണ്ണശബളമായ ഒരു പരിപാടിയുള്ളതു് അഭിവന്ദ്യ മെത്രാന്മാരെയെല്ലാം നിരവധി കാറുകളുടെ അകമ്പടിയോടെ എതിരേല്ക്കുക എന്നതാണ്.

കോൺഗ്രസ്സിന്റെ ആദ്യത്തെ രണ്ടു ദിവസങ്ങളിൽ ഉൽഘാടനത്തിന്റെയും സ്വീകരണത്തിന്റെയും ഘോഷയാത്രയാണെങ്കിൽ മററുള്ള ഏഴു ദിവസങ്ങളിൽ നിശ്ചിതപരിപാടികളുടെ ക്രമാനുഗതമുള്ള നിവ്വഹണമായിരിക്കും. രാവിലെയും, ഉച്ചകഴിഞ്ഞും, വൈകിട്ടും, രാത്രിയിലും പ്രത്യേകം പ്രത്യേകം പരിപാടികളുണ്ട്. ഓരോ സമയത്തെയും പരിപാടികൾ തമ്മിൽ വളരെ സാമ്യമുള്ളതായി തോന്നാമെങ്കിലും അവ വൈവിദ്ധ്യം നിറഞ്ഞതായിരിക്കും. രാവിലെ വിവിധ ഗ്രൂപ്പുകൾക്കുള്ള പ്രത്യേക യോഗങ്ങൾ പല സ്ഥലങ്ങളിൽ കൂടി ചർച്ചകളും പ്രമേയങ്ങളും അവതരിപ്പിക്കുകയാണെങ്കിൽ, ഉച്ചകഴിഞ്ഞുള്ള സമയം ജീവകാരുണ്യ പ്രവൃത്തികൾ നടത്തുന്നതിനു് ഉപയോഗിക്കും. വൈകിട്ടത്തെ സമയം ആരാധനയ്ക്കും ആത്മീയ പുരുക്കത്തിനും മാററിവച്ചിരിക്കുകയാണെങ്കിൽ, രാത്രിസമയം കലാസ്വാദനത്തിനും മതവിഷയങ്ങൾ കലകളിൽക്കൂടെ ആവിഷ്ക്കരിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.

രാവിലത്തെ ഗ്രൂപ്പുകളെ പ്രധാനമായും ഇങ്ങിനെ തരംതിരിക്കാം: തൊഴിലാളികൾ, ഡോക്ടർമാർ, നേർസുമാർ, അദ്ധ്യാപകർ, സന്യാസികൾ, ഭക്തസംഘടനകൾ, വൈദികർ, കന്യാസ്ത്രീകൾ, സഹോദരന്മാർ, ഭാഷാടിസ്ഥാനഗ്രൂപ്പുകൾ, അകത്തോലിക്കർ, അക്രൈസ്തവർ, മെത്രാന്മാർ ഇവക്കെല്ലാം വിവിധ രീതിയിലുള്ള കാര്യങ്ങൾ കോൺഗ്രസ്സിന്റെ ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ പറയാൻ കാണും. ആധുനിക പ്രശ്നങ്ങളെ കർബ്ബാനയുമായി ബന്ധപ്പെടുത്തി ചിന്തിക്കാൻ ഇതു സഹായിക്കും. സർവ്വ പ്രശ്നങ്ങളിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മെ നേർവഴി കാണിക്കും.

ഉച്ചകഴിഞ്ഞുള്ള സമയം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാററിവച്ചിരിക്കയാണെന്നു് പറഞ്ഞുവല്ലോ. "സ്നേഹത്തിൽ നിങ്ങളുടെ ജീവിതങ്ങളെ ക്രമീകരിക്കുക" എന്ന ആഹ്വാനം ശ്രവിച്ചു ക്രിസ്തീയ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ ഈ കോൺഗ്രസ്സ് അവസരങ്ങൾ നൽകുന്നതാണു്. പീഡയനുഭവിക്കുന്നവരെയും കഷ്ടപ്പെടുന്നവരെയും സ്നേഹിക്കാനും ആശ്വസിപ്പിക്കാനും തയ്യാറാവണം. ഈ ചൈതന്യത്താൽ ആശുപത്രികളിലും ജയിലുകളിലും അനാഥമന്ദിരങ്ങളിലും, വൃത്തികെട്ട പരിസരങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളുടെ സമീപത്തും നാം എത്തിച്ചേരണം.

മനുഷ്യൻ നന്നാകുന്നതിനു് യേശുക്രിസ്തു സ്ഥാപിച്ച ദിവ്യകാരുണ്യമെന്ന കൂദാശയും, അതിനെ ചുററിപ്പററിനില്ക്കുന്ന ഇതര കൂദാശകളും അത്യന്താപേക്ഷിതങ്ങളാണു്. "ഒരു പുതിയ മനുഷ്യൻ" നമ്മിൽ രൂപം കൊള്ളുന്നതിനു് ആദ്യത്തെ കൂദാശയായ മാമോദീസാ മുതൽ എല്ലാ കൂദാശകളും വി. കുർബാനയ്ക്കു നമ്മെ ഒരുക്കുകയാണു് ചെയ്യുന്നതു്. കോൺഗ്രസ്സിൻെറ മതപരമായ കർമ്മാദികളിൽക്കൂടി ഈ യാഥാർത്ഥ്യം കൂടുതൽ വിശദമാക്കുന്നതാണു്. തിങ്കളാഴ്ച മാമോദീസായും മൂറോനഭിഷേകവും എന്ന കൂദാശകളുടെ സ്വീകരണത്തിനായി അനേകം കുഞ്ഞുങ്ങളെ ഓവൽ മൈതാനത്തു കൊണ്ടുവരുന്നതാണു്. ചൊവ്വാഴ്ച ആദ്യകുർബാനയ്ക്കു് ഒരുങ്ങിയിട്ടുള്ളവർ വി. കുർബാന സ്വീകരിക്കുന്നതാണു്. ബുധനാഴ്ച ഭാരതത്തിലുള്ള വിവിധ രൂപതകളിൽ നിന്നുള്ള ശെമ്മാശന്മാർക്കു് വൈദികപട്ടം നൽകുന്നതും വ്യാഴാഴ്ച അഞ്ചു ഭൂഖണ്ഡങ്ങളിൽ നിന്നുള്ള അഞ്ചു പുരോഹിതന്മാർക്കു് മെത്രാൻ പട്ടം കൊടുക്കുന്നതുമാണു്. വെള്ളിയാഴ്ച പ്രായശ്ചിത്തത്തിൻെറ പരിഹാര പ്രദക്ഷിണം ഓവൽ മൈതാനത്തു നിന്നും ആരംഭിച്ചു് ബാൻഡ്രാ ബസിലിക്കാ വരെ പോകുന്നതാണു്. വി. കുർബാനയുടെ സാന്നിദ്ധ്യം ഈ പദയാത്രയ്ക്കു് ഉണ്ടായിരിക്കും. ഈ അവസരത്തിൽ രോഗികളെ ആശീർവ്വദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. ശനിയാഴ്ച ഒരു നല്ലകൂട്ടം വധൂവരന്മാർക്കു് വിവാഹ കൂദാശ നടത്തിക്കൊടുക്കുന്നതാണു്. ഓരോ കൂദാശയും ദിവ്യകാരുണ്യത്തിൻെറ ബന്ധത്തിൽ നമ്മിൽ ക്രിസ്തുവിൻെറ ജീവൻ ഉളവാക്കുകയും നാം അങ്ങിനെ "പുതിയ മനുഷ്യരായി" രൂപപ്പെടുകകയും ചെയ്യും.

രാത്രിയിലെ ചടങ്ങുകൾ സാംസ്കാരികവും കലാപരവുമായ പരിപാടികളാണു്. ഇതിൻെറ ഉദ്ദേശം മതപരമാണു്, വെറും വിനോദമായിരിക്കുകയില്ല. കലകൾ എങ്ങിനെ ധാർമ്മികമൂല്യങ്ങൾക്കു ഉപയോഗിക്കാമെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഇന്ത്യൻ സംഗീത നൃത്തകലാസമിതിയും ലോകത്തിലെ വിവിധ കലാസംഘടനകളും അവരുടെ മികച്ച പരിപാടികൾ പ്രദർശിപ്പിക്കുന്നതാണു്.

കോൺഗ്രസ്സ് അവസാനിക്കുന്നതു് ഡിസംബർ 6-ാം തീയതി ഞായറാഴ്ച വൈകിട്ടത്തെ ചടങ്ങുകളോടുകൂടിയാണു്. ദിവ്യകാരുണ്യ പ്രദക്ഷിണം, വി. കുർബാനയുടെ വാഴ്വു് എന്നീ ചടങ്ങുകൾ ആ പരിപാടിക്കു മകുടം ചാർത്തും.

കോൺഗ്രസ്സിൻെറ പരിപാടികളിൽ ചിലതു മാത്രമേ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളു. ഇതുവരെ പരിപൂർണ്ണമായ പരിപാടികൾ പരസ്യപ്പെടുത്തിയിട്ടില്ല. വത്തിക്കാൻ സൂനഹദോസിൻെറ ലക്ഷ്യമായ ആത്മീയ നവോത്ഥാനമായിരിക്കും കോൺഗ്രസ്സ് പരിപാടികളുടെ ലക്ഷ്യം എന്നു് ഉറപ്പിച്ചു പറയാവുന്നതാണു്.

**For favours received**



**Inserted by**

Annamma Thomas, Ennasseril,
Parattukonam, Trivandrum-15.
(Exeuse delay)

# ഇൻഡ്യൻ ജനാധിപത്യം

## വസ്തുനിഷ്ഠമായ ഒരു അപഗ്രഥനം

### (തരകൻ ആന്നിയിൽ പൂനാ)

ജനാധിപത്യം എന്ന വാക്കിന് സരളവും ലളിതവുമായ ഭാഷയിൽ പറഞ്ഞാൽ, ഭിന്നാഭിപ്രായം പുറപ്പെടുവിക്കുവാൻ, അല്ലെങ്കിൽ സ്വന്തം അഭിപ്രായം തുറന്നു പറയാൻ വ്യക്തികൾക്കുള്ള അവകാശം എന്നാണ് അർത്ഥം. ഏബ്രഹാം ലിങ്കൺ ജനാധിപത്യത്തെ ഇപ്രകാരം നിർവചിക്കുന്നു. "ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരിക്കുന്ന ഭരണകൂടമാണ് ജനാധിപത്യം" (A govt. of the people by the people and for the people which means a govt. by discussion and criticisms of competing ideas leading to a compromise in which all the ideas are reconciled and which can be accepted by all because it bears the imprint of all) ജനാധിപത്യം രണ്ടു തരത്തിലുണ്ട്. ഒന്നിന് വാച്യാർത്ഥത്തിൽ തനി ഡിമോക്രസി, അഥവാ, പൊതുജനഭരണമെന്നും മറേറതിന് റിപ്പബ്ളിക്കെന്നും പറയാം. ഇവ തമ്മിലുള്ള വ്യത്യാസം ജെയിംസ് മാഡിസൺ എന്ന ഗ്രന്ഥകാരൻ ഇങ്ങിനെ വിവരിക്കുന്നു. "തനിജനാധിപത്യരാജ്യങ്ങൾ കലാപങ്ങളുടെയും അന്തഃഛിദ്രങ്ങളുടെയും രംഗമാണ്. അവിടെ പൊതുജനങ്ങൾ ഭരണത്തിൽ നേരിട്ടു പങ്കെടുക്കുന്നു. റിപ്പബ്ളിക്കൻ രാജ്യങ്ങളിലാകട്ടെ ജനങ്ങൾ തങ്ങളുടെ പ്രതിനിധികൾ മുഖേനയത്രേ ഭരണം നടത്തുന്നത്."

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരിക്കുന്ന സുവ്യക്തവും സുസ്ഥാപിതവുമായ ഒരു ഭരണരീതിയും ജീവിതക്രമവുമാണ് ഇൻഡ്യൻ ജനാധിപത്യം. ഇൻഡ്യൻ ജനാധിപത്യത്തിന്റെ തത്വങ്ങളും കാതലും അതിന്റെ സജീവ ചലനശക്തിയും ഭാരതജനതയുടെ മൗലികമായ ആവശ്യങ്ങളിലും ദൈവപ്രചോദിതമായ അവരുടെ പ്രത്യാശകളിലും നിന്നാണ് ഉടലെടുക്കുന്നത്. അത് അതിന്റെ ക്രിയാത്മകതത്വത്തിൽ സാർവ്വത്രിക മനുഷ്യത്വത്തിന്റെ ജീവിതമൂല്യങ്ങളും വ്യക്തികളുടെയും ന്യൂനപക്ഷങ്ങളുടെയും മൗലികസ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അനുവദിക്കുകയും ചെയ്യുന്നു. തൻമൂലം തിരഞ്ഞെടുപ്പിൽ കിട്ടുന്ന വോട്ടുകളുടെ എണ്ണം എത്ര കൂടിയാലും ന്യൂനപക്ഷത്തിന്റെ മൗലികമായ അവകാശങ്ങൾക്ക് ഒരു മാററവും സംഭവിക്കുന്നില്ല. അത് ആദ്ധ്യാത്മിക തത്വങ്ങളെ നിഷേധിക്കുകയോ വ്യക്തികളുടെ മഹിമയെ അവഗണിക്കുന്ന സർവ്വാധിപത്യവാദങ്ങളിൽ മതിമയങ്ങുകയോ ചെയ്യുന്നില്ല. അങ്ങിനെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങളെ അത് മുറുകെ പിടിച്ചിരിക്കുന്നു.

ഭരണഘടനയിൽ പ്രഖ്യാപിക്കുന്ന മൗലീകാവകാശങ്ങൾക്കും ജീവിതമൂല്യങ്ങൾക്കും ഉപാധികളായ നിയമങ്ങൾ നിർമ്മിക്കുന്നതിന് പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധി സഭ അതിനുണ്ട്. ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മൗലീകാവകാശങ്ങളെയും അവയ്ക്ക് വിധേയമായി നടപ്പിൽ വരുത്തിയിരിക്കുന്ന നിയമങ്ങളെയും ഭരണകൂടവും ജനങ്ങളും ലംഘിക്കാതെ സംരക്ഷിക്കുന്നതിനു ഒരു നീതിന്യായക്കോടതിയുണ്ട്. പ്രതിപക്ഷത്തിന്റെ വിമർശനങ്ങളും പരസ്പരവാദപ്രതിവാദങ്ങളും കൂടുതൽ സത്യത്തിലേക്കുള്ള മാർഗ്ഗങ്ങളാണെന്ന ആദർശം, മനുഷ്യസമൂഹമല്ല വ്യക്തിയാണ് പ്രഥമ യാഥാർത്ഥ്യം എന്ന സത്യം, ഇൻഡ്യൻ ജനാധിപത്യത്തിന്റെ കാതലായ ഭാഗങ്ങളാണ്. അങ്ങിനെ ഭരണവും നിയമനിർമ്മാണവും നയതന്ത്രങ്ങളുമെല്ലാം

നാടിനും നാട്ടാർക്കും വേണ്ടിയാണെന്നുള്ള ശരിയായ ബോദ്ധ്യത്തിൽ ഭൂരിപക്ഷം അന്ധമായി വിശ്വസിക്കപ്പെടുന്നില്ല. ഇവിടത്തെ അഭിപ്രായസ്വാതന്ത്ര്യങ്ങളും വിമർശനസൗകര്യവും വാദപ്രതിവാദങ്ങളും സ്വതന്ത്രമായ പത്രപ്രവർത്തനവും മുൻപറഞ്ഞ ആശയത്തിന് ദൃഷ്ടാന്തങ്ങളത്രേ. ഈ വക സ്വാതന്ത്ര്യങ്ങളിലൂടെ തെററുകൾ പുറംതള്ളപ്പെടുകയും സത്യാശയങ്ങൾ തെളിഞ്ഞുകൂടി വിജ്ഞാനത്തിന്റെ ആകെത്തുക വർദ്ധിക്കുകയും ചെയ്യുന്നു.

സ്വതന്ത്രഭാരതം ജനാധിപത്യഭരണം സ്വീകരിക്കുകയും ഏറെത്താമസിയാതെ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥിതി അംഗീകരിക്കയും ചെയ്തു. സാർവ്വദേശീയ രംഗത്ത് സമാധാനനയവും ചേരിചേരാനയവുമാണ് ഇൻഡ്യ അനുവർത്തിച്ചുപോന്നതു്. ലോകത്ത് ഇങ്ങനെയൊരു സാഹസികപരിശ്രമം ഇദംപ്രഥമമാണെന്ന് എല്ലാവരും സമ്മതിക്കും. "ജനാധിപത്യരീതിയിൽ സോഷ്യലിസം കെട്ടിപ്പെടുക്കുന്ന സംരംഭം എത്രമാത്രം വിജയിക്കും? ലോകം രണ്ടു ശാക്തികചേരികളായി ശരിക്കും വേർതിരിഞ്ഞു നില്ക്കുമ്പോൾ ചേരിചേരാനയം എത്രകണ്ടു് പ്രായോഗികമാകും"? ഇൻഡ്യയ്ക്ക് അകത്തും പുറത്തും നിന്ന് ഈ ചോദ്യങ്ങൾ ഉയർന്നു. ഈ നൂതനപരീക്ഷണം ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെയും ആകർഷിക്കുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാർവ്വദേശീയ രംഗത്തുണ്ടായ പ്രധാനപ്പെട്ട ഒരു പ്രതിഭാസമാണ് വ്യക്തമായ ചേരിതിരിവ്. ലോകത്തിലെ വൻകിട രാഷ്ട്രങ്ങൾ രണ്ടു ചേരികളായി തിരിയുകയും ശീതസമരത്തിന്റെ അത്യുച്ചശൃംഗങ്ങളിൽ വിഹരിക്കുകയും ആയുധനിർമ്മാണമേഖലയിൽ വാശിയോടെ മത്സരിക്കുകയും ചെയ്തപ്പോൾ ഇൻഡ്യയുടെ ആഭ്യന്തരരംഗത്തും അന്താരാഷ്ട്രീയ രംഗത്തും ഒരുപോലെ മുഴങ്ങിക്കേട്ട പ്രഹേളികയായിരുന്നു ഇതു്. "ഏതു ചേരിയിൽ"?

രണ്ടേ രണ്ടു ചേരികൾ മാത്രം പരസ്പരാഭിമുഖമായി ലോകത്തിന്റെ തന്നെ സമാധാനത്തെ ചോദ്യം ചെയ്യുമാറു് പല്ലിറുമ്മികൊണ്ടു് നില്ക്കുകയും അതിലൊന്നിലും ഉൾപ്പെടാതെ നില്ക്കണമെന്ന് അഭിലഷിക്കുന്ന ഇൻഡ്യ തങ്ങളൊരു മൂന്നാം ചേരിയിലാണെന്ന് പറയുവാൻ അതേസമയം വിസമ്മതിക്കുകയും ചെയ്യുമ്പോൾ ഇൻഡ്യൻ ചേരിചേരാനയം ഒരു ഞാണിന്മേൽക്കളിയല്ലേ?

ഭാരതത്തിലെ ജനങ്ങളിൽ വമ്പിച്ച ഭൂരിപക്ഷം തൊഴിൽ രഹിതരും അർദ്ധപട്ടിണിക്കാരുമാണ്. സോവിയററു റഷ്യയുടെ പ്രാദുർഭാവത്തിനുശേഷം തൊഴിൽരഹിതർക്കും അർദ്ധപട്ടിണിക്കാർക്കും പ്രിയംകരമായിരിക്കുന്ന ഒരു ലക്ഷ്യമായി തോന്നി സോഷ്യലിസം. ജനാധിപത്യത്തിനും സോഷ്യലിസത്തിനും തമ്മിൽ പൊരുത്തമോ പൊരുത്തക്കേടോ ഉണ്ടായിരിക്കട്ടെ. ഒററ തിരിഞ്ഞും ഒന്നു ചേർന്നും ആ രണ്ടു് ആശയഗതികൾ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുതന്നെ ഇൻഡ്യയിൽ പ്രവേശിച്ചതു് തികച്ചും ശ്രദ്ധേയമത്രേ. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനാധിപത്യത്തെയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സോഷ്യലിസത്തെയും ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി ജനാധിപത്യസോഷ്യലിസത്തെയും പ്രതിനിധാനം ചെയ്തു. ജനാധിപത്യത്തിനാണിവിടെ മുൻതൂക്കം. അതുകൊണ്ടു് ജനാധിപത്യകക്ഷിയായ കോൺഗ്രസ്സിന് ഭരണഭാരം ലഭിച്ചു. ഭൂരിപക്ഷഹിതം നടപ്പാക്കുന്നതോടൊപ്പം ന്യൂനപക്ഷതാൽപര്യം കൂടി സംരക്ഷിക്കണമെന്ന ജനാധിപത്യതത്വത്തിന്റെ വെളിച്ചത്തിൽ ഗണനീയമായ ഒരു ന്യൂനപക്ഷത്തെ ജനാധിപത്യം അംഗീകരിച്ചു. ഈ ന്യൂനപക്ഷമായിരുന്ന സോഷ്യലിസം. ജനാധിപത്യമാണ് ഇൻഡ്യൻ സോഷ്യലിസത്തിന്റെ രക്ഷാധികാരി. മറിച്ച് സോഷ്യലിസം ജനാധിപത്യത്തിനുവേണ്ട ആധാരശില വാർത്തെടുക്കുകയും ചെയ്യുന്നു. ഇൻഡ്യയുടെ ജനാധിപത്യസോഷ്യലിസം ആഭ്യന്തരമായി നോക്കുമ്പോൾ സ്വാഭാവികവും അനിർവാര്യവുമാണ്. ഇൻഡ്യയുടെ അവികസിതാവസ്ഥ പരിഗണിക്കുമ്പോഴും ഇതു മാത്രമേ ഒരു പോംവഴിയുള്ളു എന്നു കാണാം. ഒരു അവികസിത രാജ്യത്തിലെ ജനാധിപത്യ

മാണല്ലോ ഇൻഡ്യൻ ജനാധിപത്യം സാമ്പത്തികോന്നമനത്തിനു ജനാധിപത്യത്തെ രൂഢമൂലമാക്കാനുള്ള കഴിവുണ്ടു്. അല്ലെങ്കിൽ ഭരണകർത്താക്കളുടെ അധികാരങ്ങളെയും ഭരണീയരുടെ അവകാശങ്ങളെയും തിട്ടപ്പെടുത്തുവാൻ മാത്രമേ ഭരണഘടന ഉപകരിക്കൂ. ഈ വസ്തുത അതീതകാലചരിത്രത്തിൽ നിന്നു് കാലേകൂട്ടി ഗ്രഹിച്ചു് പഞ്ചവത്സരപദ്ധതി നടപ്പിലാക്കിയതിലാണു് ഭാരതത്തിന്റെ ഭാഗ്യം.

നാല്പതു നീണ്ട സംവത്സരങ്ങളോളം ഉറങ്ങിക്കിടന്നിട്ടുണർന്ന റിപ്‌വാൻ വിങ്കിളിന്റെ അനുഭാവമായിരുന്നു സ്വാതന്ത്ര്യഭാരതത്തിനു്. ഭാരതത്തോടുകൂടി സ്വാതന്ത്ര്യം ലഭിച്ച പല രാജ്യങ്ങളും പുരോഗതിയിൽ ഭാരതത്തിനു മുമ്പിലാണു്. ഭാരതം അനേക കാതം പിറകിലും. ഭാരതത്തിനു് ലോകരാഷ്ട്രങ്ങൾക്കിടയിൽ അവളർഹിക്കുന്ന സ്ഥാനം ലഭിക്കണമോ, അവളുടെ ജനാധിപത്യത്തെ അഷ്ടബന്ധമിട്ടു് ഉറപ്പിക്കണമോ, എങ്കിൽ നൂററാണ്ടുകളിലെ സാമ്പത്തിക പുരോഗതിയും സാംസ്കാരികവളർച്ചയും ഏതാനും അയ്യാണ്ടുകൾകൊണ്ടു് സാധിക്കണം. അതിനു സ്വകാര്യമേഖല പര്യാപ്തമല്ല. പൊതു താല്പര്യത്തെ മാത്രം മുൻനിർത്തി ശീഘ്രമായ വ്യവസായിക വികസനം കൈ വരുത്തുവാൻ പൊതുമേഖലക്കേ കഴിയൂ. പൊതുമേഖലയ്ക്കു് അധികപ്രാധാന്യം നല്കിക്കൊണ്ടുള്ള വ്യവസായവല്ക്കരണം സോഷ്യലിസത്തിന്റെ മുഖ്യസവിശേഷതയത്രേ. സോഷ്യലിസ്റ്റ് സാമ്പത്തിക നയം നാം സ്വീകരിച്ചതിന്റെ പശ്ചാത്തലം ഇതാണു്. ഇൻഡ്യയെ സാമ്പത്തികമായി ഉയർത്താനായിട്ടാണു് നമ്മുടെ ചേരിചേരാനയത്തിന്റെ ഉദ്ദേശം. ലോകത്തിലെ സമ്പന്നങ്ങളായ രണ്ടു രാജ്യങ്ങളാണു് അമേരിക്കയും റഷ്യയും. വ്യവസായവൽക്കരണം പ്രധാനമായും പൊതുമേഖലയിലായതിനാൽ ആ രാജ്യങ്ങളോടു് സർക്കാർ നിലവാരത്തിൽത്തന്നെ കടം വാങ്ങേണ്ടിവരും. ഇരു ചേരികളിൽനിന്നും ഒരേ സമയം കടം വാങ്ങിക്കാൻ ചേരിനയം സഹായിക്കുകയില്ലല്ലോ.

ഇൻഡ്യൻ ജനാധിപത്യത്തിൽ സ്വാതന്ത്ര്യം തീരെ നിയന്ത്രണരഹിതമല്ല. അതിനു് ഇവിടുത്തെ ജനാധിപത്യതത്വങ്ങൾ തന്നെ ചില പരിമിതികൾ കല്പിക്കുന്നു. നിന്റെയും അന്യരുടെയും മഹിമയെ മാനിച്ചുകൊണ്ടും ആരുടെയും അവകാശങ്ങൾ ലംഘിക്കാതെയും വേണം അഭിപ്രായപ്രകടനമേതും. മനുഷ്യവികാസത്തെ തടയുന്ന സ്വാർത്ഥത നിറഞ്ഞ ദുർവാസനകൾക്കും ആശയ ഗതികൾക്കും ജനകീയ ഭരണത്തിൽ സ്ഥാനമില്ലല്ലോ. ഈ വീക്ഷണകോണിലൂടെ ഇൻഡ്യൻ ജനാധിപത്യത്തെ അവലോകനം ചെയ്യുമ്പോൾ അതിന്റെ ഏററവും വലിയ വിചലനം കൃത്രിമ കുടുംബസംവിധാനസൂത്രണമാണു്. കാരണം ഇമ്മാതിരിയുള്ള കുടുംബസംവിധാനം മനുഷ്യരെ മൃഗതുല്യരാക്കുന്നു. മനുഷ്യൻ ധാർമ്മിക അധഃപതനത്തിന്റെ ഗർത്തത്തിലേക്കു നിപതിക്കുന്നു. മതബോധം ക്ഷയിക്കുമ്പോൾ സ്വരാജ്യസ്നേഹവും ക്ഷയിക്കുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കാതെയാകുമ്പോൾ അയൽക്കാരനെയും സ്നേഹിക്കാതെ തുടങ്ങും.

ജനാധിപത്യത്തിനു് ഒരു രാജ്യത്തിന്റെ പൗരന്മാരെ സംസ്കാരസമ്പന്നരും അഭ്യസ്തവിദ്യരുമായി രൂപീകരിക്കുന്നതിനു് കടമയുണ്ടു്. ഇവിടെ എത്ര ശതമാനം ഇൻഡ്യൻ പൗരന്മാർ അഭ്യസ്തവിദ്യരാണെന്നു് ചിന്തിക്കേണ്ടതുണ്ടു്.

സമത്വം എന്ന തത്വം ഇൻഡ്യൻ ജനാധിപത്യത്തിന്റെ കാതലായ ഒരാദർശമാണെന്നു നാം കണ്ടു. ഈ ആശയഗതിയിലൂടെയാണു് എല്ലാമതങ്ങളും അവയുടെ അധികാരവകാശങ്ങളെ പ്രാവർത്തീകരിക്കുന്നതു്. എന്നാൽ ലോകത്തിന്റെ പല ഭാഗങ്ങളിലായി മതപീഡനം അനുഭവിക്കുന്ന ക്രിസ്തീയ വർഗ്ഗത്തോടു മൗനമവലംബിക്കുന്ന ഇൻഡ്യ ഈയിടെയായി Diem ഗവണ്മെൻറിനെതിരായി വീയെററ്നാമിലെ ബുദ്ധമതാനുയായികളെ പിൻതാങ്ങിയതു് ജനാധിപത്യത്തിനു് എതിരല്ലേ എന്നു് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യയിൽ ജനാധിപത്യം സുസ്ഥാപിതമാക്കുന്നതിനും അതിന്റെ തത്വങ്ങളിൽ നിന്നു് വ്യതിചലിക്കാതിരിക്കുന്നതിനും വിദ്യാഭ്യാസം

# മുടിയനായ പുത്രൻ (ലൂക്കോ. 15, 11-32.)

[വന്ദ്യദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചൻ ഏറത്തുമ്പമൺ കൺവൻഷനിൽ ചെയ്ത പ്രസംഗം]

മുടിയനായ പുത്രന്റെ ഈ ഉപമ വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു. മററുള്ളവർ വിട്ടുകളഞ്ഞതിനാലായിരിക്കാം അദ്ദേഹം അതു് ഉദ്ധരിച്ചിരിക്കുന്നതു്. യേശു യരുശലേമിൽ വച്ചാണു് ഈ ഉപമ പറഞ്ഞതു്. ദൈവവും, മനുഷ്യനുമായും മനുഷ്യർ തമ്മിൽ തമ്മിലും ഉള്ള ബന്ധം എങ്ങനെയുള്ളതാണെന്നു കാണിപ്പാനാണു് ഇതു പറഞ്ഞതു്. ഹൃദയാവർജ്ജകമായ ഒരു ഉപമയാണിതു്.

ഉപമ ഇതാണു്: ഒരു പിതാവിനു് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഇളയവൻ അവന്റെ വീതം കിട്ടുവാൻ പിതാവിനെ അലട്ടി. പിതാവു് അതു കൊടുത്തു. അവൻ അതെല്ലാം വിററു പണമാക്കിക്കൊണ്ടു് ദൂരദേശത്തേക്കുപോയി. അവിടെ പല ചീത്ത കൂട്ടുകാർ അവനുണ്ടായി. അവരോടുകൂടെ കള്ളു കുടിച്ചും ധൂർത്തടിച്ചും ആ പണമെല്ലാം ചെലവാക്കി. അതോടുകൂടി ആ പ്രദേശത്തു് ഒരു ക്ഷാമവും വന്നുകൂടി ഭക്ഷണത്തിനുപോലും വകയില്ലാതായി. അതിനാൽ അവൻ സഹായത്തിനു കൈനീട്ടി. ഒരു വീരൻ അവനു് പന്നിയെ മേയ്ക്കുന്ന ജോലി നൽകി. എന്നാൽ പന്നിക്കു കൊടുക്കുന്ന മരപ്പയറുപോലും അവനു തിന്നാൻ ലഭിച്ചിരുന്നില്ല ഇത്രയുമായപ്പോൾ അവൻ ചിന്തിക്കുവാൻ തുടങ്ങി. പരിശുദ്ധാത്മാവു വേദപുസ്തകത്തിൽ എഴുതിച്ചിരിക്കുന്നതു് "അപ്പോൾ അവനു് സുബോധം വന്നു" എന്നാണു്.

അവൻ പറയുന്നു: ഞാൻ എഴുന്നേററു് എന്റെ പിതാവിന്റെ ഭവനത്തിലേക്കു പോകും. എന്റെ തെററുകളെല്ലാം ഞാൻ ഏററുപറയും. "പിതാവേ, സ്വർഗ്ഗത്തിന്റെമുമ്പാകെയും അവിടുത്തെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനിയും അവിടുത്തെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. ഒരു കൂലിക്കാരനാ

---

ധാർമ്മികമൂല്യം മുതലായവ സാർവ്വജനകീയമായി പരിണമിക്കുകയും ആശാവഹമായ നിലയിലെത്തുകയും ചെയ്യണം. അപ്പോൾ ഇൻഡ്യയിലെ ശിഥിലീകരണപ്രസ്ഥാനങ്ങളും തകരും. ജനാധിപത്യത്തെ ബൂർഷ്വാഭരണമായി കണക്കാക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും മററു വിപ്ലവപാർട്ടികളും കൂമ്പടയും. ഒടുവിൽ ഇവിടെ രണ്ടു കക്ഷികൾ മാത്രം ശേഷിയ്ക്കും—ഒന്നു് ഒരു ഭരണകക്ഷിയും മറേറതു് പ്രതിപക്ഷവും; രണ്ടിന്റെയും ലക്ഷ്യം രാജ്യക്ഷേമമായിരിക്കും.

അപ്പോൾ സാമൂഹികപരമായ പല നേട്ടങ്ങളുമുണ്ടാകും. മനുഷ്യരുടെ ജീവിതാവസ്ഥക്കു തന്നെയും ഒരു വ്യതിയാനം ഉത്ഭൂതമാകും. അപരിഷ്കൃതങ്ങളായി അധഃപതിച്ചുകിടക്കുന്ന ഗ്രാമപ്രദേശങ്ങളിൽ പുരോഗമനത്തിന്റെ പുതുവെളിച്ചം വീശും. പരിഷ്ക്കാരവും സംസ്കാരവും അതിന്റെ അത്യുച്ചശൃംഗങ്ങളിൽ എത്തിച്ചേരും വിഭവസമ്പത്തുകൾ വർദ്ധിക്കും. ഐശ്വര്യം എവിടെയും കളിയാടുവാൻ തുടങ്ങും. ജനങ്ങൾ പുളകിതഗാത്രരായിത്തീരും.

## ഈ വിഷയത്തെപ്പററി ചില പുസ്തകങ്ങൾ.

ജോൺഡ്യൂയി– "സ്വാതന്ത്ര്യവും സംസ്കാരവും"
Fulton J sheen "Freedom under God"
ജേൺറീഡ്– "ജനാധിപത്യം"
രാധാകൃഷ്ണൻ– "സ്വാതന്ത്ര്യവും സംസ്കാരവും"
Jean whal "Freedom"
M. M, Thomas. ഭരതത്തിലെ രാഷ്ട്രീയ ചിന്താഗതികൾ

യിട്ടെങ്കിലും എന്നെ കൈക്കൊള്ളണം" എന്നപേക്ഷിക്കാം അങ്ങിനെ ചിന്തിച്ചുകൊണ്ട് അവൻ സ്വഭവനത്തിലേക്കു തിരിച്ചു. ദൂരെ വച്ചുതന്നെ അവന്റെ പിതാവ് അവനെ കണ്ടു. അദ്ദേഹം ഓടിച്ചെന്ന് അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു. അവൻ "പിതാവേ, ഞാൻ സ്വർഗ്ഗത്തിന്റെ മുമ്പാകെയും അവിടുത്തെ മുമ്പാകെയും പാപം ചെയ്തുപോയി. ഇനിയും അവിടുത്തെ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല" എന്നു പറഞ്ഞ് ഏങ്ങിക്കരഞ്ഞു. എന്നെ ഒരു വേ



ലക്കാരനെപ്പോലെയെങ്കിലും കൈക്കൊള്ളണം എന്ന് ഈ ഘട്ടത്തിൽ അവൻ പറയുന്നില്ല. അതു നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മകൻ അപ്പനെ അപ്പനായി സ്വീകരിച്ചു. അപ്പൻ മകനെ മകനായും സ്വീകരിച്ചു. അവനെ വേലക്കാരനായിട്ടല്ല അപ്പൻ സ്വീകരിക്കുന്നതു്.

അവന്റെ പിതാവ് അവന്റെമേൽ മനസ്സലിഞ്ഞു. തന്റെ വേലക്കാരെ വിളിച്ചു പറഞ്ഞു. നിങ്ങൾ അവനെ കൊണ്ടുപോയി കുളിപ്പിക്കുക. വിലയേറിയ വസ്ത്രം അവനെ ധരിപ്പിക്കുക. അവന്റെ കൈയ്യ് മോതിരവും കാലുകൾക്ക് ചെരിപ്പും നൽകുക. ഒരു നല്ല കാളക്കിടാവിനെ കൊന്ന് സദ്യ ഒരുക്കുക. നമുക്ക് ഭക്ഷിച്ചു സന്തോഷിക്കാം. എന്തെന്നാൽ ഇവൻ മരിച്ചവനായിരുന്നു. ഇപ്പോൾ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. കാണാതെ പോയിരുന്നു. ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.

ഇതിൽ പറയുന്ന വേലക്കാർ ദൈവത്തിന്റെ പട്ടക്കാരും തിരിച്ചു വന്നവൻ അനുതപിച്ചു വരുന്ന പാപിയുമാകുന്നു. അനുതപിച്ചു വരുന്നവനെ കുമ്പസാരംകൊണ്ടു കുളിപ്പിച്ചു വൃത്തിയാക്കി മേൽത്തരമായ കൃപകൾ വസ്ത്രമായി അവനു നൽകുന്നു. മററു സഹോദരന്മാരുടെ നിലയിലേക്ക് അവനെ ഉയർത്തുന്നു.

എന്നാൽ ആ പിതാവിന്റെ മൂത്തമകൻ വയലിൽനിന്ന് വന്നപ്പോൾ വീട്ടിൽ പാട്ടിന്റെയും മേളങ്ങളുടെയും ശബ്ദം കേട്ടു. "അയാൾ അകത്തു പോകുവാൻ മനസ്സില്ലാതെ നിന്നു" എന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു. അവൻ വേലക്കാരിൽ ഒരുവനെ വിളിച്ചു ചോദിച്ചു അവിടുത്തെ സഹോദരൻ വന്നു. അയാളെ സൗഖ്യത്തോടെ കിട്ടിയതിൽ പിതാവിനു സന്തോഷം തോന്നി ഇതെല്ലാം ഒരുക്കി എന്ന് അവൻ പറഞ്ഞു. അവൻ കോപിച്ചു. അകത്തേക്ക് കയറിയില്ല അതിനാൽ അവന്റെ അപ്പൻ പുറത്തേക്ക് ചെന്നു അയാളെ കണ്ടു. അപ്പോൾ അയാൾ പറയുന്നു. പിതാവെ! വളരെ നാളായി ഞാൻ അങ്ങേ സേവിക്കുന്നു. അവിടുത്തെ കല്പന ഒന്നും ഞാൻ ലംഘിച്ചിട്ടില്ല. എന്നിട്ട് എന്റെ കൂട്ടുകാരോടുകൂടി സന്തോഷിക്കുവാൻ അവിടുന്ന് ഒരു ആട്ടിൻകുട്ടിയെപ്പോലും തന്നിട്ടില്ല. ദുർവൃത്തനായി നടന്ന് സകലവും നശിപ്പിച്ചശേഷം തിരിച്ചു വന്ന ഇവനെ കണ്ടപ്പോൾ പിതാവ് എന്തെല്ലാം ചെയ്തു? എന്നു പറഞ്ഞു. ഇവിടെ ഈ സഹോദരൻ തന്റെ സ്വന്തം സഹോദരനെ വീക്ഷിക്കുന്നതു് അവൻ ചെയ്ത തിന്മകളിൽ കൂടിയാണ്. ആ തിന്മകളെല്ലാം വിവരിച്ചുകൊണ്ട് അവൻ സ്വസഹോദരനാണെന്നുള്ളതു് അവൻ മറന്നുകളയുന്നു. പിതാവു കണ്ടപ്പോഴോ അവ

ൻെറ തെററുകളെല്ലാം വിസ്മരിച്ചിട്ട് മകൻ എന്നുള്ള നിലയിൽ അവനെ കാണുന്നു. അതു പോലെയാണു നാമും ചെയ്യേണ്ടതു്.

ഒരു ഇടവകയിൽ കുറെ ഇടവകക്കാരുണ്ടായിരുന്നു. ഒരു പുതുക്രിസ്ത്യാനി അവിടെയിടവക ചേരണമെന്നു പറഞ്ഞു ചെന്നു. ആ ഇടവക്കാർ എതിർത്തു. അയാളുടെ മേൽ നൂറു നൂറു കുററങ്ങൾ ആരോപിച്ചു. അയാൾ അകത്തോലിക്കാസഭയിൽ പോയി കല്യാണം നടത്തിച്ചു. അയാൾ ക്രൂരനാണ് മുക്കനാണ്. അയാളെ ഇടവകാംഗമാക്കിയാൽ ഞങ്ങളെല്ലാവരും പിരിഞ്ഞു പോകും. എന്നൊക്കെ പറഞ്ഞു പാവപ്പെട്ട വികാരിയച്ചൻ വഴക്കു ഭയന്നു് അവനെ ചേർത്തില്ല. എന്താണു കാരണം. അവൻ സഹോദരനാണെന്നുള്ളതു് അവരെല്ലാം വിസ്മരിച്ചുകളഞ്ഞു. കാണാതെപോയതിനെ കണ്ടുപിടിച്ചു് രക്ഷിക്കുവാനാണ് യേശു തൻെറ സഭയെ നിയമിച്ചിരിക്കുന്നതു്. അല്ലാതെ കുററംപറഞ്ഞു് അകററിക്കളയുവാനല്ല. ആ മനുഷ്യനെ സഹോദരനെന്നു കരുതിയിരുന്നു എങ്കിൽ ആ ആരോപണങ്ങൾക്കെല്ലാം സമാധാനം അവർ തന്നെ കാണുമായിരുന്നു.

അവൻെറ അപ്പൻ പറയുന്നു. എൻെറ മകനെ നീ എല്ലായ്പോഴും എന്നോടുകൂടെ ആയിരുന്നുവല്ലോ. എനിക്കുള്ളതെല്ലാം നിനക്കുള്ളതാകുന്നു. എന്നാൽ ഇവൻ മരിച്ചുപോയിരുന്നു. ഇപ്പോൾ വീണ്ടും ജീവിച്ചിരിക്കുന്നു. ആകയാൽ, നാം സന്തോഷിച്ചാനന്ദിക്കേണ്ടതല്ലയോ എന്നു പറഞ്ഞു. മകനായി കരുതിയപ്പോൾ അവനെ സ്വീകരിക്കുന്നതിനു് എന്തെല്ലാം ന്യായങ്ങൾ പിതാവിനു് തോന്നിയെന്നു് നോക്കുക. ഈ ഉപമ പറഞ്ഞ അവസരംകൂടി അറിഞ്ഞിരിക്കണം.

യേശുക്രിസ്തു പാവങ്ങളോടും അഗതികളോടും അടുത്തു പെരുമാറുന്നു! അവരെ അകലെ മാററി നിറുത്തുന്നില്ല! ഇവൻ പാപിയുടെയും ചുങ്കക്കാരുടെയും സ്നേഹിതൻ! ശമരിയാക്കാരൻ! എന്നൊക്കെ യഹൂദ പ്രമാണികൾ യേശുവിനെ കുററം പറയുന്ന അവസരമായിരുന്നു അതു്. അധകൃതർ എതെല്ലാം നിയമങ്ങളും കല്പനകളും ലംഘിച്ചു് നടക്കുന്നവരാണെന്നു് ഓർക്കാതെ അവരെ സഭയിൽ ചേക്കരുതു് എന്നാണു് സൊപ്രേന്മാരുടെയും പ്രീശേന്മാരുടെയും അഭിപ്രായം. മോടിയായി വസ്ത്രം ധരിച്ചു നടക്കുക. പ്രാത്ഥനയ്ക്കു മുമ്പു കാൽ കഴുകുക ആദിയായവകളാണു് ദൈവമനുഷ്യരുടെ ലക്ഷണം എന്നവർ തെററിധരിച്ചിരുന്നു. കരുണ, സഹോദരസ്നേഹം ദീനാനുകമ്പ മുതലായവ അവരിൽ കാണപ്പെട്ടിരുന്നില്ല. അവയാണല്ലോ ദൈവം ഇഷ്ടപ്പെടുന്നതു്. അതു് അവർ ചിന്തിച്ചില്ല. ആ സന്ദർഭത്തിലാണു് യേശു ഈ ഉപമ പറഞ്ഞതു്.

മനുഷ്യരെല്ലാം ദൈവത്തിൻെറ മക്കളാണു്. അവർ തമ്മിൽ തമ്മിൽ സഹോദരന്മാരുമാണു്. ആ ചിന്തയില്ലാതെ മനുഷ്യകുലം പ്രവത്തിച്ചുപോയതിനാലവർ അധപതിച്ചുപോയി. ചെററിൽ വീഴുന്നവൻ ക്രമേണ അതിൽ താണുകൊണ്ടിരിക്കും. അതിൽ നിന്നവനെ രക്ഷിക്കുവാൻ വെളിക്കുനിന്നു് ആരെങ്കിലും വരണം. അങ്ങിനെ വന്നയാളാണു് ക്രിസ്തു. ക്രിസ്തുവിനെ നമ്മുടെ രക്ഷകനായി അയച്ചുതന്നതു് പിതാവായ ദൈവമാണു്. അദ്ദേഹം തൻെറ ഏകജാതനെ അയക്കുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്കു് സ്നേഹിച്ചു എന്നു് നാം വായിക്കുന്നു. ആകയാൽ നാം ക്രിസ്തുവിനെ അനുകരിച്ചു ജീവിക്കണം. മനുഷ്യൻ അവൻെറ ബലഹീനത മൂലം എത്രതന്നെ ചീത്തയായിപ്പോയിരുന്നാലും അവനെ രക്ഷിക്കുന്നതിനു് വേണ്ടതെല്ലാം ചെയ്യണം. അതാണു് ഒരു ക്രിസ്ത്യാനിയുടെ ധമ്മം. എന്നാൽ മനുഷ്യനെ പരിശോധിച്ചു് കുററങ്ങൾ കണ്ടുപിടിച്ചു് കൊള്ളരുതാത്തവരെ തള്ളിക്കളയുകയെന്നതാണു് ക്രിസ്തീയ സഭയുടെ ജോലിയെന്നു് തെററിധരിച്ചിരിക്കുന്നവർ പലരുണ്ടു്.

നാം മററുള്ളവരുടെ കുററങ്ങൾ ചികഞ്ഞു പെറുക്കി എടുക്കുന്നതുപോലെ ഇപ്പോൾ ദൈവം നമ്മോടു് പ്രവത്തിച്ചാൽ ആക്കു് നിലനില്ക്കാൻ കഴിയും. കാർ ഓടിക്കുന്നവർ ആ കാറുണ്ടാക്കിയവൻ പറയുന്ന വിധത്തിൽ അതോടിക്കണം. അവൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം തെററിച്ചു കാറോടിച്ചാൽ അപകടത്തിൽ ചെന്നു ചാടും. നമ്മെ സൃഷ്ടിച്ചതു ദൈവമാ

ണ്. ദൈവം പറയുന്നപ്രകാരം ജീവിക്കണം. അല്ലെങ്കിൽ അപകടമാണ്. പുതിയ സോഷ്യലിസത്തിന്റെ കാലമാണിത്. എല്ലാവരും സഹോദരന്മാരാണെന്നുള്ള നിലയെ മുൻനിവൃത്തിയുള്ള ഒരു കാൽവയ്പാണ് അത് എന്നവർ പറയുന്നു. അങ്ങനെയെങ്കിൽ അതു നല്ലതുതന്നെ. എന്നാൽ അതുമാത്രം പോരാ. നമുക്കെല്ലാം പിതാവായ ഒരു ദൈവവും കൂടെയുണ്ട്. ആ ദൈവത്തെ അകററിനിവൃത്തിക്കൊണ്ട് സോഷ്യലിസം മുമ്പോട്ടു പോയാൽ അത് മല്ലന്മാരുടേയും അക്രമികളുടേയും കയ്യിൽ ചെന്നാവസാനിക്കും. അതു സഹോദരമർദ്ദനമായി പരിണമിക്കയും ചെയ്യും. ദൈവം നമ്മുടെ പിതാവാണ്. അദ്ദേഹത്തിനു നമ്മുടെ പരിഷ്കരണത്തിലും പ്രഥമസ്ഥാനം കൊടുക്കണം. ദൈവത്തിനുള്ളത് ദൈവത്തിനും മനുഷ്യനുള്ളത് മനുഷ്യനും നൽകുക.

ഇളയമകൻ ആദാമിനെപ്പോലെ അവകാശമെല്ലാം വാങ്ങിക്കൊണ്ടുപോയി. ചീത്തക്കൂട്ടുകാരോടുകൂടെ കൂടി അതുമുഴുവനും നശിപ്പിച്ചവനാണ്. ദൈവകൃപ നൾകിക്കൊണ്ടാണ് ദൈവം ആദാമിനെ സൃഷ്ടിച്ചത്. പിശാചിനോടുകൂടെ കൂട്ടുപിടിച്ച് ആദാം അതുമുഴുവനും നശിപ്പിച്ചു അവൻ നഗ്നനായി തീർന്നു. അവൻ അനുതപിച്ചു തിരിച്ചു വരുമ്പോൾ അവൻ നിരസിച്ചിട്ടേച്ചുപോയ കൃപകൾ ദൈവം അവനെ വീണ്ടും ധരിപ്പിക്കും. ആ കൃപാവസ്ത്രങ്ങളെല്ലാം അവനെ ധരിപ്പിക്കുവാൻ പിതാവു് തന്റെ വേലക്കാരോടു പറയും. പാപിക്കുള്ള രക്ഷാമാർഗ്ഗം യേശുവിലുള്ള ശരണവും പാപത്തെ പററിയുള്ള അനുതാപവുമാണ്. സഹോദരസ്നേഹം നിനക്കുണ്ടോ. ഉണ്ടെങ്കിൽ നീ സഹോദരനെ ഇത്ര കുററം വിധിക്കുകയില്ല.

ഒരിക്കൽ ഒരു തൊഴിലാളി ഉണ്ടായിരുന്നു. അവൻ നല്ല ഒരു മരംവെട്ടുകാരനും തടി അറക്കുന്നവനും ആയിരുന്നു. ദിവസം നാലഞ്ചുരൂപാ അവനു കിട്ടുമായിരുന്നു. അതുകൊണ്ട് അവന്റെ കുടുംബം സുഖമായി കഴിഞ്ഞു വന്നിരുന്നു. അങ്ങിനെയിരിക്കെ ചില ചീത്ത കൂട്ടുകാർ അവനുണ്ടായി. കുറേശ്ശെ കള്ളുകുടി തുടങ്ങി ഒടുവിൽ ഒരു മുഴുക്കുടിയനായി തീർന്നു. കിട്ടുന്ന പണമെല്ലാം കള്ളുകുടിച്ചു തീർക്കും. ഭാര്യയും കുഞ്ഞുങ്ങളുമെല്ലാം പട്ടിണിയായായി. ഒരിക്കൽ ആ കള്ളുഷാപ്പിൽ വച്ച് ഒരു അടികലശലുണ്ടായി. അത് കത്തിക്കുത്തിലും ഒരുവന്റെ മരണത്തിലുമവസാനിച്ചു. ഒടുവിൽ കേസായി. പന്ത്രണ്ടു കൊല്ലത്തെ ശിക്ഷവാങ്ങി അവൻ ജയിലിലുമായി. ജയിലിൽ കള്ളുകിട്ടുകയില്ലല്ലോ. അങ്ങിനെ വന്നപ്പോൾ അവൻ പശ്ചാത്തപിക്കുവാനും പ്രിയപ്പെട്ട ഭാര്യയേയും കുഞ്ഞുങ്ങളേയും പററി ചിന്തിക്കുവാനും തുടങ്ങി.

അവന്റെ ഭാര്യ പട്ടിണികിടന്നു രോഗിയായി. കുഞ്ഞുങ്ങളെ പോററാൻ നിവൃത്തിയില്ലാതെ ദുഃഖിച്ചു മരിച്ചു. അവളെ അടക്കാൻ കൊണ്ടുപോകുന്നതിനു മുമ്പ് അവളുടെ തലമുടിയിൽ കുറെ അവളുടെ കുഞ്ഞുമകൾ വെട്ടിയെടുത്ത് ഓർമ്മയ്ക്കായി സൂക്ഷിച്ചു. പലപ്പോഴും അവൾ അതെടുത്തു വച്ച് ഉമ്മവെച്ചു കരയും. ഒടുവിൽ ക്രിസ്തുമസ് വന്നു. ജയിലിൽ കിടക്കുന്ന കുററവാളികൾക്ക് വല്ല സമ്മാനവും കൊടുക്കണമെന്നു് വെളിക്കുള്ള ബന്ധുക്കൾക്ക് തോന്നിയാൽ അന്ന് അതു കൊടുക്കുവാനനുവദിക്കുമായിരുന്നു. പിതാവിനു് എന്താണു കൊണ്ടുപോകേണ്ടതെന്നു് ആ പെൺകുഞ്ഞ് ആലോചിച്ചു. ഒന്നും കിട്ടിയില്ല അവൾ ആ തലമുടിക്കെട്ടുമായി മററുള്ളവരോടൊന്നിച്ച് ആ ജയിൽവാതുക്കൽ പോയി നിന്നു. തന്റെ ഓമനമകൾ കാണാൻ വന്നിരിക്കുന്ന കാര്യം അവനെ അറിയിച്ചു. അവൻ വലിയ പ്രത്യാശയോടുകൂടെ ഇറങ്ങിച്ചെന്നു് തന്റെ രണ്ടു കരങ്ങളിലുമായി അവളെ കോരിയെടുത്തു. ഉമ്മവെച്ചു അവളുടെ മടിയിൽ നിന്നു് ആ പൊതിക്കെട്ട് അവൻ തന്നെ വാങ്ങി ജിജ്ഞാസയോടെ അഴിച്ചു. അത്ഭുതം, കുറെ രോമക്കെട്ട്. ഇതെന്താ മോളെ അവൻ ചോദിച്ചു. അമ്മച്ചി മരിച്ചുപോയി. അപ്പച്ചനെ കാണിക്കുവാനായി ഞാൻ വെട്ടിയെടുത്തതാണു' എന്നവൾ പറഞ്ഞു കരഞ്ഞു. അവൻ ദൈവത്തിൽ നിന്നകന്നു ജീവിച്ച താന്റെ തെററിനെക്കുറിച്ച് വളരെ മനസ്തപിച്ചു. എന്റെ തെററായ നടപടിയുടെ ഫലം

ഞാൻ മാത്രമല്ല എൻെറ ഭാര്യയും കുഞ്ഞുങ്ങളും കൂടി അനുഭവിക്കേണ്ടിവന്നുവല്ലോ എന്നോർത്തു് അവനും കരഞ്ഞു. നമുക്കുള്ളതെല്ലാം ദൈവത്തിൻെറ ദാനമാണു്. നാം അതിൻെറ ടസ്റ്റിമാത്രമാണു്. ദൈവഹിതം നോക്കി നാം അതുപയോഗിക്കണം. അല്ലാതെ ഉപയോഗിച്ചതിൻെറ ഫലമാണു് ലോകത്തിലെ കഷ്ടതകളെല്ലാം.

മൂത്തമകൻ കോപിച്ചു് വീട്ടിൽ കയറാതെ വെളിക്കുനിന്നു എന്നു നാം വായിക്കുന്നു. അധകൃതരെ പള്ളിയിൽ കയററിയാൽ ഞങ്ങൾ പള്ളിയിൽ കയറുകയില്ലെന്നു് പറയുന്നവരില്ലയോ. ഒരു കൂട്ടം ആളുകളെ നികൃഷ്ടരായും ത്യാജ്യരായും കരുതി യഹൂദപ്രമാണികൾ അവരെ പുറംതള്ളിയിരുന്നു. യേശുവിൻെറ കാലത്തെ പല ശാസ്ത്രിമാരുടേയും പ്രീശന്മാരുടേയും പെരുമാററം അങ്ങിനെയായിരുന്നു. ഇക്കാലത്തെ പല സുറിയാനിക്കാരുടേയും താണജാതിക്കാരോടുള്ള പെരുമാററം ഇതിലും കഷ്ടമാണു്. മൂത്തമകൻ ഇളയവൻെറമേൽ ചുമത്തിയ കുററങ്ങൾ എന്തെല്ലാമായിരുന്നു. അവൻ വേശ്യകളോടുകൂടെ നടന്നു. പണമെല്ലാം ധൂർത്തടിച്ചു. പന്നിയെ തീററിനടന്നു. അവനും ഒരു പന്നിയായിത്തീന്നു. അങ്ങിനെയുള്ളവനെ അപ്പൻ വിളിച്ചു വീട്ടിൽ കയററി. എത്ര വിലയേറിയ വസ്ത്രം ധരിപ്പിച്ചാലും അവൻെറ ഹീനത പോകുമോ. എന്നിങ്ങനെ നൂറു നൂറു കുററങ്ങൾ ആ മൂത്തമകൻ പറഞ്ഞു. അതു തന്നെയാണു് ചില സുറിയാനിക്കാർ ഇന്നു് അവരുടെ സഹോദരങ്ങളായ അവശ ജാതികളെ പററി പറഞ്ഞു് അവരെ പള്ളിയിൽ കയററാതെ ഇരിക്കുന്നതു്. വല്ല പുലയനേയോ പറയനേയോ മാമോദീസാ മുക്കി പള്ളിയിൽ കയററിയാൽ ഞാനും എൻെറ ഭാര്യയും കുഞ്ഞുങ്ങളും ആ പള്ളിയിൽ വരികയില്ല. ഞങ്ങളുടെ ഒററയ്ക്കു നിന്നു് അവർ വി. കുർബ്ബാന കൈക്കൊള്ളുവാൻ പാടില്ല. ഞങ്ങൾ സ്പ്റെക്കു് നടത്തും എന്നൊക്കെ പറയുന്നവരില്ലെ. അങ്ങിനെ ഒരു പള്ളിയിൽ വാക്കൌട്ടു് നടത്തിയതായും കേട്ടു. ഇന്നു് ക്രിസ്തു എവിടെ സുറിയാനിക്രിസ്ത്യാനി എവിടെ. ഇന്നത്തെ ചില ക്രിസ്ത്യാനികളുടെ നില ക്രിസ്തുവിൻെറ മനസ്ഥിതിയിൽ നിന്നും എത്രമാത്രം അകന്നാണിരിക്കുന്നതു്. നിങ്ങൾ ഒന്നു ചിന്തിച്ചുനോക്കു? ആരെയും കുററം വിധിക്കുവാനല്ല ഞാൻ പറയുന്നതു്. നാം എത്രമാത്രം ക്രിസ്തുവിനോടു് അടുക്കേണ്ടിയിരിക്കുന്നു എന്നു കാണിക്കാനാണു് ഞാൻ ഈ അകലം ചൂണ്ടിക്കാണിക്കുന്നതു്. നമ്മുടെ സഹോദരന്മാരുടെ കുററങ്ങളെ അവരോടു നാം ക്ഷമിയ്ക്കുകയില്ലെങ്കിൽ നമ്മുടെ കുററങ്ങളെ ദൈവം നമ്മോടും ക്ഷമിക്കുകയില്ല. ഇപ്പോൾ ന്യായവിധിയുടെ കാലമല്ല പ്രത്യുത കരുണ കാണിപ്പാനുള്ള കാലമാണു്. ദൈവം നമ്മോടു കരുണ കാണിച്ചിരിക്കുന്നതു പോലെ നമ്മുടെ സഹോദരങ്ങളോടു നാമും കരുണ കാണിപ്പാൻ ഉള്ള കാലമാണിതു്. നീ അങ്ങിനെ ചെയ്യുമോ. മനുഷ്യമക്കളെ തമ്മിൽ വേർതിരിക്കുന്നതായ ജാതിവ്യത്യാസം ആരുണ്ടാക്കി. ദൈവമല്ല അതുണ്ടാക്കിയതു്. മനുഷ്യരാണതുണ്ടാക്കിയതു്. മൂത്തവനും ഇളയവനും ഒരു അപ്പൻെറ മക്കളായിരുന്നു. ഒരു വീട്ടിൽ താമസിച്ചുവന്നവരായിരുന്നു. എന്നാൽ ഇളയവൻ പിതാവിൽ നിന്നകന്നുപോയി. ദൈവത്തെ മറന്നു ജീവിച്ചു. അങ്ങിനെ അവന ധകൃതനായി. അവനെ തിരിച്ചു വരുത്തേണ്ടതു് സുറിയാനിക്കാരുടെ കടമയല്ലെ.

രണ്ടുപേർ പള്ളിയിൽ പ്രാർത്ഥിക്കാൻ വന്നു. ഒരു പ്രീശനും ഒരു ചുങ്കക്കാരനും. ആ കഥ എല്ലാവക്കുമറിയാം. ആ പ്രീശനെപ്പോലെ നീ ജീരകത്തിലും ചീരയിലുമെല്ലാം പള്ളിക്കുള്ള പതാരം കൊടുക്കുന്നവനായിരിക്കാം കുമ്പസാരിക്കുന്നവനും കുർബ്ബാനയനുഭവിക്കുന്നവനുമായിരിക്കാം. ക്രിസ്തു നിർദ്ദേശിക്കുന്ന സഹോദരസ്നേഹവും ദീനാനുകമ്പയും നമുക്കുണ്ടായില്ലെങ്കിൽ നമ്മുടെ സകല പുണ്യപ്രവൃത്തികളും നിഷ്ഫലമായിരിക്കുകയെ ഉള്ളുവെന്നു് നാം ഓക്കണം.

# ആത്മികൻെറ ലക്ഷണങ്ങൾ

## (W. A. T.)

യഥാർത്ഥ ആത്മീകത്വത്തെ സംബന്ധിച്ചു് ക്രിസ്തീയ സഭയ്ക്കുള്ളിൽതന്നെ വിവിധ ധാരണകളുണ്ടു്. മതപരമായ കാര്യങ്ങൾ തുടർച്ചയായി സംസാരിച്ചുകൊണ്ടു് നടക്കുന്ന ആളുകളെ വളരെ ആത്മികരായി ചില വൃത്തങ്ങൾ ഗണിക്കുന്നു. ഒച്ചപ്പാട്ടുകളോടുകൂടെയുള്ള ഉത്സാഹപ്രകടനം ആത്മിയത്വത്തിൻെറ ലക്ഷണമായി മററു ചിലർ സ്വീകരിക്കുന്നു. ചില സഭായോഗങ്ങളിൽ ആദ്യം പ്രാർത്ഥിക്കുകയും ഏററവും ദീർഘമായും ശബ്ദമുയർത്തിയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരെ ഏററവും ആത്മീയരായി പ്രകീർത്തിക്കുന്നു.

ശക്തിയോടെ സാക്ഷിക്കുന്നതും, കൂടെക്കൂടെ പ്രാർത്ഥിക്കുന്നതും, ഉച്ചത്തിൽ സ്തോത്രം ചെയ്യുന്നതും യഥാർത്ഥ ആത്മീകത്വത്തിൻെറ ചിഹ്നങ്ങൾ തന്നെ ആയിരിക്കാം. എന്നാൽ അവ മാത്രംകൊണ്ടു് ആത്മീകത്വമാകയില്ലെന്നും, ആത്മീകത്വമുള്ളതിൻെറ തെളിവാകയില്ലെന്നും ഓർത്തിരിക്കേണ്ടതു് അത്യാവശ്യമാണു്.

യഥാർത്ഥ ആത്മീയത്വം ശക്തിയായ ചില ആഗ്രഹങ്ങളാൽ പ്രകടമാകും. ഈ ആഗ്രഹങ്ങൾ ആത്മികൻെറ ഹൃദയത്തിൻെറ ആഴത്തിൽനിന്നുള്ളവയും സ്ഥിരമായി നിലനില്ക്കുന്നവയും അത്രേ. ജീവിതയാത്രയേ നയിക്കയും നിയന്ത്രിക്കയും ചെയ്യത്തക്ക ശക്തിയുള്ളവയായിരിക്കും. ഈ ആഗ്രഹങ്ങൾ സൗകര്യത്തിനുവേണ്ടി അവയെ എണ്ണമിട്ടു താഴെച്ചേർക്കുന്നു. (പ്രാധാന്യം തീരുമാനിച്ചു് ക്രമനമ്പരിട്ടിരിക്കുകയല്ല എന്നു പറഞ്ഞുകൊള്ളട്ടെ)

1. സന്തോഷവാന്മാരാകുക എന്നതല്ല വിശുദ്ധിയുള്ളവരാകുക എന്നതാണു് ഈ ആഗ്രഹങ്ങളിൽ ഒന്നു്. ഉന്നതമായ വിശുദ്ധ ജീവിതം നയിക്കുന്നു എന്നു പറയപ്പെടുന്ന ക്രിസ്ത്യാനികളിൽ വളരെ വ്യാപകമായി സന്തോഷത്തിനുവേണ്ടിയുള്ള ആർത്തി കാണുമ്പോൾ വിശുദ്ധിയുടെ അഭാവത്തെയാണു് അതു സൂചിപ്പിക്കുന്നതു്. തൻെറ തിരുവിഷ്ടമനുസരിച്ചു് ദൈവം സമൃദ്ധമായ സന്തോഷം നല്കുമെന്നും നമ്മുടെ ആത്മാക്കൾക്കു് അപകടം കൂടാതെ അതു സ്വീകരിക്കത്തക്കരീതിയിൽ നമ്മെ ഒരുക്കിയതിനുശേഷം തൻെറ തിരുമനസ്സാകുന്ന സമയത്തു ദൈവം അതു നല്കുമെന്നും ആത്മികനു് അറിയാം. അതു് ഉടൻ ലഭിക്കണമെന്നു് അവർ അവകാശവാദം നടത്തുകയില്ല. മെത്തഡിസ്റ്റു് സഭയിൽ ആദ്യകാലത്തുണ്ടായ കൂട്ടായ്മകളെ ജോൺവെസ്ലി അനുസ്മരിപ്പിച്ച ഒരു കാര്യം, അവർ സഭായോഗങ്ങൾക്കു് വരുന്നതു് വിശുദ്ധജീവിതം അഭ്യസിക്കേണ്ടതിനു് പകരം മതം കൊണ്ടു സന്തോഷിക്കുവാൻ മാത്രമാണോ എന്നു താൻ സംശയിക്കുന്നു എന്നായിരുന്നു.

2. ഒരുവൻെറ ആഗ്രഹം തനിക്കു താൽക്കാലികമായ അപമാനമോ നഷ്ടമോ ഉണ്ടായാലും ദൈവത്തെക്കുറിച്ചുള്ള ബഹുമാനം മനുഷ്യരിൽ വർദ്ധിക്കണം എന്നാണു് എങ്കിൽ അവൻ ഒരു ആത്മികൻ തന്നെ എന്നു നിർണ്ണയിക്കാം. "നിൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്നു് അവൻ പ്രാർത്ഥിക്കുമ്പോൾ "എനിക്കു എന്തു ചേതം വന്നാലും" എന്നുകൂടെ നിശ്ശബ്ദമായി പ്രാർത്ഥിക്കും. ഉള്ളിൽനിന്നും യഥാനിമിഷം ലഭിക്കുന്ന ഉത്തേജനത്താൽ ദൈവത്തിനു മഹത്വമുണ്ടാകുവാൻ വേണ്ടി അയാൾ ജീവിക്കുന്നു. ദൈവമഹത്വം ഉൾക്കൊള്ളുന്ന ഏതൊരു തെരഞ്ഞെടുപ്പും അയാൾക്കു് ആവിർഭവിക്കുന്നതിനു മുമ്പേ തീരുമാനിക്കപ്പെട്ടിരിക്കുന്നു. അതു് മനസ്സിൽ തൂക്കിനോക്കേണ്ട ആവശ്യം അയാൾക്കുണ്ടാകുന്നില്ല. അതേക്കുറിച്ചു് ഒരു വാദപ്രതിവാദത്തിനു് അയാളിൽ സംഗതിയില്ല. ദൈവത്തിനു മഹത്വമുണ്ടാകുക എന്നതു് അയാളുടെ ആവശ്യമാണു്. ശ്വാസം മുട്ടി നില്ക്കുന്നവൻ ശുദ്ധവായുവിനു വാപൊളിക്കുന്നതുപോലെ അയാൾ ദൈവത്തിനു മഹത്വമുണ്ടാകുവാൻ ആഗ്രഹിക്കുന്നു.

3 ആത്മികൻ തൻെറ കുരിശു ചുമക്കുവാൻ ഇച്ഛിക്കുന്നു. എതിർപ്പുകളോ കഷ്ടപ്പാടുകളോ ഉണ്ടാകുമ്പോൾ ഒരു നെടുവീർപ്പോടെ അവയെ സ്വീകരിച്ചു് അവയെ തങ്ങളുടെ കുരിശു് എന്നു വിളിക്കുകയാണു് പല ക്രിസ്ത്യാനികളും ചെയ്യുന്നതു്, അത്തരം അനുഭവങ്ങൾ പുണ്യവാനെന്നോ പാപിയെന്നോ ഉള്ള ഭേദം കൂടാതെ ഏവർക്കും നേരിടുന്നവയാണെന്നു് അവർ മറന്നുകളയുന്നു.

"കുരിശ്" എന്നതു് ക്രിസ്തുവിനോടുള്ള അനുസരണത്തിൻെറ ഫലമായി നമുക്കു കൂടുതലായി നേരിടേണ്ടിവരുന്ന എതിർപ്പും കഷ്ടാനുഭവവും ആണു്. കുരിശു് ഒരിക്കലും നമ്മുടെമേൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ല. ഭവിഷ്യത്ഫലങ്ങളെ മുഴുവൻ അറിഞ്ഞുകൊണ്ടു് സ്വന്ത മനസ്സാ നാം കുരിശു് എടുക്കുകയാണു് ചെയ്യുന്നതു്. ക്രിസ്തുവിനെ അനുസരിക്കും എന്ന തെരഞ്ഞെടുപ്പു നാം നടത്തുകയും അതോടൊത്തു് കുരിശു ചുമക്കുന്നതും തെരഞ്ഞെടുക്കയും ആണു് ചെയ്യുന്നതു്.

ക്രൂശു ചുമക്കുക എന്നതിൻെറ അർത്ഥം ജീവിക്കുന്ന ക്രിസ്തുവിനോടു് ഉററ ബന്ധം പുലത്തുക എന്നാണു്. അതായതു്, ക്രിസ്തുവിൻെറ കർതൃത്വത്തിനു സമർപ്പിക്കപ്പെട്ടിരിക്കയും തൻെറ പ്രമാണങ്ങളോടു് അനുസരണം പാലിക്കയും ചെയ്യുക എന്നാണു്. ഇപ്രകാരം ക്രിസ്തുവിനോടു് ഉററ ബന്ധം പുലർത്തുകയും, സമർപ്പിതനായി അനുദിനം ജീവിക്കയും അനുസരണം പാലിക്കയും ചെയ്യുന്നവൻ ആത്മികനാണു്.

4 സകലത്തെയും ദൈവത്തിൻെറ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു കാണുവാൻ ഒരു ക്രിസ്ത്യാനിക്കു കഴിയുമ്പോൾ അയാൾ ആത്മികനാണു് എല്ലാ കാര്യങ്ങളും ദൈവീയ ത്രാസ്സിൽ തൂക്കിനോക്കുകയും ദൈവം കൽപ്പിക്കുന്ന വില മാത്രം അവയ്ക്കു നേരുകയും ചെയ്യുക പരിശുദ്ധാത്മ നിറമുള്ള ഒരു ജീവിതത്തിൻെറ ലക്ഷണമാണു്.

ദൈവത്തിൻെറ നോട്ടം പുറമേ അവസാനിക്കാതെ യാഥാത്ഥ്യങ്ങളുടെ ഉള്ളിലേയ്ക്കു തുളച്ചുകയറി ഉള്ളതുപോലെ കാണുന്നതത്രേ. ജഡീകനായ ക്രിസ്ത്യാനി ഒരു സംഗതിയോ പരിതസ്ഥിതിയോ അഭിമുഖീകരിക്കുമ്പോൾ യാഥാർത്ഥ്യം മനസ്സിലാക്കാതെ ബാഹ്യവശം മാത്രം കണ്ടു് ആഹ്ളാദിക്കയോ ചെയ്യുന്നു. ആത്മികനാകട്ടെ ദൈവം വിവേചിക്കുന്നതുപോലെ സകലവും വിവേചിക്കുന്നു. എല്ലാ കാര്യങ്ങളും ദൈവം കാണുന്നതുപോലെ കാണണമെന്നു് അയാൾക്കു നിർബന്ധമുണ്ടു്. അതു തന്നെ വിനയപ്പെടുത്തുകയും വേദനയുണ്ടാകത്തക്കവിധം തൻെറ അജ്ഞതയെ തുറന്നുകാണിക്കയും ചെയ്താലും ദൈവീക കാഴ്ചപ്പാടു മാത്രമേ അയാൾക്കു തൃപ്തി നൽകൂ.

5 ആത്മികൻെറ മറെറാരു ആഗ്രഹം തെററിൽ ജീവിക്കുന്നതിനേക്കാൾ നീതിയിൽ മരിക്കുക എന്നതായിരിക്കും. പക്വത പ്രാപിച്ച ഒരു ദൈവപുരുഷൻെറ ലക്ഷണമാണു് ജീവിതത്തെക്കുറിച്ചു. വ്യാകുലമില്ലായ്മ ലോകമോഹങ്ങളിലും ശാരീരിക സുഖങ്ങളിലും ആശവച്ചിരിക്കുന്ന ക്രിസ്ത്യാനി മരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ മരവിപ്പിക്കുന്ന ഭയം നേരിടുന്നു. എന്നാൽ അവൻ പരിശുദ്ധാത്മാവിനാൽ ജീവിച്ചുതുടങ്ങുമ്പോൾ ഇഹലോകത്തിൽ തനിക്കു് എത്ര നാൾ ജീവിക്കുവാനുണ്ടു്, എന്നതിനെക്കുറിച്ചു ചിന്തയില്ലാതെയാകുന്നു; എന്നാൽ താൻ ഇവിടെ ജീവിക്കുന്നിടത്തോളം നാൾ ഏതു തരത്തിലുള്ള ജീവിതം നയിക്കുന്നു എന്നതിനെക്കുറിച്ചു് അയാൾ കൂടുതൽ കൂടുതൽ കരുതലുള്ളവനായിത്തീരുന്നു. പരാജയമോ പ്രമാണലംഘനമോ വിലയായിക്കൊടുത്തു് ഏതാനും ദിവസങ്ങൾക്കുടെ തൻെറ ജീവിതത്തിനു വാങ്ങിക്കുവാൻ അയാൾ ഒരുമ്പെടുകയില്ല. അയാളുടെ സർവ്വപ്രധാനമായ ആഗ്രഹം ദൈവപ്രമാണങ്ങളനുസരിച്ചു ശരിയായി ജീവിക്കുക എന്നതായിരിക്കും. താൻ എത്രനാൾ ജീവിക്കണമെന്നു ദൈവം തീരുമാനിച്ചുകൊള്ളുവാൻ അയാൾക്കു സന്തോഷമാണു്. ക്രിസ്തുവിൽ ആയതിനാൽ എപ്പോൾ മരിക്കുന്നതിലും ഒരു തരക്കേടുമില്ലെന്നു് അയാൾക്കറിയാം.

6 തനിക്കു നഷ്ടവും കഷ്ടവും വന്നിട്ടു മററുള്ളവർ പുരോഗമിക്കുന്നതു കാണാനുള്ള ആഗ്രഹം

# നീതിക്കുവേണ്ടിയുള്ള സമരത്തിൽ 'ദാസനും' 'യുവഭാരതി'യും വഹിച്ച പങ്ക്

[എം. എം. വർക്കി, മൂക്കഞ്ചേരിൽ]

കത്തോലിക്കാസമുദായത്തിൻെറ രാഷ്ട്രീയാവശ്യതകൾ മാത്രമല്ല 'ദാസൻ' കൈകാര്യം ചെയ്തിരുന്നത്. സമുദായത്തിൻെറ സാമൂഹ്യവും സാഹിത്യപരവുമായ ഉന്നമനത്തിലും 'ദാസൻ' പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദാസനിൽ രംഗപ്രവേശം ചെയ്ത് എഴുതിതെളിഞ്ഞ പല കത്തോലിക്കാ സാഹിത്യകാരുമുണ്ട്. യുവലേഖകന്മാർ എഴുതിയയയ്ക്കുന്നവയിൽ ഭാഷാപരമായും മററും വേണ്ട സംസ്കരണം നടത്തി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നത് അവർക്ക് ലേഖനവിദ്യയിൽ ഒരു ആശ്വാസമുണ്ടാകുന്നതിനു കാരണമായിത്തീർന്നു. ആധുനികമലയാളഗദ്യത്തിൻെറ ആദ്യമാതൃകയും മലയാളത്തിലെ ഒന്നാമത്തെ യാത്രാവിവരണഗ്രന്ഥവുമായ പാറേമ്മാക്കൽ തൊമ്മാക്കത്തനാരുടെ "വർത്തമാനപ്പുസ്തകം" ആദ്യമായി വെളിച്ചത്തു കൊണ്ടുവന്നത് ദാസനാണ്. ഉത്തരേന്ത്യയിലെ ഒരു കത്തോലിക്കാമഹാറാണിയായിരുന്ന ബീഗം സമ്രുവിൻെറ ചരിത്രം പ്രസിദ്ധീകരിച്ച ചുററുപാട് മുൻപൊരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദാസനിൽ ആ ചരിത്രപരമ്പര വരുന്നതുവരെ ആ മഹാറാണിയെപ്പററി കേരളീയർ കേട്ടിട്ടുതന്നെ ഉണ്ടായിരുന്നില്ല.

കത്തോലിക്കരുടെ സാമുദായ്യസംഘടനയായ കേരളകത്തോലിക്കാ മഹാജനസഭയുടെയും പിന്നീട് കത്തോലിക്കാകോൺഗ്രസ്സിൻെറയും കാര്യത്തിൽ ആദ്യം മുതൽതന്നെ 'ദാസൻ' താല്പര്യം പ്രകടിപ്പിച്ചിരുന്നു. കത്തോലിക്കർക്ക് സംഘടിക്കാതെ രക്ഷയില്ലെന്നുള്ള വസ്തുത തിരുവനന്തപുരത്തു ചെന്ന് അധികം കഴിയുന്നതിനു മുൻപുതന്നെ എനിക്കു ബോദ്ധ്യമായി. തന്മൂലം സംഘടനാകാര്യങ്ങളിലേക്കു സമുദായത്തിൻെറ സർവ്വശ്രദ്ധയും തിരിക്കുന്നതിനു വേണ്ട ഉദ്ബോധനങ്ങൾ നൽകുന്നതിൽ ദാസൻ അമാന്തം കാണിച്ചില്ല. കത്തോലിക്കകോൺഗ്രസ് വാർഷികത്തോടു് അനുബന്ധിച്ചു ദാസൻ പ്രസിദ്ധം ചെയ്ത പുസ്തകരൂപത്തിലുള്ള വിശേഷാൽപ്രതി ഏവരുടെയും അഭിനന്ദനത്തിനു പാത്രമായി. ഒരു കത്തോലിക്കാപത്രം കേരളത്തിൽ ആദ്യമായി ഒരു വിശേഷാൽപ്രതി ഇറക്കിയതു്. ദാസൻെറ ഈ പ്രസിദ്ധീകരണം വഴിയായിരുന്നു. കത്തോലിക്കാസമുദായത്തിലെ അന്നത്തെ മിക്ക എഴുത്തുകാരും അതിൽ അണിനിരന്നു എന്നു മാത്രമല്ല, സമുദായത്തിൻെറ അഭിവൃദ്ധിക്ക് ആവശ്യമായ വിവിധ വിഷയങ്ങളെപ്പററി അതിൽ പ്രതിപാദിക്കുകയും ചെയ്തിരുന്നു.

---

ഒരു ആത്മികൻെറ വേറൊരു ലക്ഷണമാണ്. മററു ക്രിസ്ത്യാനികളെ തന്നെക്കാൾ ഉയർന്നവരായി കാണാൻ അയാൾ ആഗ്രഹിക്കുന്നു. തനിക്കു അസൂയയില്ല. തൻെറ സഹോദരന്മാർ ഉയർത്തപ്പെടുകയോ മാനിക്കപ്പെടുകയോ ചെയ്യുമ്പോൾ അതു ദൈവേഷ്ടമെന്നു മനസ്സിലാക്കി അയാൾ സന്തോഷിക്കുന്നു ദൈവേഷ്ടമേതെല്ലാമായാലും അതിൽ ഒക്കെയും അയാൾ സന്തോഷിക്കുന്നു.

7 ആത്മികൻ ജീവിക്കുന്നതും ചിന്തിക്കുന്നതും തീരുമാനിക്കുന്നതും നിത്യതയുടെ യാഥാർത്ഥ്യബോധത്തോടെയാണ്. വിശ്വാസത്താൽ ദൈവദൂതന്മാരുടെയും സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെയും സഭയിൽ ഇപ്പോൾതന്നെ ജീവിക്കുന്നതിനാൽ തൻെറ ആഗ്രഹം പ്രസിദ്ധനാകുക എന്നതിനേക്കാൾ പ്രയോജനമുള്ളവനാകുവാനും ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾശുശ്രൂഷിക്കുവാനും ആയിരിക്കും. ഒരു മനുഷ്യനും സ്വപ്രയത്നത്താൽ ആത്മികനാകുവാൻ സാധിക്കയില്ല. പരിശുദ്ധാത്മാവും നമ്മെ ആത്മികരാക്കണം. അതിനു നമുക്കു പ്രാർത്ഥിക്കാം. (അരുണോദയം)

തിരുവനന്തപുരത്തെ താമസംകൊണ്ടു് രാഷ്ട്രീയമായ കരുനീക്കങ്ങളുടെ ഗതിവിഗതികൾ ഉടനുടൻ അറിയുന്നതിനുള്ള സന്ദർഭങ്ങൾ എനിക്കു ധാരാളമുണ്ടായിട്ടുണ്ടു്. ആ അറിവു ഉപയോഗിച്ചു് മറുവിധത്തിൽ സംഭവിക്കാമായിരുന്ന പല ദോഷങ്ങളും നിവാരണംചെയ്യുന്നതിനു സാധിച്ചിരുന്നു. അതിലൊന്നാണു് ആലുവാ മംഗലപ്പുഴ സെമിനാരി സ്ഥിതിചെയ്യുന്ന സ്ഥലംസംബന്ധിച്ചുള്ളതു്. കത്തോലിക്കർക്കു് ഒരു സെമിനാരി സ്ഥാപിക്കുന്നതിനു് ഒരുക്കപ്പെട്ടിരുന്ന ആ സ്ഥലം മറ്റൊരു കൂട്ടർക്കു പതിച്ചു കൊടുക്കുന്നതിനു് ഗവണ്മെന്റു ലവലിൽ ശ്രദ്ധേയമായ ഒരു ശ്രമം ദിവാൻ ഒപ്പു വയ്ക്കേണ്ട ഘട്ടംവരെ എത്തി. ആ വിവരം എനിക്കു രഹസ്യമായി ലഭിച്ചു. ഞാനതു ഉടനേ ചുമതലപ്പെട്ട സഭാധികാരികളെ അറിയിച്ചുവെന്നു മാത്രമല്ലാ, സ്വന്തനിലയിൽ ദിവാനൊരു കത്തയയ്ക്കുകയും ചെയ്തു. കത്തോലിക്കരുടേതായ ആ സ്ഥലം അന്യായമായി കൈമാററം ചെയ്താൽ അതേപ്പററി ശക്തിയായ പ്രക്ഷോഭണമുണ്ടാകുമെന്നും വേണ്ടിവന്നാൽ ബ്രിട്ടീഷ് പാർലിമെൻറുവരെ ആ പ്രശ്നം കൊണ്ടുപോകുമെന്നും ആ കത്തിൽ വ്യക്തമാക്കിയിരുന്നു. വിവരം ഗ്രഹിച്ച വസ്തുവകമനർ അനങ്ങിത്തിരിഞ്ഞു തിരുവനന്തപുരത്തു എത്തുന്നതിനു മുമ്പായിത്തന്നെ ദിവാൻജിയെക്കൊണ്ടു് ആ ശ്രമം നിഷ്ഫലമാക്കിത്തീർത്തു.

ഈ വിധത്തിൽ ഞാനുമായി ബന്ധപ്പെട്ട മറ്റൊരു സ്ഥാപനമാണു് ചങ്ങനാശ്ശേരി സെൻറു ബക്ക്മെൻസ് കോളജ്. ആ കോളജിൻെറ ആരംഭകനും ജീവനാഡിയുമായിരുന്നതു് യശശ്ശരീരനായ ഫാദർ മാത്യു പുരയ്ക്കൽ, എം. ഏ. ആയിരുന്നല്ലോ. മഹാനായ ഒരു വിദ്യാഭ്യാസപ്രവർത്തകനും സ്ഥിരോത്സാഹിയുമായിരുന്ന അദ്ദേഹത്തിനു വലിയൊരു ഹൃദയമാണുണ്ടായിരുന്നതു്. തൻെറ സകല താല്പര്യങ്ങളും ജീവിതം തന്നെയും കോളജിനുവേണ്ടി ഉഴിഞ്ഞു വച്ചിരിക്കുകയായിരുന്നു അദ്ദേഹം. ദാസനു് അദ്ദേഹം ചെയ്തുതന്നിട്ടുള്ള സഹായം ഒരു കാലത്തും വിസ്മരിക്കത്തക്കതല്ല. ദാസൻെറ വിതരണം സംബന്ധിച്ചു് ഏതാണ്ടു് എഴുപതു കേന്ദ്രങ്ങളിലെ ഏജൻറായിരുന്നു ഫാദർ പുരയ്ക്കൽ എന്നു പറഞ്ഞാൽ, അദ്ദേഹത്തിൻെറ സഹായഹസ്തം എത്രമാത്രം ശക്തമായിരുന്നു എന്നു മനസ്സിലാക്കാമല്ലോ. വരിക്കാരെ ചേർക്കുക, അവരിൽനിന്നു് വരിസംഖ്യ പിരിച്ചയച്ചുതരിക മുതലായ എല്ലാ ചുമതലകളും സ്വന്തം കാര്യമെന്നപോലെയാണു് അദ്ദേഹം വഹിച്ചിരുന്നതു്. തിരുവനന്തപുരത്തു വരുമ്പോഴൊക്കെ ദാസൻ ആഫീസായിരുന്നു അദ്ദേഹത്തിൻെറ സങ്കേതം. ഞങ്ങൾ തമ്മിൽ രൂഢമൂലമായിരുന്ന ഈ സ്നേഹബന്ധംകൊണ്ടു് കോളജ് സംബന്ധമായ പല കാര്യങ്ങൾക്കും ഞാൻ ഒരു കൂട്ടാളിയായിരുന്നിട്ടുണ്ടു്. ഗവണ്മെൻറിൽ നിന്നും സാധിക്കേണ്ട നിരവധി കാര്യങ്ങളിൽ അദ്ദേഹം എന്നെ ചുമതലപ്പെടുത്തുകയും വിശ്വസ്തതാപൂർവ്വം ഞാനതു നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കോളജ്കാര്യം സംബന്ധിച്ചു് അനേകപ്രാവശ്യം എനിക്കു ചങ്ങനാശ്ശേരിക്കു യാത്രചെയ്യേണ്ടിവന്നിരുന്നു. ചങ്ങനാശ്ശേരിയിൽ പാറയിൽ ആയിരുന്നു അദ്ദേഹത്തിൻെറ താമസം. പല രാത്രികൾ ഞാൻ അവിടെ കഴിച്ചുകൂട്ടിയിട്ടുണ്ടു്. ഇന്നു് ആ കോളജ് കെട്ടിടങ്ങൾ കാണുമ്പോഴും അതേപ്പററി ഓർക്കുമ്പോഴും, ഉറക്കമൊഴിച്ചിരുന്നും ക്ലേശകരമായ ബസ്സുയാത്രകൾ ചെയ്തും അതു കെട്ടിപ്പടുക്കുവാൻ അത്യധ്വാനം ചെയ്തിരുന്ന ബ. പുരയ്ക്കലച്ചൻെറ രൂപവും അദ്ദേഹമൊരുമിച്ചു് അതിനുവേണ്ടി എന്നാൽ കഴിവുള്ളതു ചെയ്തിരുന്ന കാലവുമാണു് സ്മരണയിൽ തള്ളിക്കയറി വരുന്നതു്. കോളജുമായുള്ള ബന്ധം വിട്ടതിനു ശേഷവും അദ്ദേഹം എൻെറ കാര്യത്തിൽ അത്യന്തം തല്പരനായിരുന്നു. ഒരു ഉറച്ച സമുദായസ്നേഹിയായിരുന്നതുപോലെതന്നെ, ഒരു തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു അദ്ദേഹം. അതിനുദാഹരണമായി, എനിക്കു നേരിട്ടനുഭവപ്പെട്ട അനവധി ദൃഷ്ടാന്തങ്ങൾ പറയാനുണ്ടു്. വിസ്തരഭയത്താൽ അതിനു് ഉദ്യമിക്കുന്നില്ലെന്നു മാത്രം.

ഏഴു കൊല്ലത്തെ ആയുസ്സേ ദാസനുണ്ടായിരുന്നുള്ളു. 1933 ഏപ്രിൽ 5-ാം തീയതി തിരുവിതാംകൂർ ഗവണ്മെൻറു അതിൻെറ ലൈസൻസ് റദ്ദുചെയ്തു. ദാസൻെറ മാർച്ച 25-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ The Taught Errant എന്ന മുഖപ്രസംഗം അന്നത്തെ ഭരണാധികാരികൾക്കു് പിടിച്ചില്ലെന്നുള്ളതാണു് ഈ കടുംകൈക്കു് പെട്ടെന്നുണ്ടായ കാരണം. അന്നു സർ സി. പി. രാമസ്വാമി അയ്യർ തിരുവി

താംകൂറിലെ ഒരു ഉദ്യോഗസ്ഥനാകാതെ, തിരുവിതാംകൂർ ഭരണകാര്യങ്ങളിൽ കൈകടത്താതെ വെച്ചിട്ടും മഹാരാജാവിന്റെ രാഷ്ട്രീയോപദേഷ്ടാവായി വാണരുളുകയായിരുന്നു. തിരുവിതാംകൂറിലെ സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്നതിനും ഒരു സമുദായത്തെ മാത്രം പ്രീണിപ്പിക്കുന്നതിനും അദ്ദേഹം സ്വീകരിച്ചുപോന്ന അടവുകളെ ആ മുഖപ്രസംഗത്തിൽ നഗ്നമായും ശക്തിയായ ഭാഷയിലും എടുത്തു കാണിച്ചിരുന്നു. കൂടാതെ ഐ. സി. എസ്. കാരനും വെള്ളക്കാരനുമായ അന്നത്തെ ദിവാൻ മി. ആസ്റ്റിന്റെ ആരേയും ലജ്ജിപ്പിക്കുന്ന നട്ടെല്ലില്ലായ്മയേയും തികഞ്ഞ അപ്രാപ്തിയേയും അതിൽ നിർദ്ദയം വിമർശിക്കുകയും ചെയ്തിരുന്നു.

എന്നാൽ, ദാസനെ ഇല്ലായ്മ ചെയ്യുന്നതിനു കാരണം ഇതൊന്നുമല്ലായിരുന്നു. സർ സി. പി യുടെ പുതിയ ഭരണപരിഷ്ക്കാരത്തെ നഖശിഖാന്തം എതിർക്കുക മാത്രമല്ല, പരിച്ഛേദം ബഹിഷ്ക്കരിക്കുന്നതിനും 'ദാസൻ' നിരന്തരമായി നടത്തിപ്പോന്ന ശ്രമങ്ങളേയും അതു സംബന്ധിച്ചുള്ള ക്രൈസ്തവ-ഈഴവ-മുസ്ലീം സമുദായങ്ങളുടെ പ്രക്ഷോഭണത്തെയും അടിച്ചമർത്താനുള്ള അദ്ദേഹത്തിന്റെ നിഷ്ഠൂരപരിപാടിയുടെ ഒരു ഭാഗമായിരുന്നു 'ദാസൻ വധം'. ദാസൻ ഇല്ലാതായാൽ പ്രക്ഷോഭണം താനേ കെട്ടടങ്ങുമെന്നായിരുന്നു സർ സി. പി. യുടെയും സിൽബന്ധികളുടേയും കണക്കുകൂട്ടൽ. പക്ഷേ, അതിബുദ്ധിമാനായ, എന്നാൽ ഒരു നല്ല രാഷ്ട്രീയതന്ത്രജ്ഞനല്ലാത്ത, അദ്ദേഹത്തെ കബളിപ്പിക്കാൻ എനിക്കു ഒരു പ്രയാസവുമുണ്ടായില്ല. 1933 ഏപ്രിൽ 5-ാം തീയതിയാണല്ലോ ദാസന്റെ ലൈസൻസ് റദ്ദാക്കിയതു്. അതു കഴിഞ്ഞു ഒരുമാസം തികയുന്നതിനുമുമ്പു്, അതായതു് ഏപ്രിൽ 29-ാം തീയതി, ദാസന്റെ സ്ഥാനത്തു് "യുവഭാരതി" എന്ന പേരിൽ എന്റെ സ്വാധിപത്യത്തിൽത്തന്നെ വേറൊരു പത്രം പുറത്തു വന്നു. ദാസനിലേതിനേക്കാൾ രൂക്ഷതരമായ വിമർശനങ്ങളോടെയായിരുന്നു "യുവഭാരതി"യുടെപുറപ്പാടും ദാസന്റെ ലൈസൻസ് റദ്ദു ചെയ്തതിനെ ശക്തിയായി ആക്ഷേപിച്ചുള്ള ലേഖനങ്ങളും പ്രസ്താവനകളുമായിരുന്നു ഏറെനാൾ 'യുവഭാരതി'യിലെ ഉള്ളടക്കം. മാത്രമല്ല, ആ ലൈസൻസ് റദ്ദാക്കാൻ സംയുക്ത സമുദായങ്ങളുടെ പ്രക്ഷോഭണത്തിനു് ശക്തി കൂട്ടാൻ യുവഭാരതിയുടെ പംക്തികൾ എല്ലാ വിധത്തിലും വിനിയോഗിക്കുകയും ചെയ്തു. ഇതു് അന്നത്തെ തലതിരിഞ്ഞ ഭരണാധികാരികൾക്കു് കനത്ത ഒരു അടിയായിരുന്നു. എന്നാൽ ഇവിടംകൊണ്ടും 'ദാസൻ വധ'പ്രക്ഷോഭണം അവസാനിപ്പിച്ചില്ല. ലൈസൻസ് റദ്ദാക്കാൻ ഗവൺമെൻറു കയറിപ്പിടിച്ച ആ സുപ്രസിദ്ധ മുഖപ്രസംഗവും, ആ ഗവൺമെൻറുത്തരവിന്മേൽ അപ്പീലായി, ആ പ്രസംഗത്തേക്കാൾ ശതമടങ്ങു് ശക്തിമത്തായ ഒരു വിമർശനവും, അതിനേയെല്ലാം സാധൂകരിക്കാൻ പററുന്ന ഒട്ടേറെ രേഖകളും ചേർത്തു് ലൈസൻസ് റദ്ദാക്കി ആറാഴ്ചയ്ക്കുള്ളിൽ, ഒരു മെമ്മോറിയൽ തയ്യാക്കി ഗവൺമെൻറിനു സമർപ്പിക്കുകയും അതു് "Byore The Government of Travancore" (തിരുവിതാംകൂർ ഗവൺമെൻറിന്റെ മുമ്പാകെ) എന്ന പേരിൽ ഏറ്റവും ആകർഷകമായ വിധം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മേയ് 13-ാം തീയതിയാണു് ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയ ഈ മെമ്മോറിയൽ ഗവൺമെൻറിലേക്കു സമർപ്പിച്ചതും പ്രസിദ്ധപ്പെടുത്തിയതും. ഇതിന്റെ 1,000 കോപ്പികൾ നാട്ടിലും പുറത്തുമായി അധികാരികൾ, നേതാക്കന്മാർ, പത്രക്കാർ എന്നിവരുടെ ഇടയിൽ സൗജന്യമായി വിതരണം ചെയ്തു. 1,000 കോപ്പികൾ ഒന്നിനു് ഒന്നേകാൽ രൂപാ വെച്ചു വിൽക്കുകയുമുണ്ടായി. പത്രങ്ങളിൽ ചെയ്ത പരസ്യം കണ്ടു് ആവശ്യക്കാർ മുൻകൂർ പണം അയച്ചതന്നാണു് രണ്ടാഴ്ചയ്ക്കുള്ളിൽ ഈ കോപ്പികൾ അത്രയും ചെലവായതു്. ഉടനെതന്നെ ഒരു അവതാരികയും കൂടുതൽ അനുബന്ധങ്ങളും ചേർത്തു് അതിന്റെ രണ്ടാം പതിപ്പു് 2,000 കോപ്പികൾ തയ്യാറാക്കി. അതും ഒരു മാസത്തിനകം വിററു തീരുകയാൽ, മൂന്നാമതൊരു പതിപ്പിലും കൂടുതൽ രേഖകൾ ഉൾപ്പെടുത്തുകയുണ്ടായി. ക്രൗൺ നാലിലൊന്നു സൈസിൽ (ഈ മാസികയുടെ വലിപ്പത്തിൽ) 112 പുറങ്ങൾ അടങ്ങിയതാണു് ഈ മൂന്നാം പതിപ്പു്. ഇതിൽ 23 പേജുകൾ അടങ്ങുന്ന അവതാരികയും, 19 പേജുകളിൽ മെമ്മോറിയലും, 70 പുറങ്ങളിൽ 25 അനുബന്ധങ്ങളുമാണു് അടങ്ങിയിരിക്കുന്നതു്. അന്നത്തെ രാഷ്ട്രീയ തിരുവിതാംകൂറിന്റെ ഒരു തനിച്ചിത്രമാണു് ഈ ഗ്രന്ഥമെന്നു് നിസ്സംശയം പറയാം. മൂന്നാം പതിപ്പു മുഴുവനും (2000 കോപ്പികൾ) സംയുക്തപ്രക്ഷോഭണാവശ്യത്തിനാണു് വി

# മാർ അപ്രേമും സഭയുടെ ഐക്യവും.

## പണ്ഡിതനായ പരിശുദ്ധനും ഭക്തനായ കവിയുമായിരുന്ന സഭാപിതാവിന്റെ ചിന്തകളിലേക്ക് ഒരെത്തിനോട്ടം.

**(Dr. Geevarghese Panickar.)**

ആധുനിക സുറിയാനി സഭയുടെ ഏററവും വലിയ മല്പാനാണ് മാർ അപ്രേം. സെമററിക്ക ക്രിസ്തീയതയുടെ പ്രതിനിധിയാണ് അദ്ദേഹം. യവനായസഭയുടെ പ്രതിനിധിയാണ് അദ്ദേഹം. യവനായസഭയുടെ സ്വാധീനത നേരിട്ട് അദ്ദേഹത്തിൽ വലിയ ശക്തി ചെലുത്തിയിരുന്നില്ല. യഹൂദ ക്രിസ്ത്യാനിയുടെ ഒരു വികസനമായിട്ടു വേണം സെമററിക്ക ക്രിസ്തീയതയെ പരിഗണിക്കുവാൻ. സ്പഷ്ടവും സുവ്യക്തവുമായ സിദ്ധാന്തതത്വങ്ങളിലല്ല അതിന്റെ ഉപദേശം അടങ്ങിയിരിക്കുന്നതു്. പ്രത്യുത, പ്രതീകാത്മകവും അഭിധാനാത്മകവുമായ വേദപഠനത്തിലാണ്. മാർ അപ്രേമിന്റെ ഉപദേശങ്ങൾ ഈ രീതിയിലുള്ളവയാണ്. സത്യവിശ്വാസത്തിന്റെ ഒരു വലിയ ഉപദേശകനും സംരക്ഷകനുമായി അദ്ദേഹം സ്വന്ത ജനങ്ങളുടെ ഇടയിൽ അറിയപ്പെട്ടിരുന്നു.

മുന്നൂററിയാറാം വർഷത്തോടടുപ്പിച്ച് ഉത്തര മെസോപ്പൊട്ടേമിയായിൽ ടൈഗ്രീസിനും യൂപ്രട്ടീസിനും ഇടയ്ക്കുള്ള നിസീബിസ് എന്ന സ്ഥലത്താണ് അപ്രേം ജനിച്ചതു്. നിസീബിസിലെ മെത്രാനായിരുന്ന മാർ യാക്കോബിന്റെ (ഇദ്ദേഹം നിഖ്യാസുന്നഹദോസിൽ സംബന്ധിച്ചിരുന്നു) കീഴിൽ ഒരു ശെമ്മാശ്ശനായിട്ടാണ് അപ്രേം ജോലി ചെയ്തിരുന്നതു്. സ്വദേശത്തും പിന്നീട് എദേസായിലും വേദോപദേശം പഠിപ്പിക്കുകയായിരുന്നു അപ്രേമിന്റെ മുഖ്യമായ ജോലി.

കാതോലിക വിശ്വാസം സംരക്ഷിക്കുന്നതിനും വേദഗ്രന്ഥങ്ങളും കൂദാശകളെ സംബന്ധിക്കുന്ന പാരമ്പര്യങ്ങളും വിശദീകരിച്ചു വ്യാഖ്യാനിക്കുന്നതിനുമായിരുന്നു തന്റെ ജീവിതം മുഴുവൻ അദ്ദേഹം വിനിയോഗിച്ചതു്. ഐക്യത്തിന്റെ കൂദാശയായ വി. കുർബാനയെപ്പ

---

നിരോധിച്ചതു്. ഇന്ത്യയിലും ബ്രിട്ടനിലും ഇതു ധാരാളമായി പ്രചരിപ്പിച്ചു. ഇന്ത്യൻ സാമ്രാജ്യനിയമസഭാമെമ്പർമാർ ബ്രിട്ടീഷ് പാർലമെന്റു മെമ്പർമാർ എന്നിവരിൽ ഈ പുസ്തകത്തിന്റെ കോപ്പി കിട്ടാത്തവർ അക്കാലത്തു് ആരും കാണുകയില്ല. അത്ര വിപുലമായ തോതിൽ, അത്ര ആസൂത്രണം ചെയ്താണു് അവർക്കിടയിൽ അതു പ്രചരിപ്പിച്ചതു്. ഈ ഗ്രന്ഥം വിററു കിട്ടിയ വലിയ തുകയത്രയും ലോകക്കിടയിലും അധികാരികൾക്കിടയിലും ഇതു് പ്രചരിപ്പിക്കാൻതന്നെ വിനിയോഗിക്കുകയും ചെയ്തു. സർ സി. പി. യും കൂട്ടരും തീരെ പ്രതീക്ഷിക്കാത്ത ഒരു പോരായിരുന്നു ഇതു്. ഈ പോരു് സർ സി. പി. യുടെ നിലപാടിനേയും, തിരുവിതാംകൂറിലിരുന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഉപദേഷ്ടാവുകളിയേയും അതിന്റെ തനിരൂപത്തിൽ വെളിച്ചത്തു കൊണ്ടുവരാൻ സഹായിച്ചു എന്നുമാത്രമല്ല, സംയുക്തസമുദായങ്ങളുടെ പ്രക്ഷോഭണത്തിന്റെ സാധുത്വവും അകൃത്രിമത്വവും ലോകർക്കു മനസ്സിലാക്കിക്കൊടുക്കുവാനും അതു വളരെയേറെ ഉപകരിച്ചു. ഈ ഗ്രന്ഥത്തെ നാട്ടിലും പുറത്തുമുള്ള അനേകം പത്രങ്ങൾ അനുകൂലിച്ചും അനുഭാവത്തോടെയും വിമർശിക്കുകയുണ്ടായിട്ടുണ്ട്. മാത്രമല്ല, വിദേശങ്ങളിൽ നിന്നും ഇന്ത്യയിൽത്തന്നെ പല ഉന്നതസ്ഥാനങ്ങളിൽ നിന്നും നാട്ടുരാജ്യനേതാക്കളിൽനിന്നും, ഇത്തരം വിജ്ഞാനപ്രദവും തോന്ന്യാസികളുടെ കരണത്തടിക്കുന്ന തരത്തിലുള്ളതുമായ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി സർ സി. പിയുടെ വെല്ലുവിളിയെ ചങ്കുറപ്പോടെ നേരിട്ടതിനു് എനിക്കു വളരെയധികം അഭിനന്ദനക്കത്തുകൾ ലഭിക്കുകയുമുണ്ടായി.

(തുടരും)

ററിയും, പത്രോസിൻെറ പരമാധികാരത്തെപ്പററിയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. സദാ ശത്രുക്കൾക്കെതിരായുള്ള വിവാദങ്ങൾ വഴിയായി സഭയുടെ ഐക്യത്തെ ഉറപ്പിക്കുന്നതിനാണ് തൻെറ ജീവിതത്തിൻെറ ഏറിയ ഭാഗവും വിനിയോഗിച്ചത്. തൻെറ പ്രതിയോഗികൾ പ്രധാനമായി 3 വിഭാഗത്തിലുൾപ്പെടുന്നു

യഹൂദന്മാർ, കർക്കശവും പരുഷവുമായ രീതിയിലാണ് യഹൂദന്മാർക്കെതിരായി അദ്ദേഹം എഴുതിയിട്ടുള്ളത്.

2) ആരിയോസിൻെറ വേദവിപരീതത്തിനു മുമ്പുള്ള വേദവിപരീതികൾ: പ്രത്യേകിച്ചു മാർസിയോണിൻെറ അനുയായികൾ, മനിക്കീയന്മാർ, ബാർഡൊനിയൻ മുതലായ ഗോസ്റ്റിക്കുവാദികൾ. സഭയിൽ നിന്നും വേർപെട്ടവരായിട്ടാണ് അപ്രേം ഇവരെ പരിഗണിക്കുന്നത്,

3) ആരിയോസിൻെറ അനുയായികൾ: ഇവർ തിരുസഭയിൽ നിന്നും അക്കാലത്തു വേർപെട്ടിരുന്നുവെന്ന് തോന്നിക്കുന്ന വിധത്തിൽ അല്ല അപ്രേമിൻെറ വാദഗതികൾ.

അപ്രേമിൻെറ കൃതികളെ മൂന്നായി തരം തിരിക്കാം.

1) ഗദ്യകൃതികൾ, പ്രധാനമായും വേദപുസ്തകവ്യാഖ്യാനങ്ങളും വേദവിപരീതികൾക്കെതിരായ ചില ലേഖനങ്ങളും.

2) പദ്യകൃതികൾ: (ഇവയെല്ലാം തന്നെ ധർമ്മോപദേശങ്ങളാണ്. ഇവയിൽ പ്രധാനമായത് വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ എന്ന കൃതിയാണ്.)

3) ഗീതങ്ങൾ: (ഉദാഹരണമായി വേദവിപരീതികൾക്കെതിരായി, നിസിബിയൻ ഗീതങ്ങൾ, വിശ്വാസഗീതങ്ങൾ എന്നീ ഗ്രന്ഥങ്ങൾ.

ഉപദേശ തത്വങ്ങൾ വിശദീകരിക്കുമ്പോൾ അദ്ദേഹം ചുരുക്കമായി മാത്രമേ യുക്തിസിദ്ധമായി ഉപവാദനം ചെയ്യാറുള്ളു. സാധാരണയായി കാര്യം വിശദമാക്കുന്നതു പ്രതീകങ്ങൾ (Symbols) വഴിയാണ്. പാരമ്പര്യമനുസരിച്ചുള്ളവയും സ്വന്തമായവയുമായ പ്രതീകങ്ങൾ അദ്ദേഹം ഉപയോഗിക്കാറുണ്ട്. പൂർവ്വപിതാക്കന്മാർ അധികമായി ഉപയോഗിച്ചിരുന്ന ഒരുതരം പ്രതീകങ്ങളുണ്ട്. പ്രതിരൂപങ്ങൾ, പഴയനിയമത്തിലെ ഒരാളോ, പട്ടണമോ, ജനസമൂഹമോ, സംഭവമോ, മിശിഹായുടേയും മിശിഹായുടെ ധർമ്മവ്യവസ്ഥകളുടേയും പ്രതീകമായി കാണിക്കുക. ഈ ഉപദേശരീതി മ്ശിഹാതന്നൂരാൻ തന്നെയും, വി. പൗലോസും, വി. യോഹന്നാനും ഉപദേശിച്ചിട്ടുണ്ടല്ലോ. (ഉദാഹരണമായി, യോനായുടേയും ശലോമോൻേറയും, ശേബാ രാജ്ഞിയുടേയും സാദൃശ്യങ്ങൾ, ഈ വിധത്തിലാണ് സഭയുടെ ഐക്യത്തെപ്പററിയുള്ള അപ്രേമിൻെറ ചിന്തയും പ്രകടമാക്കപ്പെടുന്നത്.

**ക്ഷതമേററ ശരീരം:**

ക്രിസ്റ്റീയ സത്യത്തിൻെറ പരിപൂർണ്ണതയും (വി. പൗലോസ്ശ്ലീഹായുടെ അത്ഥത്തിൽ) ഒരു ശരീരത്തിൻെറ സാദൃശ്യം വി. അപ്രേം കല്പിക്കുന്നുണ്ട്. വേദവിപരീതികളിൽ അംഗച്ഛേദം ചെയ്യപ്പെട്ട സഭയാകുന്ന ശരീരത്തെപ്പററിയാണ്, 'വേദവിപരീതികൾക്കെതിരായി' എന്ന ഗ്രന്ഥത്തിൽ മുഖ്യമായി പ്രതിപാദിക്കുന്നത്. ഇവിടെ മാർ അപ്രേം ലക്ഷ്യമാക്കുന്നത് വേദപുസ്തകത്തിലെ എല്ലാ ഗ്രന്ഥങ്ങളുമാണ്. അതായത് പഴയ നിയമം ഉൾപ്പടെ എല്ലാ ഗ്രന്ഥങ്ങളും. (മാർസിയോൺ പഴയ നിയമം ഉപേക്ഷിച്ചിരിക്കുന്നുവെന്നുള്ളത് ഓർക്കേണ്ടതാണ്) മാർ അപ്രേമിൻെറ മേല്പറഞ്ഞ ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു

"ഇതാണ് സത്യത്തിൻെറ ശരീരം,
അതിൻെറ വാക്കുകൾ,
മൂഢരും അബദ്ധരും അവയവങ്ങൾ പോലെ
വെട്ടിമുറിച്ചിരിക്കുന്നു.
പക്ഷെ, അതു് ആത്മീയമായിരിക്കയാൽ,
അതു മുഴുവനായും പരിപൂർണ്ണമായും കാണപ്പെടുന്നു.
എന്നാൽ കുറവുള്ളവരുടെ ഇടയിൽ അവർ അതു് വെട്ടിമുറിച്ചിരിക്കുന്നതിനാൽ
സത്യവും കുറവുമുള്ളതായിരിക്കുന്നു.
അവക്ക് അതിൽ നിന്നുള്ള അറിവില്ല.

എന്നാൽ സത്യത്തിൻെറ സഭയിൽ അതു പൂർണ്ണമാണ്. അതവളെ പൂർണ്ണമാക്കുകയും ചെയ്യുന്നു." (2, 17.)

അഫ്രേം തുടർന്നു പറയുന്നു. രണ്ടു നിയമങ്ങളും (പുതിയതും പഴയതും) ഉൾക്കൊള്ളത്തക്ക വിധത്തിൽ സഭയുടെ ഉദരം വലുതാണ്. എന്നാൽ വേദവിപരീതികൾ പൊട്ടിയ തൊട്ടിപോലെ ആയതുകൊണ്ടു് സത്യത്തിൻെറ നിറവ് ഉൾക്കൊള്ളാൻ കഴിയാത്തവരാണ്. ഇതിനുശേഷം വേദവിപരീതികൾ സത്യമാകുന്ന ശരീരത്തെ വെട്ടിത്തുണ്ടമാക്കുന്നതിനെപ്പററിയുള്ള ബീഭത്സമായ വിവരണം നല്കിക്കൊണ്ടു് അഫ്രേം ഇപ്രകാരം പറയുന്നു:-

"അല്ലയോ സഭയെ! ഇതാണു നിൻെറ ആനന്ദം.
സത്യത്തിൻെറ ഈ ശരീരം, അതിൻെറ അവയവങ്ങളിൽ ക്രമീകൃതമായതു്,
അതിൻെറ വാക്കുകളിൽ ഒരുമയുള്ളതു്,
അതിൻെറ വാഗ്ദാനങ്ങളിൽ വിശ്വസ്തതയുള്ളതു്
അതിൻെറ വിജയങ്ങളിൽ മകുടം ചാർത്തപ്പെട്ടതു്.
സത്യമാകുന്ന അതിൻെറ ഉയർന്നിരിക്കുന്ന ശിരസ്സ്,
രണ്ടു നിയമങ്ങൾ നീട്ടപ്പെട്ടിരിക്കുന്ന അതിൻെറ കൈകൾ,
ശ്ലീഹന്മാരായിരുന്ന അതിൻെറ ഇന്ദ്രിയങ്ങൾ,
പ്രവാചകന്മാർ അതിൻെറ അവയവങ്ങൾ".
(2, 22)

"ക്രൂശാരോഹണ ഗീതങ്ങൾ:- എന്ന ഗ്രന്ഥത്തിൽ വേദപുസ്തകത്തിനു മാർസിയോൺ വരുത്തിയിട്ടുള്ള വിരൂപണത്തിൽ പ്രതീകമായി മിശിഹായുടെ അങ്കിയുടെ വിഭജനമാണ് അഫ്രേം കാണുന്നതു്. ഈ പ്രതീകം സഭയെ കുറിക്കുന്നതിനും അഫ്രേം ഉപയോഗിക്കുന്നുണ്ടു്.

"അവർ (പടയാളികൾ) കീറാതിരുന്ന അങ്കി,

വിശ്വാസത്തിൻെറ ഒരു വലിയ പ്രതീകമാണ്.

ശ്ലീഹന്മാർ ലോകത്തിൽ അതു വിരിച്ചു. അതിനെ വിഭജിക്കാതെതന്നെ, അവർ (പടയാളികൾ) വിഭജിച്ച മററു വസ്ത്രങ്ങൾ

അവൻെറ ആടുകൾക്കിടയിൽ കാണപ്പെടുന്ന, വിഭാഗങ്ങളുടെയും ചേരികളുടെയും പ്രതീകമാണ്.

അങ്കിയുടെ പ്രതീകം വിശ്വസ്തതയുടെ ബഹുമാനം കൊടുക്കുന്നു.

ശീശ്മക്കാർ വസ്ത്രങ്ങളാൽ നിന്ദിക്കപ്പെടുന്നു"

"വേദവിപരീതികൾക്കെതിരായി" എന്ന ഗ്രന്ഥത്തിൽ തുന്നൽ ഇല്ലാത്ത അങ്കിയെ കീറാൻ സാഹസപ്പെട്ടുന്നവരായി വേദവിപരീതികളെ അഫ്രേം ചിത്രീകരിക്കുന്നു.

കുരിശിൽ തറച്ചവർ അവൻെറ വസ്ത്രങ്ങൾ വിട്ടുകളഞ്ഞു

അവൻെറ അങ്കി കീറാൻ സാഹസപ്പെടാതെ പാഷണ്ഡകർ അതു കീറാൻ മുതിർന്നു, പങ്കിടുകയും ചെയ്തു

മായിച്ചും, എഴുതിയും കൂട്ടിച്ചേർത്തും.

"നിൻെറ സത്യം അബദ്ധത്തെക്കാൾ വലുതാണ്" എന്നദ്ദേഹം പ്രസ്താവിക്കുന്നു

സഭയെ ശരീരമായി പരിഗണിച്ചുകൊണ്ടുള്ള അഫ്രേമിൻെറ ഉപദേശം അടങ്ങിയിരിക്കുന്നതു വിശേഷിച്ചും, വി. പൗലോസിൻെറ ലേഖനങ്ങളുടെ വ്യാഖ്യാനങ്ങളിലാണ് അവിടെ പരിഗണിക്കപ്പെട്ടതു് "വിച്ഛേദിക്കപ്പെട്ടിരിക്കുന്ന" അല്ലെങ്കിൽ" മുറിവേററിരിക്കുന്ന അവയവങ്ങൾ മാത്രമാണ്. ഒരു ശിരസ്സിൻെറ (മെത്രാൻെറ) ഭരണത്തിനു വിധേയരായി, എല്ലാ അവയവങ്ങളും യോജിപ്പോടിരിക്കുമ്പോഴാണ് ആദർശയോഗ്യമായ അവസ്ഥയുള്ളതു്.

ഒരു ശരീരത്തിൻെറ അവയവങ്ങളുടെയിടയിൽ

അസൂയയോ വിദ്വേഷമോ ഇല്ല. എന്തെന്നാൽ സ്നേഹത്തിൽ അവർ അതിനെ (ശിരസ്സിനെ) അനുസരിക്കുന്നു. അതിനാൽ അവർ വാത്സല്യ സമേതം പരിലാളനം ചെയ്യപ്പെടുന്നു.

(നിസിബിയൻ ഗീതങ്ങൾ)

എന്നാൽ യോജിപ്പു കഷ്ടമെന്നു പറയട്ടെ: മെസപ്പൊട്ടേമിയായിലെ പാവപ്പെട്ട ക്രിസ്ത്യാനികളേക്കാൾ കൂടുതലായി പുലർത്തുന്നതു

കാട്ടുമൃഗങ്ങളെയാണെന്ന വി. അപ്രേം വിലപിക്കുന്നു.

ഏകീകൃതശരീരത്തിൽ ഭിന്നതകളുണ്ട്. ശിരസ്സും അവയവങ്ങളും വിഭിന്നരാക്കപ്പെട്ടിരിക്കുന്നു.

മലകളിലുള്ള മൃഗങ്ങൾ ഐക്യം പാലിക്കുന്നു എന്നിട്ടും സഭയിൽ ആത്മാക്കൾ വിഭിന്നരാക്കപ്പെടുന്നു.

(വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ)

രോഗമുള്ളവയും മുറിവേററവയുമായ അവയവങ്ങൾ തിരുസഭയിലുണ്ട്. പ്രത്യേകിച്ചും ആരിയോസിനാൽ വഴി തെററിക്കപ്പെട്ടവർ ദൈവസ്വഭാവത്തെ സംബന്ധിച്ച് ആവശ്യമില്ലാത്ത അന്വേഷണത്തിലേർപ്പെട്ടിരിക്കുന്നവർ 'വിശ്വാസഗീതങ്ങളിൽ അപ്രേം ഇപ്രകാരം പറയുന്നു:—

ആവശ്യമില്ലാത്ത അന്വേഷണം നടത്തുന്നവൻ, മുറിവേററ അവയവമാണ്.

ശരീരത്തിനു മുഴുവൻ ഹാനി വരുത്തുന്നതിനു മുമ്പ് അവൻ സൗഖ്യമാകട്ടെ!

അവൻ വിഷബാധിതനാകയാൽ, നമ്മുടെ വേദനകളെ സുഖപ്പെടുത്തുന്നവൻ അവനെ ഛേദിച്ചുകളയുകയും മേച്ചിൽസ്ഥലത്തുനിന്ന് എറിഞ്ഞുകളയുകയും ചെയ്യട്ടെ. (15, 7)

നിസീബിയൻ ഗീതങ്ങളിൽ (26) എഡേസായിലെ വേദന സഹിക്കുന്ന സഭാമാതാവിന്റെ പേരിലും പിന്നീട് സ്വന്ത നാമത്തിലും പുനരൈക്യത്തിനായി ആഗ്രഹിച്ചുകൊണ്ടു തീവ്രമായി, അർത്ഥനയോടുകൂടി അപ്രേം ഇപ്രകാരം പറയുന്നു.

അല്ലയോ ഭിഷഗ്വരാ, നിന്റെ വൈദഗ്ദ്ധ്യം എന്റെ അവയവങ്ങളിൽ കാണിക്കുക. എന്റെ ശരീരത്തിൽനിന്നും വിഛേദിക്കപ്പെട്ടവരെ കെട്ടിയുറപ്പിക്കുക.

അവർ ഒരിക്കലും വിഛേദിക്കപ്പെടാത്തവരായി

എല്ലാ ദൃഷ്ടികളുടെ മുൻപാകെയും കാണപ്പെടട്ടെ.

### ഐക്യത്തിന്റെ പ്രതിരൂപങ്ങൾ

നോഹയുടെ പെട്ടകത്തെ രക്ഷയുടെ പാത്രമെന്നതിനു പുറമേ, മററു പല കാര്യങ്ങളുടേയും പ്രതിരൂപമായി അപ്രേം കാണുന്നുണ്ട്. പെട്ടകത്തിൽ മൃഗങ്ങൾ പാലിച്ച എന്ന ഭയാജിപ്പ് സഭയുടെ ഐക്യത്തെപ്പററി അദ്ദേഹത്തെ അനുസ്മരിച്ചിരിക്കുന്നു. "സഭയെപ്പററി" എന്ന ഗീതങ്ങളിൽ അദ്ദേഹം പറയുന്നു.

പെട്ടകത്തിലെ സമാധാനത്തിന്റെ വ്യവസ്ഥ കാണുവാനിടയായിട്ടുള്ളവർ ഭാഗ്യവാന്മാർ ഇപ്രകാരം അദ്ദേഹം തുടരുന്നു:—

സഭയിലുള്ള സമൂഹങ്ങൾ സമാധാനമായി വർത്തിക്കുന്നതു കാണുവാനിടയാകുന്നവൻ ഭാഗ്യവാൻ.

കലഹം, അഹങ്കാരം, ഭിന്നത എന്നിവയെ ദൈവത്തിന്റെ കൃപ ദൂരീകരിക്കയും നിഷ്കാസനം ചെയ്കയും ചെയ്യട്ടെ.

സമാധാനത്തിന്റെ ദർപ്പണമായ ഐക്യം നമ്മുടെ ഇടയിൽ തിളങ്ങട്ടെ.

ദീർഘകാലങ്ങൾക്കു മുമ്പുതന്നെ പെട്ടകത്തിലെ നിർമ്മലങ്ങളായ പ്രതിരൂപങ്ങളെ വർണ്ണിച്ചു കാണിച്ച പരിപൂതനായ ഏകൻ വാഴ്ത്തപ്പെട്ടവൻ.

മാമ്മോദീസാമൂലം വീണ്ടും ജനിച്ചവരുടെയിടയിൽ ഭിന്നതയ്ക്കു സ്ഥാനമില്ല. ഈ പാഠം പാഠിപ്പിക്കുന്നതിനാണു മിശിഹാതമ്പുരാൻ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതു്.

**ക്രൂശാരോഹണഗീതങ്ങളിൽ (3, 8)** ഇപ്രകാരം കാണുന്നു:

നമ്മുടെ കർത്താവു സഹോദരങ്ങളുടെ ശരീരങ്ങൾ കഴുകിയതു് ഒരു വട്ടകപാത്രത്തിലാണ്. ഈ പാത്രം ഐക്യത്തിന്റെ പ്രതീകമത്രേ ഈ പ്രതീകം വഴിതന്നെ ഒരംഗം വിഛേദിക്കപ്പെട്ടു

തന്നത്താൻ വേർപെടുത്തി, തന്നെത്തന്നെ വഞ്ചിച്ച ആ അംഗം.

### മാതാവെന്ന നിലയിൽ തിരുസഭ ഭിന്നിച്ചിരിക്കുന്ന മക്കളെയോർത്തു ദുഃഖിക്കുന്നു.

വിഛേദിക്കപ്പെട്ട അവയവങ്ങൾ എന്ന നിലയിൽ തന്റെ മക്കൾക്കുവേണ്ടി എഡേസായിലെ സഭ വിലപിക്കുന്നതായി നിസീബിയൻ

ഗീതങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതു് മുകളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. രക്തസ്രാവമുള്ള സ്ത്രീയെപ്പോലെ സഭ സ്വയം കാണുന്നതായി പിന്നീടു് അപ്രകാരം വിവരിക്കുന്നു. ലേയായുടെ എതിർ രൂപമായി തിരുസഭയെ അപ്രകാരം വർണ്ണിക്കുന്നു. ലേയാ മങ്ങിയ കണ്ണുകളുള്ളവളും അവളുടെ മക്കൾ സൗന്ദര്യമുള്ളവരുമായിരുന്നു. സഭയാകട്ടെ സൗന്ദര്യമുള്ളവളാണു്. എന്നാൽ അവളുടെ മക്കൾ അവളെ പുലഭ്യം പറയുന്നു. ആത്മാവിന്റെ മക്കൾ എന്ന നിലയിൽ സഹോദരങ്ങളായി ജീവിക്കാൻ അവൾ മക്കളെ ഉപദേശിക്കുന്നു. അവരുടെ ആത്മീയമരണത്തെക്കുറിച്ചു് അവൾ വിലപിക്കുന്നു. സഭയുടെ അനുഗ്രഹങ്ങളോടുകൂടി ശാരീരികമായി മരിക്കയായിരുന്നു അവർക്കു നല്ലതു്. സഭയെ ഒരു പിടക്കോഴിയോടുപമിച്ചുകൊണ്ടു് അപ്രകാരം പറയുന്നു.

യെറുശലേമിനോടു നീ പറഞ്ഞു, നീ അവളെ നിന്നോടു ചേർക്കുമെന്നു്, പിടക്കോഴി അവളുടെ കുഞ്ഞുങ്ങളെ അവളുടെ ചിറകിൻ കീഴിൽ ചേർക്കും പോലെ,

കർത്താവേ, അവിടുത്തെ സത്യം ഒന്നിച്ചു ചേർക്കട്ടെ അവിടുത്തെ മക്കളെ എന്റെ ചിറകുകളുടെ കീഴിൽ.

സഭ അവളുടെ മാതൃസഹജമായ വിലാപം തുടരുന്നു. തള്ളപ്പക്ഷിയുടെ പ്രതിരൂപം ആവർത്തിക്കപ്പെടുന്നു.

നിന്റെ കൃപമൂലം അവർ അവരുടെ മാതാവിന്റെ സ്വരം തിരിച്ചറിയട്ടെ. അനുതപിക്കട്ടെ, എന്നിലേക്കു തിരിച്ചുവരട്ടെ.

**കർത്താവേ, ഞാനും അവരും ഒരേ ഒരു സത്യം ഏററു പറയട്ടെ.**

ഈ സാദൃശ്യം പ്രത്യേകമായും നമ്മുടെ കർത്താവിന്റെ വാക്കുകളെ (വി. മത്താ. 23, 37) അടിസ്ഥാനപ്പെടുത്തിയാണു് എഴുതിയിട്ടുള്ളതു്. എങ്കിലും ദൈവത്തിന്റെ അഭയം നല്കുന്ന ചിറകുകളെ കുറിച്ചു് വിശേഷിച്ചും ദൈവാത്മാവിന്റെ സംരക്ഷണവ്യാപാരത്തെ (ഉല്പത്തി 1, 2) കുറിച്ചുള്ള പഴയനിയമ കാര്യങ്ങളെ അനുസ്മരിപ്പിക്കുന്നവെന്നുള്ളതു് തീർച്ചയാണു്.

**ദുർവേദവിപരീതികൾക്കു വേണ്ടിയും സഭാ സമാധാനത്തിനു വേണ്ടിയും അപ്രകാരം പ്രാർത്ഥിക്കുന്നു.**

ദുർവേദവിപരീതികളുമായുള്ള വാദപ്രതിവാദങ്ങളിൽ അപ്രകാരം കർക്കശമായി അവരെ കുറ്റപ്പെടുത്തുന്നുണ്ടു്. എന്നാൽ പ്രതിയോഗികളുടെ സന്മനസ്സിനെ കാണുവാനുള്ള സന്നദ്ധതയും സ്നേഹവും അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ടു്. സഭയ്ക്കു പുറത്തായവരെ, അതായതു് സഭയുടെ കൂ

**For favours received**



**Inserted by**
P. George.

ട്ടായ്മയിൽ നിന്നു വിച്ഛേദിക്കപ്പെട്ടവരെ (ഉദാഹരണമായി മാർ സിയോന്റെ അനുയായികൾ, ബർഡയിസിന്റെ അനുയായികൾ, മനിക്കിയന്മാർ) സഭയുടെ അകത്തുള്ളവരിൽ നിന്നു് അതായതു് ആരിയോസിന്റെ അബദ്ധോപദേശം വഴി ചിന്താക്കുഴപ്പമുണ്ടാക്കിയവരിൽ നിന്നും വ്യത്യസ്തമായിട്ടാണു് അദ്ദേഹം വീക്ഷിക്കുന്നതു്. അദ്ദേഹത്തിന്റെ കാലത്തു് ആരിയോസിന്റെ അനുയായികൾ ഒരു പ്രത്യേ

ക വിഭാഗമായി രൂപം കൊണ്ടിട്ടില്ലായിരുന്നുവെന്നു് ഓർക്കേണ്ടതാണു്. പുറമേയുള്ളവരോടു കൂടി കഠിനമായ ഭാഷയിലാണു് അദ്ദേഹം വാദിക്കുന്നതു്. എങ്കിലും അനുകമ്പാപൂർണ്ണമായ സ്നേഹത്തോടുകൂടെ അവർക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നു.

നമുക്കു് അവർക്കുവേണ്ടി പ്രാർത്ഥിക്കാം.
അവർ പശ്ചാത്തപിക്കുന്നതിനു വേണ്ടി.
അവർ നമ്മുടെ കൂട്ടവയവങ്ങളാണു്.
നമ്മിൽ നിന്നും തടവിൽ പിടിക്കപ്പെട്ടവർ.
നോക്കുക, അവരുടെ കെട്ടുകൾ അവരുടെ പുസ്തകങ്ങളിലുണ്ടു്.
അവരുടെ ചങ്ങല അവരുടെ വേദഗ്രന്ഥങ്ങളിലും.

സ്വദേശക്കാരനായ ബാർഡയിസനോടു് ഒരു പ്രത്യേക അനുകമ്പയാണു് അപ്രേമിനുള്ളതു്. അയാളുടെ ആത്മാവിനു വേണ്ടി അപ്രേം പ്രാർത്ഥിക്കുന്നു.

നല്ലദൈവത്തിന്റെ മക്കളായ നിങ്ങളും
ബാർഡയിസിനു വേണ്ടി പ്രാർത്ഥിക്കുക.
അവിശ്വാസത്തിൽ ഇഹലോകവാസം
വെടിഞ്ഞ ആൾക്കുവേണ്ടി
വഞ്ചിക്കപ്പെട്ടിരുന്നു അയാളുടെ ഹൃദയം
എങ്കിലും കർത്താവിനെ അയാൾ ഏററുപറഞ്ഞിരുന്നു.

അയാൾക്കു കിട്ടിയിരുന്ന അറിവനുസരിച്ചു് മ്ശിഹായെ ഏററുപറഞ്ഞതിനു ബാർഡയിസിനെ അപ്രേം വിലമതിക്കുന്നുണ്ടു്. ഇതുപോലെ തന്നെ വേദവിപരീതികൾ സത്യത്തിന്റെ ശകലങ്ങൾ ഉള്ളവരാണെന്നും അപ്രേം സമ്മതിക്കുന്നു. അവയെ അവർ സഭയിൽ നിന്നും അപഹരിച്ചു കൊണ്ടുപോയതാണു് എന്നാൽ സ്വന്ത അധികാരമുപയോഗിച്ചു് പ്രവർത്തിക്കുന്നതിൽ മ്ശിഹായുടെ ആടുകളെ അവർ വഴിതെളിക്കുന്നു.

പൊതുവായ സഭയുടെ ഐക്യത്തിനുവേണ്ടി 'വിശ്വാസത്തിന്റെ ഗീതങ്ങളിൽ' അദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുന്നു. (ഗീതം-52)

കർത്താവേ, നിന്റെ ദിവസങ്ങളിൽ
നിന്റെ സഭകളിൽ സമാധാനമുണ്ടാകണമെ!
കർത്താവേ, പരസ്പരം കലഹിക്കുന്ന
വിഭാഗങ്ങളെ യോജിപ്പിക്കുകയും
ഐക്യപ്പെടുത്തുകയും ചെയ്യണമേ.
വിപരീതമനസ്ഥിതികളിൽ ഇരിക്കുന്ന കക്ഷികളെ സമാധാനപ്പെടുത്തുകയും രഞ്ജിപ്പിക്കുകയും ചെയ്യണമേ.
അതിന്റെ ഫലമായി എല്ലാ സഭകളും സത്യത്തിന്റെ ഏകസഭയായിത്തീരുവാൻ ഇടയാകട്ടെ.

അപ്രേം സഭയുടെ ഏകത്വത്തെപ്പററി പറയുമ്പോൾ ലോകത്തിൽ ബാഹ്യമായ രീതിയിൽ സംഘടനാപരമായി യോജിപ്പിക്കുന്ന ഏകത്വം മാത്രമല്ല, മനുഷ്യരാശിയിൽ മുഴുവൻ ഐക്യം സൃഷ്ടിക്കുന്ന മ്ശിഹായുടെ സമാധാനത്തെയാണു് അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതു്. ക്രിസ്തുവിന്റെ സമാധാനം തിരുസഭയെയാണു് ഏല്പിച്ചിട്ടുള്ളതെന്നു് നാം വിശ്വസിക്കുന്നു. അതുകൊണ്ടു് സഭയുടെ ഏകത്വമെന്നുള്ളതു്, ലോകത്തിലെ ഭിന്നതകളെല്ലാം ഇല്ലാതാക്കി എല്ലാ മനുഷ്യരേയും ജനങ്ങളേയും മ്ശിഹായിലുള്ള പുതിയ ജീവനിൽ സമ്പൂർണ്ണരാക്കുന്നതിനുള്ള സഭയുടെ പ്രത്യേക വിശേഷഗുണമാണു്.

**For favours received**



**Inserted by**

Mr. & Mrs. K. V. George,
Kochuvilyil, Kaviyoor.

# കവിത

Balan. V. M.

## കൊയ്ത്തു വളരെ

(എം. വി. തോമസ്)

പാപത്തിലാണ്ടു ഞാൻ കൂപത്തിലെന്ന
പോൽ
ക്രൂരിരുൾ തന്നിൽ വസിച്ച കാലം
കാമവും ക്രോധവും കോപവുമൊന്നിച്ച
ക്രൂമമെന്നെപ്പോലെ മൂരണ്ട കാലം,
പൈശാച ചിന്തകളാകും കരിമ്പടം
മൂടിപ്പുതച്ചു കിടന്ന കാലം,
ജാജ്ജ്വല മാനമായെൻ മുമ്പിൽവന്നഹോ!
ശാന്തിമാത്ത്യ ദീപനാളം.
സ്നേഹത്തിലാമഗ്നമാകുമാ നാളത്തിൽ
ലീനനായ് നിന്നു ഞാനേറെ നേരം.

കത്തിക്കരിഞ്ഞു കരിന്തിരിയാണ്ടൊരെൻ
ഹൃത്തിൽ പകർന്നു ഞാനാ വെളിച്ചം.
ആ[illegible]ത്തും കൊണ്ടു ഞാൻ ലോകമാകുന്നൊ
പ്പാടത്തിലേക്കു നടന്ന നേരം, [രി-
ഞെട്ടിത്തെറിച്ചു പോയ് കൃത്യവിഃലാ
പത്തിൽ
പൊട്ടിക്കരഞ്ഞു ഞാൻ വീണ്ടും വീണ്ടും.
താതൻെറ ധാന്യപ്പുരയ്ക്കകത്തെത്താതെ
പാഴ്ച്ചെളി തന്നിൽ കിടക്കുന്നതാം,
ഈ നെന്മണികളെക്കൊയ്യുവനാളില്ല,
നാമിതു കണ്ടിങ്ങു നില്ക്കുകയോ?

---


**For favours received Inserted by**





Miss. Aliyamma Thomas, MadthethuMadathil,
Inteligence Trg. School,
and Depot,
POONA. 1.

M. J. Jo eph,
Qr No. 517. N. 2. Type
C. Sector, Piplany P. O.
BHOPAL. M. P.

# ക്രിസ്തുനാഥൻെറ പ്രതിപുരുഷനായ കുടുംബത്തലവൻ

(J. M.)

"ഭാര്യമാരേ, നിങ്ങൾ നമ്മുടെ കർത്താവിനു് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുവിൻ.'' "കീഴടങ്ങിയിരിക്കുവിൻ'' എന്ന പദശബ്ദം കർണ്ണകഠോരമാണു്, പ്രകോപകമാണു്. ഒരുപക്ഷേ പൂർവ്വകാലങ്ങളിൽ, പതിയും പിതാവുമായ കുടുംബത്തലവൻെറ പരമാധികാരം താണ്ഡവനൃത്തം ചെയ്തിരുന്നപ്പോൾ ഭാര്യയ്ക്കു് അനുഭവിക്കേണ്ടിവന്ന അതിനീചമായ അടിമത്തത്തെപ്പററിയുള്ള ബീഭത്സസ്മരണയാവാം ഈ ഭീതിയുടെ നിമിത്തം. അന്നു ഭാര്യ ഭർത്താവിൻെറ ഒരടിമതന്നെയായിരുന്നു. അടിമയേക്കാൾ അല്പം ഭേദമായിരുന്നുവെന്നു പറയുന്നവരുമുണ്ടു്. അവളുടേയും മക്കളുടേയും ജീവന്മരണങ്ങൾ ഭർത്താവിൻെറ ബലിഷ്ഠഹസ്തങ്ങളിൽ അമർന്നിരിക്കുകയായിരുന്നു. ആവശ്യമില്ലാത്ത കുട്ടികളെ പ്രകൃതിയിലേക്കും മൃഗങ്ങൾക്കും എറിഞ്ഞുകൊടുത്തിരുന്നുവത്രേ. നമ്മളിൽ കോപം ഉജ്ജ്വലിപ്പിക്കുവാൻ പോരുന്ന ചിന്തയാണിതു്.

പക്ഷേ പ്രകൃതത്തിൽ ഈ മാതിരിയുള്ള ആലോചന അസംഗതമാണു്. തുടന്നു് വായിക്കുക. "എന്തെന്നാൽ ഭാര്യയുടെ ശിരസ്സു് ഭർത്താവാണു്. തൻെറ ശരീരമാകുന്ന സഭയുടെ സംരക്ഷകനാകകൊണ്ടു് മിശിഹാ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, സഭ സർവ്വത്തിലും കീഴ്പ്പെട്ടിരിക്കുന്നതുപോലെ, ഭാര്യ ഭർത്താവിനു സർവ്വത്തിലും കീഴ്പ്പെട്ടിരിക്കണം''. ആകയാൽ ഭാര്യയുടെ അനുസരണം അടിയുറച്ചിരിക്കുന്നതു ഭയത്തിലോ ഭയസ്നേഹസമ്മിശ്രണത്തിലോ അല്ല. പ്രത്യുത ഭർത്താവുമായുള്ള ഗാഢബന്ധത്തിൽനിന്നുമാണു് അതു ടലെടുക്കുന്നതു്. കുടുംബത്തിൻെറ സ്വാഭാവിക ഘടനയനുസരിച്ചു ഈ വിധേയത്വം—ഭാര്യയ്ക്കു ഭർത്താവിനോടുള്ള അനുസരണം—അവശ്യാവശ്യമാകുന്നു. എന്നാൽ ഭാര്യയെ സംരക്ഷിക്കുകയും പാലിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഭർത്താവിലാണർപ്പിതമായിരിക്കുക.

വിവാഹം—പുരുഷനും സ്ത്രീയുമായുള്ള സംയോജനം—ക്രിസ്തുവും തൻെറ സഭയുമായുള്ള നിത്യമായ ഐക്യത്തെ പ്രതിഫലിപ്പിക്കുന്നു. ക്രിസ്തുനാഥൻ സഭയുടെ തലവനായിരിക്കുന്നതുപോലെ ഭർത്താവു ഭാര്യയുടെ നാഥനാണു്. ആകയാൽ സഭ എപ്രകാരം ക്രിസ്തുവിനെ അനുസരിക്കുന്നുവോ അപ്രകാരം ഭാര്യ ഭർത്താവിനെ അനുസരിക്കണം. ഈ അർത്ഥത്തിൽ ഭർത്താവിൻെറ അധിനാഥത്വവും ഭാര്യയുടെ അനുസരണവും വ്യാഖ്യാനിക്കപ്പെട്ടപ്പോൾ അടിമത്തഭീതിക്കു സ്ഥാനമില്ലാതാകുന്നു. ഭർത്താവാണു ഭരണാധിപൻ. കുടുംബത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യേണ്ടതു് അദ്ദേഹംതന്നെ. ഗൗരവമായ കാര്യങ്ങളിൽ തീരുമാനം ചെയ്യേണ്ടതും ഭർത്താവാണു്. ഈ വിധേയത്വത്തെപ്പററി ഭാര്യയ്ക്കു ബോധമുണ്ടാവുന്നില്ലെങ്കിൽ വൈവാഹിക സ്നേഹത്തെക്കുറിച്ചു് അവൾ ബോധവതിയല്ലെന്ന തീർച്ചയാണു്. അനുസരണയോടുകൂടിയ സ്നേഹമാണു യഥാർത്ഥമായ ഭാര്യാസ്നേഹം.

എന്നാൽ സ്നേഹിക്കുകയെന്നതു ഭാര്യയുടേ മാത്രം കർത്തവ്യമായി കരുതുന്നെങ്കിൽ ഭർത്താവു് അനായാസേന ഒരു മർദ്ദകനായി പ്രത്യക്ഷപ്പെടുന്നതാണു്. മർദ്ദനമോ കലഹത്തിലേക്കു കടക്കുകയും ചെയ്യും. ആകയാൽ "ഭർത്താക്കന്മാരേ, ഭാര്യമാരെ സ്നേഹിക്കുക, മിശിഹാ സഭയെ സ്നേഹിച്ചു് അവൾക്കുവേണ്ടി സ്വയം അർപ്പിച്ചതുപോലെ''. ഭാര്യ അവളുടെ സ്നേഹം അനുസരണംമൂലം പ്രദർശിപ്പിക്കുമ്പോൾ ഭർത്താവു തൻെറ സ്നേഹം ഏതുവിധമാണു പ്രകടമാക്കേണ്ടതെന്നു സെയ്ൻറു പോൾ ഈ വാക്യങ്ങളിലൂടെ പ്രസ്പഷ്ടമാക്കുന്നു. ഭർത്താവു ക്രിസ്തുവിനെപ്പോലെ ആത്മഹോമം ചെയ്യുവാൻ തയ്യാറാകണം. എന്നാൽ നാം സ്നേഹിക്കുന്നവർക്കുവേണ്ടി ആത്മബലി അർപ്പിക്കേണ്ടിവരുന്ന അവസരങ്ങൾ തുലോം ദുർല്ലഭമാണു്. സാധാരണമായി ഭർത്താക്കന്മാരിൽനിന്നും ആവശ്യപ്പെടുന്നതു് ക്ഷമാശീലം, സൗഹൃദം, സൗമനസ്യം, മഹാമനസ്കത, ഭാര്യമാരുടെ ആവശ്യങ്ങളെക്കുറിച്ചുള്ള അവബോധം, അവ സാധിച്ചുകൊടുക്കുന്നതിലുള്ള സന്നദ്ധത എന്നിവയാണു്. ഭർത്താക്കന്മാർ അവരുടെ സംസാരവും പ്രവൃത്തിയും വഴി ഭാര്യമാരെ സ്നേഹിക്കുന്നുവെന്നു് അവരെ ബോദ്ധ്യപ്പെടുത്തണം.

പദാർത്ഥപരമായ സംരക്ഷണമെന്നതിനേക്കാൾ ഒരു ഭാര്യ അവളുടെ ഭർത്താവിൽനിന്നും പ്രതീക്ഷിക്കുന്നതു ഗാഢമായ സൗഹൃദമാണു്, സ്നേഹമാണു്; അതു് ഒരിക്കലും പരിക്ഷീണമാവാതെ പുരോഗമിച്ചുകൊണ്ടിരിക്കണമെന്നും അവൾ ആത്മാർത്ഥമായി ആഗ്രഹിക്കുക

യാണു്. ഈ ഗാഢസംസർഗ്ഗം എപ്പോൾ ശുഷ്കമാകുമോ അപ്പോൾ അവരുടെ സ്നേഹം ധർമ്മലംഘനത്തിലേക്കു നിപതിക്കും. പവിത്രമായ വിവാഹബന്ധം ശിഥിലമാകും. വിവാഹദിനം മുതൽ അവരിലേക്കു പ്രവഹിച്ചുകൊണ്ടേയിരുന്ന ദൈവത്തിൻെറ ജീവനെ അവർ നിഷേധിക്കുകയും ചെയ്യും.

ഭർത്താവു് അനുസ്മരിക്കണം, താൻ വിവാഹം ചെയ്തിരിക്കുന്ന സ്ത്രീയ്ക്കു് ഉയിർപ്പിക്കപ്പെട്ട ഒരു ശരീരവും ആത്മാവുമുണ്ടെന്നു്; അവളിൽ ത്രിയേകദൈവം ഏററവും വ്യക്തിപരമായ വിധത്തിൽ വസിക്കുന്നുവെന്നു്; ദിവ്യമായ ഒരു ജീവൻ അവളിൽ കുടിയിരിക്കുന്നുവെന്നു്; വിവാഹവാഗ്ദാനമനുസരിച്ചു് ആ ജീവനെ പോഷിപ്പിക്കുവാൻ കടമയുണ്ടെന്നു്. ഈ സ്ത്രീയെ ദാനമായി നൽകുവാൻ കനിവുണ്ടായ ദൈവത്തിനു കൃതജ്ഞത പ്രദർശിപ്പിക്കണം ഭർത്താവു്. അവിടുത്തെ അനുഗ്രഹം അവളിൽ എപ്പോഴും ഉണ്ടാകുന്നതിനുവേണ്ടി ഭർത്താവു പ്രാർത്ഥിക്കണം. "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നുച്ചരിച്ച സ്നേഹവചസ്സു് ഒരാശ്ശിസ്സായിത്തീരണം. "നീ സമൃദ്ധിയായി അനുഗ്രഹീതയാവട്ടെ", നിനക്കു "സ്വർഗ്ഗഭാഗ്യം കൈവരട്ടെ".

മിശിഹായും തൻെറ സഭയുമായുള്ള ബന്ധത്തെ പുരസ്കരിച്ചുള്ള താഴെ ചേർക്കുന്ന വാക്യങ്ങൾ കുടുംബത്തലവനെ വിവക്ഷിക്കുന്നവയാകുന്നു. "വചനം കൊണ്ടുള്ള ജലത്താൽ സ്നാപനംചെയ്തു ശുദ്ധിയാക്കി മറുകോ, ചുളിവോ മററു മാലിന്യങ്ങളോ ഇല്ലാതെ പ്രഭാപൂരിതമായ ഒരു സഭയെ തനിക്കുതന്നെ സമർപ്പിക്കുവാൻവേണ്ടി പ്രാണാർപ്പണം ചെയ്തതുപോലെ. അപ്രകാരം ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരമെന്നവിധം സ്നേഹിക്കണം".

ഭാര്യയുടെ അനുസരണത്തിൻെറ ഉന്നതമായ ഉദ്ദേശം പരിശുദ്ധിയാണു്. അതു കാത്തുസൂക്ഷിക്കേണ്ട കടമ കുടുംബത്തലവനിലാണു് സ്ഥിതിചെയ്യുന്നതു്. വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കു വളർന്നു വികസിക്കുവാൻ ഭർത്താവു് അവളെ സഹായിക്കണം. യാതൊരസന്മാർഗ്ഗിക മാലിന്യവും വഴി അവളുടെ അദ്വിതീയ വ്യക്തിത്വത്തെ ദൂഷിപ്പിക്കരുതു്. ഭർത്താവിൻെറ സ്വാർത്ഥതമൂലം അവളുടെ മനസ്സിനെ വിരൂപമാക്കുകയും ചെയ്യരുതു്. ഭാര്യാഭർത്താക്കന്മാർ ദൈവത്തോടു കൂടുതൽ അടുക്കുമ്പോൾ അവർ തമ്മിലും കൂടുതൽ അടുക്കുവാൻ ഇടയാകും. "ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവു സ്വയം സ്നേഹിക്കുന്നു." കാരണം ആദർശപരമായി മാത്രമല്ല ശക്തിമത്തായ ശാരീരിക സംയോജനത്താലും അദ്ദേഹത്തോടു് അവൾ ബന്ധപ്പെട്ടിരിക്കുന്നു. ഒരുത്തനും സ്വന്തം ശരീരത്തെ വെറുക്കുന്നില്ല. പ്രത്യുത പോഷിപ്പിച്ചു് പരിപാലിക്കുന്നു; മിശിഹാ സഭയെ പോഷിപ്പിച്ചു സംരക്ഷിക്കുന്നതു പോലെ. കാരണം നാം എല്ലാവരും അവിടുത്തെ ശരീരത്തിൻെറ "അവയവങ്ങളാകുന്നു"

മാമ്മോദീസാ സ്വീകരിക്കുമ്പോൾ നാം ക്രിസ്തുവുമായി ഏകീഭവിക്കുന്നു. ഈ ഏകീഭാവം മുഖാന്തരം നാം ദൈവത്തിൻെറ ജീവനിൽ ഭാഗഭാക്കാകുന്നു. ദിവ്യജീവൻ ക്രിസ്തുനാഥനിലൂടെ സഭയിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കയാണല്ലോ "നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നതുകൊണ്ടാണു് പിതാവായ ദൈവത്തിൻെറ പുത്രന്മാരായിരിക്കുന്നതു്." പ്രസ്താവിത പുത്രീകരണത്തിൻെറ അനിഷേധ്യമായ മാഹാത്മ്യത്തെ സംബന്ധിച്ചു നമ്മൾ ബോധവാന്മാരാകണം. വെള്ളം വീഞ്ഞുമായി കലരുന്നതുപോലെ നാം ദിവ്യത്വത്തിൻെറ പങ്കാളികളായിത്തീർന്നു. അവിടുന്നാകട്ടെ നമ്മുടെ മനുഷ്യത്വത്തിൻെറ പങ്കാളിയുമായി. നാം ചെയ്യുന്നതെല്ലാം ക്രിസ്തുവഴിയായും ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയുമാണു്. ക്രിസ്തുവും അവിടുത്തെ സഭയും, ക്രിസ്തുവും അവിടുത്തെ ശരീരത്തിൻെറ അവയവങ്ങളായ ക്രൈസ്തവരും തമ്മിലുള്ള ഈ ഏകത്വമാണു് യഥാർത്ഥത്തിൽ നമ്മുടെ വിവാഹങ്ങൾ പ്രതിരൂപം ചെയ്യുന്നതു്. അവിടുത്തേതായ രണ്ടു വ്യക്തികൾ ത്യാഗവേദിയായ അൾത്താരയുടെ മുമ്പിൽ ഒന്നിക്കുമ്പോൾ അവർ പിന്നീടു് രണ്ടല്ല; ഒന്നാണു്.

എന്നാൽ നാം പരിമിത സൃഷ്ടികളാകയാൽ വിവാഹബന്ധത്തിൽ പരിപൂർണ്ണമായ ഐക്യം പ്രതീക്ഷിക്കവയ്യാ. വിവാഹത്തിൽ വ്യക്തിത്വങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നില്ലല്ലോ. അതിനാൽ ഓരോ പങ്കാളിയും ചില സമീകരണങ്ങൾക്കു വിധേയരാവണം. അവരെ വിവാഹത്തിലേക്കു് ആകർഷിച്ച സവിശേഷതകൾതന്നെ വിവാഹാനന്തരം ഭിന്നതകൾക്കു നിദാനമാകാം. പക്ഷേ ഐക്യം നിലനില്ക്കുവാൻ ഇരുഭാഗക്കാരും പരമാർത്ഥമായി പരിശ്രമിക്കുമെങ്കിൽ സന്തോഷവും സൗഭാഗ്യവും അനുഭവിക്കുവാൻ കഴിയുന്നതാണു്.

മറിച്ച് ഐക്യത്തെ അവഗണിക്കുകയും സ്വാർത്ഥതാല്പര്യങ്ങളെ മാത്രം അഭിലഷിക്കുകയും ചെയ്യുമ്പോൾ ദുഷ്ടഭാവങ്ങൾ അവിടെ രൂപം കൊള്ളുകയായി; അതു് ഇടർച്ചയ്ക്കു വഴിതെളിക്കും കാരണം സ്നേഹിക്കുകയെന്നതു നമ്മ ആഗ്രഹിക്കയാണല്ലോ. ദുഷ്ടബുദ്ധിക്കാകട്ടെ നമ്മ ആഗ്രഹിക്കുവാൻ സാധിക്കുകയില്ല.

സ്വന്തം മാംസരക്തങ്ങളോടു ദുഷ്ടഭാവം പ്രദർശിപ്പിക്കുക, അനുചിതമാണു്; എന്നാൽ സ്വന്തം മാംസരക്തങ്ങൾ എന്നതിനേക്കാൾ ക്രിസ്തുവിൻെറ മാംസരക്തങ്ങളായതുകൊണ്ടു് പ്രത്യേകിച്ചും. അവരുടെ ജീവിതം ക്രിസ്തുവിനു സമർപ്പിതമായിരിക്കുകയാണു്. ആകയാൽ അവർ പരസ്പരം പ്രദർശിപ്പിക്കുന്ന സ്നേഹം വിശുദ്ധീകരണ സ്നേഹമായിട്ടാണു് പരിഗണിക്കേണ്ടതു്.

കുടുംബനാഥൻ എന്ന നിലയിൽ ഭർത്താവു, ക്രിസ്തുവിൻെറ ആധിപത്യത്തോടു് എത്രകണ്ടു താദാത്മ്യം പ്രാപിക്കുവാൻ ശ്രമിക്കുമോ അത്രകണ്ടു ക്രിസ്തുവിനെ മാതൃകയായി സ്വീകരിക്കുകയും തൻെറ വിവാഹം ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തെ പ്രതിബിംബിപ്പിക്കുകയും ചെയ്യും. ''ഇക്കാരണത്താൽ പുരുഷൻ, പിതാവിനേയും മാതാവിനേയും വിട്ടു് ഭാര്യയോടു് ഒട്ടിച്ചേരും. രണ്ടുപേരും ഒരു ജഡമായിത്തീരും. ഇതൊരു മഹാ അജ്ഞേയ രഹസ്യമാണു്. ഞാൻ വിവക്ഷിക്കുന്നതു സഭയേയും മിശിഹായേയും കുറിച്ചാണു്''.

ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിനൊരുദ്ദേശമുണ്ടു്; ദിവ്യജീവനാകുന്ന വിശുദ്ധീകരണ വരപ്രസാദത്തിലേക്കു മനുഷ്യരെ ജനിപ്പിക്കുക. വിവാഹബന്ധത്തിൻെറ ഉദ്ദേശമെന്തു? സ്വാഭാവിക ജീവൻെറ ജനനമാണു്. കൂദാശപരമായ ദാമ്പത്യധർമ്മാനുഷ്ഠാനമാണു് ഈ ജീവൻ പ്രദാനം ചെയ്യുവാൻ സഹായിക്കുന്നതു്. തന്മൂലം അതിനെ നിഷ്ഫലമാക്കുകയെന്നതു് കൂദാശയെ അധിക്ഷേപിക്കുന്നതിനു തുല്യമാണു്. കൂദാശയെ അധിക്ഷേപിക്കുന്നവൻ അതിൻെറ സ്ഥാപകനായ ക്രിസ്തുവിനെ നിഷേധിക്കുന്നു. ഇതുകൊണ്ടാണു് ഏതുവിധ ജനനനിരോധനവും അധാർമ്മികമാകുന്നതു്. അതു് ഈശ്വരനിന്ദയുമാണു്.

കുഞ്ഞുങ്ങളുടെ ജനനത്തോടെ ഭർത്താവു പിതാവാകുന്നു. ഭാര്യാഭർതൃബന്ധത്തേപ്പററി പ്രസ്താവിച്ചശേഷം സെയിൻറ് പോൾ പിതൃപുത്രബന്ധത്തെപ്പററി നമ്മെ ഉൽബോധിപ്പിക്കുകയാണു്. ''കുഞ്ഞുങ്ങളേ, നിങ്ങളുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കുക''. എന്തെന്നാൽ അതാണു ശരി. ''നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കുക—സന്താനവാഗ്ദാനത്തോടുകൂടിയ ഒന്നാമത്തെ കല്പനയാണിതു്. സമ്മാനമോ, നിനക്കു നന്മ വരുന്നതിനും ദീർഘായുഷ്മാനായി നീ ഭൂമിയിൽ ജീവിക്കുന്നതിനും''. അടുത്തു വരുന്ന വാക്യം ഈ ആശയത്തിൻെറ പൂർത്തീകരണമാണു്. ''പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുതു്. കർത്താവിൻെറ ശിക്ഷണത്തിലും അനുസരണത്തിലും അവരെ വളർത്തുക''.

''കർത്താവിലും—കർത്താവിൻെറ ശിക്ഷണത്തിലും'' കുടുംബാംഗങ്ങൾ എല്ലാവരും ദൈവസന്നിധിയിൽ സമന്മാരാണു്. ഒരേ മഹത്വത്തിൻെറ പ്രകാശം അനുഭവിക്കുവാനുള്ള പൂജ്യവ്യക്തികളുമാണു്. ''കർത്താവിൻെറ ശിക്ഷണത്തിൽ'' മക്കളെ വളർത്തുമ്പോൾ കുടുംബത്തിലുള്ള സ്വാഭാവികമായ അധീനാഥത്വം അക്ഷേപത്തിൽനിന്നും വിമുക്തമാകുന്നു. കാരണം കർത്താവിൻെറ പ്രതിപുരുഷനായിട്ടാണു് പിതാവു ഭരണം നടത്തുന്നതു്. ക്രൈസ്തവനിയമത്തിനെതിരായി യാതൊന്നും അവനു ആജ്ഞാപിക്കുവാൻ പാടില്ല. പിതാവു് തൻെറ ഭരണത്തിനു വിധേയരായിരിക്കുന്നവർ ക്രിസ്തുവിൽ രൂപംപ്രാപിക്കത്തക്കവണ്ണം സ്നേഹപൂർവ്വമായ ശിക്ഷണം അവർക്കു നൽകി വളർത്തണം. പക്ഷേ കുററത്തിൻെറ ഗുരുലഘുത്വം പരിഗണിച്ചു യുക്തമായ രീതിയിലേ അവരെ ശിക്ഷിക്കാവൂ. അല്ലെങ്കിൽ അവർ അമർഷം കൊള്ളുകയും അക്രമത്തിനൊരുങ്ങുകയും ചെയ്യും. കുട്ടികളെ അതിയായി ലാളിക്കുന്നതും നന്നല്ല. അതുമൂലം ക്രമവും സമാധാനവും നഷ്ടപ്പെട്ടുവാനിടയാകും. മാത്രമല്ല പിന്നീടു് അവരിൽ അധികാരം പ്രയോഗിക്കുവാൻ സാധ്യമല്ലാതെവരും. കുട്ടികളെ സ്നേഹിക്കുന്ന പിതാവു്, അവരുടെ നന്മയെ കാംക്ഷിക്കുന്ന പിതാവു് പരിശീലനവും ശിക്ഷണവും കൂടാതെ അവർ വളരുവാൻ ആഗ്രഹിക്കുകയില്ല. ഇന്നത്തേ ''പ്രഷ്ടപുത്രന്മാർ''—അപഥസഞ്ചാരികളായ യുവാക്കന്മാർ—ശിക്ഷണമില്ലാത്ത കുടുംബങ്ങളിൽ നിന്നുമുള്ള ഇറക്കുമതികളാണു്. (അമ്മ)

# നമ്മുടെ ഇടവകകളിലെ പ്രാർത്ഥനായോഗങ്ങൾ

## ചില പ്രായോഗിക നിർദ്ദേശങ്ങൾ

### (C. D.)

നമ്മുടെ പല ഇടവകകളിലും പ്രാർത്ഥനായോഗങ്ങൾ അഥവാ വായനയോഗങ്ങൾ നടത്തുന്നുണ്ട്. പ്രാർത്ഥനായോഗങ്ങൾ കൊണ്ടു പറയത്തക്ക പ്രയോജനങ്ങൾ ഉണ്ടാക്കാവുന്നതാണ്. പുനരൈക്യപ്പെട്ട നമ്മിൽ പലക്കും, കത്തോലിക്കാ തിരുസഭ മാത്രമാണു ദൈവസ്ഥാപിതമായ സഭ എന്നു് ബോദ്ധ്യമുണ്ടെങ്കിലും, സഭയെപ്പററിയും ഇതര സഭകളെപ്പററിയും ഉള്ള അറിവുകൾ വളരെ വിരളമാണെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അകത്തോലിക്കർ ഉന്നയിക്കുന്ന സംശയങ്ങൾക്കു് മറുപടി പറയുവാൻ തക്ക അറിവു നമ്മിൽ പലക്കും ഇല്ല. പ്രാർത്ഥനായോഗങ്ങൾക്കു് ഇക്കാര്യത്തിൽ നമ്മെ കഴിവുള്ളവരാക്കുവാൻ സാധിക്കും. വിശ്വാസവിഷയകമായ നല്ല പുസ്തകങ്ങൾ നമ്മുടെ ബ. അച്ചന്മാരുടെ സഹായത്തോടു കൂടെ തിരഞ്ഞെടുത്തു ക്രമമായി പ്രാർത്ഥനാ യോഗത്തിൽ വായിക്കുകയും വായിക്കുന്ന ഭാഗങ്ങളെക്കുറിച്ചു് അംഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്താൽ, ക്രമത്തിൽ സഭയെപ്പററിയുള്ള ശരിയായ അറിവു നമുക്കു സമ്പാദിക്കുവാൻ കഴിയും. പ്രാർത്ഥനായോഗങ്ങൾ പ്രായമായവരുടെ വേദോപദേശ പഠനമായും നമുക്കു പ്രയോജനപ്പെടും.

ഓരോ പ്രദേശങ്ങളിലേയും സാഹചര്യങ്ങൾക്കനുസരിച്ചു് ആവശ്യമായ പരിപാടികൾ കൈക്കൊള്ളണം. 'സത്യദീപം', 'കാഹളം', 'കുടുംബദീപം', 'അമ്മ', S. H. പ്രസിദ്ധീകരണങ്ങൾ തുടങ്ങിയുള്ളവ പ്രാർത്ഥനായോഗത്തിന്റെ ചുമതലയിൽ നമ്മുടെ കുടുംബങ്ങളിൽ വിതരണം നടത്തുകയും, സന്ദർഭാനുസൃതമായ ഭാഗങ്ങൾ, പ്രാർത്ഥനായോഗത്തിൽ വായിക്കുകയും ചെയ്യാം. ഒരിടവകയിൽ കൂടുതൽ കുടുംബങ്ങളുള്ളപക്ഷം ഒന്നിൽകൂടുതൽ പ്രാർത്ഥനായോഗങ്ങൾ നടത്തുന്നതു നന്നായിരിക്കും. ഒരു ഗുണമാത്സര്യബുദ്ധിക്കും ഇതു നല്ലതാണല്ലോ. പ്രാർത്ഥനായോഗത്തിലെ കുടുംബാംഗങ്ങളെ സംബന്ധിച്ചു് പൊതു സ്വഭാവമുള്ള എല്ലാ കാര്യങ്ങളും പ്രാർത്ഥനായോഗത്തിന്റെ അറിവോടും ആലോചനയോടും ശരിയായ സഹകരണത്തോടും കൂടി നടത്തുന്നതു് ഐക്യത്തിനും ഐശ്വര്യത്തിനും പ്രയോജനപ്പെടും. ആത്മീയം മാത്രമല്ല, ലൗകീക കാര്യങ്ങളും ഇങ്ങനെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യാൻ കഴിയും.

കൂടാതെ, ഓരോ ആഴ്ചയും ഓരോ കുടുംബം എന്ന വിധം മാറി മാറി ഓരോവീട്ടും അതിലെ അംഗങ്ങളേയും പരിചയപ്പെടാനിടയാകുന്നതും നല്ലതാണല്ലോ. ഓരോരുത്തരെപ്പററിയും ഉള്ളതുപോലെ അറിയുന്നതിനും, ആവശ്യമെങ്കിൽ താങ്ങേണ്ടവരെ താങ്ങുവാനും, അർഹിക്കുന്ന സഹായസഹകരണങ്ങൾ നൽകാനും, അങ്ങനെ സഹോദരസ്നേഹത്തിന്റെ സേവനത്തിലൂടെ ക്രിസ്തീയ ചൈതന്യം നമ്മുടെയിടയിൽ വർദ്ധമാനമാകുവാനും സംഗതിയാകും.

കുഞ്ഞുങ്ങളുടെ വേദോപദേശം, സ്കൂളിലെ വിദ്യാഭ്യാസം, കുടുംബാംഗങ്ങളുടെ പള്ളിയിൽ പോക്കു്, സാമ്പത്തികവും സാമൂഹികവുമായ ഇതര കാര്യങ്ങൾ എന്നിങ്ങനെ ആത്മീയവും ലൗകീകവുമായ എല്ലാ കാര്യങ്ങളിലും ശ്രദ്ധ പതിക്കാൻ പ്രാർത്ഥനായോഗം ഉപകരിക്കുന്നതാണ്.

വഴക്കും വയ്യാവേലിയും ഉണ്ടാക്കാനിടയാകാത്തവിധം കഴിവുള്ളപക്ഷം പ്രാർത്ഥനാ യോഗത്തിനു് ഒരു ധനശേഖരം ഉണ്ടാക്കുന്നതും നല്ലതാണ്. വളരെ കുറഞ്ഞ ഒരു തുക വീതം ഓരോ ആഴ്ചയിലും ഓരോരുത്തരും നിക്ഷേപിച്ചാലും 'പല തുള്ളി പെരുവെള്ളം' ന്യായേന പ്രാർത്ഥനാ യോഗത്തിനു് ഒരു നല്ല ഫണ്ടു് ഉണ്ടാക്കാവുന്നതാണ്. പ്രാർത്ഥനാ യോഗത്തിലെ അംഗങ്ങളിലാർക്കെങ്കിലും പെട്ടെന്നുണ്ടാകാവുന്ന ധനാവശ്യത്തിനു് പ്രത്യേകം ആരും ഭാരപ്പെടാതെ ഈ ഫണ്ടിൽ നിന്നും സഹായിക്കാവുന്നതാണല്ലോ.

# വിഹിതം

## സാമൂഹ്യരംഗത്തു നമ്മുടെ ക്രിസ്തീയ ചുമതല

[വർഗ്ഗീസ് ജെ. വള്ളവന്ത്ര]

(Assit. Regional Director for Kerala-Indian Social Institute Extension Service)

ലഭിക്കുവാനുള്ള വിഹിതത്തെ സംബന്ധിച്ചല്ല, നൽകുവാനുള്ള വിഹിതത്തെപ്പററി പരാമർശിക്കുവാനാണു് ആഗ്രഹിക്കുന്നതു്. അവകാശങ്ങൾക്കുവേണ്ടി അടരാടുവാൻ ആർക്കും ആവേശമുണ്ടാകാറുണ്ടു്. ഈ കാര്യത്തിൽ സ്ഥലകാലസ്ഥിതി പരിഗണനകൾ വിലങ്ങുതടിയാകാറില്ല. അവകാശങ്ങൾ, നീതിപൂർവ്വകമായ വിഹിതങ്ങൾ സമ്പാദിക്കുന്നതിൽ, വേണ്ടിവന്നാൽ, "പിടിച്ചുപറുന്നതിൽ" ആരേയും ആക്ഷേപിക്കേണ്ടതില്ല. എന്നാൽ ഏതു നിലയിലുള്ളവർക്കും സഹജീവികളോടു് ചില കടപ്പാടുകളുണ്ടെന്നുള്ള പരമാർത്ഥം പലപ്പോഴും നാം വിസ്മരിച്ചുപോകാറുണ്ടു്. ധനം, ശക്തി, വിജ്ഞാനം, അധികാരം, കഴിവു് എന്നിവയെല്ലാം വർദ്ധിക്കുന്നതോതനുസരിച്ചു് അയൽക്കാരനോടുള്ള കടപ്പാടും കൂടുന്നുണ്ടെന്നുള്ള വസ്തുത യഥാവിധി നാം മനസ്സിലാക്കുകയും, മനഃപൂർവ്വം അതു നിർവഹിക്കുവാൻ സന്നദ്ധരാകുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ചുമതലയെ സംബന്ധിച്ചുള്ള ബോധം ഒരു ക്രൈസ്തവനുണ്ടെന്നാണു് കരുതിപ്പോരുന്നതു്. എന്നാൽ നമ്മുടെ പക്കൽ അയൽക്കാരന്റെ വിഹിതമുണ്ടെന്നു് ബോധപൂർവ്വം ചിന്തിക്കുകയും, അന്യർക്കുകൂടി മാതൃകയാകത്തക്കവിധം ആത്മാർത്ഥമായും പ്രായോഗികമായും പ്രവർത്തിക്കുകയും ചെയ്യുവാൻ നമുക്കു യഥാർത്ഥതാല്പര്യമുണ്ടോയെന്നു്

---

ഇങ്ങനെയുള്ള പ്രാർത്ഥനായോഗം ഒരു പുതിയ കാൽവെയ്പ്പല്ല, എങ്കിലും അതു കത്തോലിക്കാ അരൂപിയിൽ കൂടുതൽ പ്രയോജനവും മാതൃകാപരവുമായി നടത്തുമെങ്കിൽ ആയതു തികച്ചും ഒരു അത്മായ പ്രേഷിതവൃത്തി തന്നെയായിരിക്കും. ബ. ഇടവക വികാരിയുടെ അനുവാദത്തോടുകൂടെ ആരംഭിക്കുകയും അവരുടെ നിർദ്ദേശാനുസരണം നടത്തുകയും, കൂടെക്കൂടെ ബ. വൈദികൻ സംബന്ധിക്കുവാൻ സൗകര്യം ഉണ്ടാക്കുകയും വേണം.

അതതു പ്രദേശത്തിനു പററിയ വിധത്തിലും പൊതു സ്വഭാവമുള്ളതും ആയ ഒരു നിയമാവലി പ്രാർത്ഥനായോഗത്തിനുണ്ടായിരിക്കണം. ഒരു പ്രസിഡണ്ടു്, വൈസ് പ്രസിഡൻറു്, സെക്രട്ടറി, ജായിൻറു സെക്രട്ടറി എന്നിങ്ങനെ ഒരു വർക്കിങ്ങ് കമ്മററി ഉണ്ടായിരിക്കണം. ഓരോ ആഴ്ചയിലും എന്തു ചെയ്തു, ഏതു ഭാഗങ്ങൾ വായിച്ചു, എന്തു ചർച്ചചെയ്തു, എത്ര അംഗങ്ങൾ (ആരെല്ലാം) ഹാജരുണ്ടായിരുന്നു, എന്നിങ്ങനെ സമഗ്രമായ ഒരു റിപ്പോർട്ടും, ഹാജരുപുസ്തകവും സെക്രട്ടറി തയ്യാറാക്കേണ്ടതും, പ്രാർത്ഥനാ യോഗത്തിന്റെ അനുവാദത്തോടുകൂടി റിപ്പോർട്ടു പാസാക്കി സൂക്ഷിക്കേണ്ടതുമാണു്.

പാട്ടുപാടി സ്തുതിച്ചുകൊണ്ടാരംഭിച്ചു്, കൗമ്മാപ്രാർത്ഥന, വി. ഗ്രന്ഥവായന, വിശ്വാസവെളിച്ചം വളർത്തുന്ന ഇതര ഗ്രന്ഥങ്ങൾ, പത്രമാസികകൾ (കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ) ഇവയുടെ വായന, അവയെപ്പററിയുള്ള ചർച്ചകൾ, പൊതുവായ മററുകാര്യങ്ങൾ ജപമാല പ്രാർത്ഥന മുതലായി വ്യക്തവും ക്ലിപ്തവുമായ ഒരു പരിപാടിയനുസരിച്ചു് പ്രാർത്ഥനായോഗം നടത്തണം. സാധാരണയായി രണ്ടു മണിക്കൂർ ആകെ ഉപയോഗിക്കയായിരിക്കും സൗകര്യം. ഉച്ച കഴിഞ്ഞു് രണ്ടു മണിക്കു തുടങ്ങി നാലുമണിക്കവസാനിപ്പിക്കാം.

നടന്നുകൊണ്ടിരിക്കുന്ന പ്രാർത്ഥനായോഗങ്ങൾ കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും, ഇല്ലാത്ത പ്രദേശങ്ങളിൽ തുടങ്ങുന്നതിനും ഈ ലേഖനം സഹായിക്കട്ടെ. ഞായറാഴ്ച രാവിലെ പള്ളിയിലെ ആരാധനയ്ക്കും മററും ശേഷം ഉച്ച കഴിഞ്ഞുള്ള ഈ പരിപാടി 'ഞായറാഴ്ചകളെ കൂടുതൽ ശുദ്ധമായി ആചരിക്കു'ന്നതിനും നമ്മുടെ നാനാ മുഖങ്ങളായ അഭിവൃദ്ധിക്കും കാരണമാകുമെന്നു നമുക്കു് ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

ആത്മപരിശോധന ചെയ്യുവാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു.

ആരുടേയും പേരിൽ ആരോപണങ്ങൾക്കു മുതിരാതെ തന്നെ നിഷ്പക്ഷമായി ഈ വിഷയം നമ്മുടെ വിചിന്തനത്തിനും, വിചാരണയ്ക്കും വിധേയമാകണം. പ്രമാണങ്ങളുടെ ആകത്തുകയാണ്, സത്താണ്, ദൈവത്തെ സ്നേഹിക്കുകയും അയൽക്കാരനെ സ്നേഹിക്കുകയുമെന്നുള്ളത്. പൊതുവിധിയുടെ വാക്യങ്ങൾ എന്തായിരിക്കുമെന്ന് അറിയാത്തവരുണ്ടോ? "റേറും നൊവാരും, ക്വാദ്രജേസിമൊ ആന്നൊ" മാതാവും ഗുരുവും എന്നിങ്ങനെയുള്ള വിശ്വവിഖ്യാതങ്ങളായ സാമൂഹ്യപ്രധാനമായ ചാക്രികലേഖനങ്ങൾ മുഴുവൻ വായിക്കാറില്ലെങ്കിലും, അവയിലെ ക്രോഡീകരണവിഷയങ്ങളെക്കുറിച്ച് എന്തെങ്കിലും മനസ്സിലാക്കിയിട്ടില്ലാത്ത വിദ്യാവിശാരദന്മാരുണ്ടെന്നു വിശ്വസിക്കുക പ്രയാസം. സ്വജീവിതത്തിൽ ജീവകാരുണ്യത്തിന്റെ മഹനീയ മാതൃക കാട്ടിയ ക്രിസ്തുവിന്റെ അനുയായികൾ അയൽക്കാരോടുള്ള സഹവർത്തിത്വം പ്രതീക്ഷാനുസരണം നിർവഹിക്കുന്നുണ്ടോ? നൂറുകണക്കിനു സാമൂഹ്യശാസ്ത്രഗ്രന്ഥങ്ങൾ പാരായണം ചെയ്യാതെതന്നെ അതിദുർല്ലഭമായി മാത്രം നടക്കാറുള്ള സാമൂഹ്യപ്രവർത്തക ചർച്ചാസമ്മേളനങ്ങളിൽ പങ്കു കൊള്ളാതെതന്നെ, സാമൂഹ്യശാസ്ത്രഡിപ്ലോമായും ഡിഗ്രിയും സമ്പാദിക്കാതെതന്നെ, ഒരു ക്രിസ്ത്യാനിക്ക് അയൽക്കാരോടുള്ള കടപ്പാടിന്റെ അർത്ഥവും ഗൗരവവും ഗ്രഹിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, നമ്മുടെ ക്രൈസ്തവമതപരിശീലനപരിപാടികളിൽ തകരാറു സംഭവിച്ചിട്ടുണ്ടെന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. ഫ്രാൻസിസ് അസീസിയുടെയും ഫാദർ ഡാമിയന്റെയും, വിൻസെന്റ് ഡി പോളിന്റെയും, ഫ്രെഡറിക്ക് ഓസാനാമിന്റെയും, വിൻസെന്റ് പല്ലോട്ടിയുടെയും, ജോൺ മേരി വിയാന്നിയുടെയും, ജോൺ ബോസ്കോയുടെയും, ജോൺ ബാപ്റ്റിസ്റ്റ് ഡിലാസാലേയുടെയും, കമല്ലസ് ഡിലെല്ലിസന്റെയും, ഇഗ്നേഷ്യസ് ലെയോളായുടേയും മററും ജീവചരിത്രഗ്രന്ഥങ്ങൾ വായിച്ചിട്ടും ജോൺ ഇരുപത്തിമൂന്നാം മാർപ്പാപ്പായുടെ കാലത്തു ജീവിക്കുവാൻ കഴിഞ്ഞതിൽ അഭിമാനംകൊണ്ടിട്ടും സർവോപരി ക്രിസ്തുവിന്റെ അനുയായിയെന്ന് കൃതജ്ഞതാപൂർവ്വം സ്മരിച്ചിട്ടും, എന്തുകൊണ്ട് അയൽക്കാരനെ സേവിക്കുകയെന്ന കാര്യത്തിൽ—പ്രമാണത്തിൽ—പലരും പിമ്പന്മാരായി കാണുന്നുവെന്ന് അന്വേഷിക്കേണ്ടതല്ലെ? കേവലം ഭക്തിപരമായ ജീവിതചര്യയും, പ്രകടനവും കൊണ്ട് മതപരമായ ചുമതല നിർവ്വഹിക്കാമെന്നു ഒരു മിഥ്യാധാരണ പ്രമുഖരെന്നും അനുകരണീയരെന്നും, മര്യാദക്കാരെന്നും കരുതിപ്പോരുന്നവരിൽപോലുമുണ്ടെങ്കിൽ സാധാരണക്കാരന്റെ അഭിപ്രായഗതി എന്തായിരിക്കും. നമസ്കാരങ്ങൾ വരിത്തുമ്പു കാണിച്ചു ഉരുവിടിക്കുകയും, നരകത്തിലെ തീ കാണിച്ചുമാത്രം പുണ്യാഭ്യാസത്തിനു പ്രേരിപ്പിക്കുകയും, സാമൂഹ്യചിന്താഗതിയില്ലാത്ത ശുഷ്കഭക്തന്മാരെ മാതൃകകളായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന ഒരു മതാഭ്യസന സമ്പ്രദായമാണ് വർഷങ്ങളായി സാമൂഹ്യപ്രശ്നങ്ങൾ പഠിക്കുകയോ പഠിപ്പിക്കുകയൊ പ്രായോഗിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയൊ ചെയ്തിട്ടില്ലാത്ത അനുദിന ഇടവക ഭരണകാര്യാദികളിൽ വ്യാപൃതരായിരുന്ന നമ്മുടെ വൈദികർ വഴിക്ക് ലഭിച്ചിട്ടുള്ളത്. ഇതിനുള്ള കാരണത്തിനു വീണ്ടും പുറകോട്ട് അന്വേഷിക്കേണ്ടതായി വരാം. അയൽക്കാരനെ സ്നേഹിക്കാത്തതിനുള്ള നരകത്തീജ്വാലയും വേണ്ടവണ്ണം കാണിച്ചിരുന്നില്ല. അയൽക്കാരനെ സ്നേഹിക്കുന്നതിൽക്കൂടിയാണ് ദൈവത്തെ ശരിയായി സ്നേഹിക്കുന്നതെന്നുള്ള തത്വം വേണ്ടവിധം വിശദീകരിച്ചിരുന്നില്ല. മതാദ്ധ്യാപന ക്ലാസ്സുകളിൽ സാമൂഹ്യ കടമയെപ്പററിയുള്ള പ്രബോധനങ്ങൾ നൽകിയിരുന്നില്ല.

അയൽക്കാരനെ സേവനംമൂലം സ്നേഹിക്കാതെ ക്രൈസ്തവജീവിതം പരിപൂർണ്ണമാകയില്ലെന്നുള്ള നിത്യസത്യം നാം അതിന്റെ മുഴുവൻ അർത്ഥവ്യാപ്തിയോടുകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ ഭൂരിപക്ഷമുള്ള തെക്കേ അമേരിക്കയിലെ സ്വാർത്ഥമതികളായ ഭൂസ്വാമികളെയും, മുതലാളിമാരെയും ചില്ലിയി

ലെ മെത്രാന്മാർ അനുസ്മരിപ്പിക്കുന്നതു് ഇവിടെ പ്രസക്തമാണു്. "സഭയുടെ സാമൂഹ്യപഠനം രാജ്യത്തെ ആഴമേറിയ പ്രശ്നങ്ങൾക്കും പ്രായോഗിക പരിപാടികളായിത്തീരണം."

സാമൂഹ്യമായി ഒരു പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ഭക്തിപരമായ അനുഷ്ഠാനങ്ങൾക്കു് പരമപ്രാധാന്യം കൊടുക്കുന്നതിനോടൊപ്പംതന്നെ സാമൂഹ്യസേവനപരമായ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കണമെന്നുള്ളതു് ചില മണ്ഡലങ്ങൾ അംഗീകരിക്കുകയും തദനുസരണം ഉണർന്നു പ്രവർത്തിക്കുവാൻ സമാരംഭിക്കുകയും ചെയ്തിട്ടുള്ളതു് ശുഭോദർക്കമാണു്. എന്നാൽ കത്തോലിക്കരിൽ പ്രത്യേകിച്ചു് കലാശാലാ വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന യുവലോകത്തിൽ ചില ചിന്താക്കുഴപ്പങ്ങളുള്ളതായി അനുഭവപ്പെടാറുണ്ടു്. സെനററിലും, സിൻഡിക്കേററിലും, കലാലയത്തിലും, വിദ്യാലയത്തിലും കടന്നുകൂടുവാനുള്ള വൈദികരുടെ അഭിനിവേശം സാമൂഹ്യപ്രവർത്തനത്തിൽ കാണുന്നില്ലെന്നും, സാധുജനോദ്ധാരണം അവരുടെ കടമയാണെന്നും, അൽമായർ അതിൽ വിജയിക്കുവാൻ പോകുന്നില്ലെന്നും, എന്തെങ്കിലും ചെയ്യുവാൻ ശ്രമിച്ചാൽ തന്നെ വൈദികരിൽനിന്നും സഹകരണമൊ, വിട്ടുവീഴ്ചയൊ ഉണ്ടാകാറില്ലെന്നും മററുമുള്ള അഭിപ്രായങ്ങൾ പല ചർച്ചകളിലും ഉയരാറുണ്ടു്. വളരെയധികം വാസ്തവമടങ്ങിയ ഈ അഭിപ്രായഗതിയുടെ മറപററി ജനങ്ങൾ സാമൂഹ്യപ്രവർത്തനങ്ങളിൽനിന്നും അകലുവാൻ ശ്രമിക്കരുതെന്നു മാത്രമെ അഭ്യർത്ഥനയുള്ളു.

സാമൂഹ്യപ്രവർത്തനം പ്രധാനമായി അൽമായരുടെ ചുമതലയാണെന്നാണു് എൻെറ വിനീതമായ അഭിപ്രായം. യുവജനങ്ങൾക്കും ഇതിൽ സുപ്രധാനമായ പങ്കുവഹിക്കാനുണ്ടു്. രാഷ്ട്രീയം, സാഹിത്യം, തൊഴിൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരുടെ ആജ്ഞാനുവർത്തികളായിട്ടല്ലല്ലൊ പലരും വർത്തിക്കുന്നതു്. സാമൂഹ്യപ്രവർത്തനത്തിൻെറ കാര്യം വരുമ്പോൾ വൈദികരിലേയ്ക്കു മാത്രം തിരിയുന്നതു് ശരിയാണൊ? സാമൂഹ്യപ്രവർത്തനത്തിൽ വൈദികരുടെ പിൻതുണയും, സഹകരണവും സമ്പാദിക്കുന്നതു് തികച്ചും നല്ലതും പ്രയോജനകരവുമാണു്. ഈ കാര്യത്തിൽ വൈദികർക്കുള്ള അതിപ്രധാനമായ ചുമതല താഴ്ത്തിക്കാണിക്കുവാൻ ഞാൻ ശ്രമിക്കുകയില്ല. സാമൂഹ്യപ്രവർത്തനതല്പരനല്ലാത്ത വൈദികൻ ഇക്കാലത്തു് മററു രംഗങ്ങളിൽ നേതൃത്വത്തിനു് ശ്രമിക്കുന്നതു് അഭികാമ്യവുമല്ല. വൈദികർ ഈ പരിവർത്തനഘട്ടത്തിൽ അന്ധാളിച്ചുനിൽക്കാതെ, തല്പരകക്ഷികളുടെ ഭീഷണിക്കു വിധേയരാകാതെ, അവർക്കു ലഭിച്ചിട്ടുള്ള അറിവും, അധികാരവും, നേതൃത്വവും സാമൂഹ്യസേവനങ്ങൾക്കു ജനങ്ങളെ ഉൽബുദ്ധരാക്കുവാൻ ഉപയോഗിക്കണം. നല്ല സമരിയാക്കാരൻെറ മഹത്തായ ഉദാഹരണ എടുത്തുകാട്ടിയ, പാവപ്പെട്ട സമരിയാക്കാരി പെണ്ണിനോടും വെള്ളം വാങ്ങി ദാഹശമനം വരുത്തിയ, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കണ'മെന്ന പുതിയ കല്പന നല്കിയ, "അന്യർ നിങ്ങളോടു് എങ്ങനെ പ്രവർത്തിക്കണമെന്നു് ആഗ്രഹിക്കുന്നൊ അതുപോലെ നിങ്ങളും അവരോടു ചെയ്യുക; നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ അതിലെന്താണു് മെച്ചം! സ്നേഹിക്കുന്നവരെ, പാപിഷ്ഠരും സ്നേഹിക്കുന്നില്ലൊ. നന്മ ചെയ്യുന്നവർക്കു മാത്രം നിങ്ങൾ നന്മ ചെയ്താൽ അതിലെന്തു മേന്മ? പാപികളും അതുതന്നെ ചെയ്യുന്നു. തിരിച്ചു കിട്ടുമെന്നു പ്രതീക്ഷിക്കുന്നിടത്തോളം തിരിച്ചുകിട്ടുമെന്നുള്ള പ്രതീക്ഷയിൽ പാപികൾ പോലും പാപിഷ്ഠർക്കു് വായ്പ നല്കുന്നു. നിങ്ങളോ ശത്രുക്കളെ സ്നേഹിക്കുക: നന്മചെയ്യുക; കടം കൊടുക്കുക; പ്രത്യുപകാരം പ്രതീക്ഷിക്കാതെ" എന്നീ സൂക്തികൾ അരുളിച്ചെയ്ത പരസ്യജീവിതത്തിൽ ജീവകാരുണ്യപരമായ അനേകം സജീവമാതൃകകൾ കാട്ടിയ സർവ്വോപരി സ്വശിഷ്യരുടെ പാദങ്ങൾ കഴുകി വിനയാന്വിതനായി ചുംബിച്ച, ക്രിസ്തുവിനെ ജനങ്ങൾക്കു് ഉപദേശത്തിലും മാതൃകയിലുംകൂടി സ്പഷ്ടമായി കാണിച്ചുകൊടുക്കുകയും, ജനങ്ങളിലുള്ള സേവനതൃഷ്ണയെ ഉദ്ദീപിപ്പിക്കുന്നതിനുപകരിക്കുന്ന പ്ര

വർത്തനങ്ങൾക്ക് പ്രചോദനം നൽകുകയും, ജനങ്ങൾക്കു ധൈര്യവും ഉത്സാഹവും നൽകുന്ന 'ദാസതാരക' സമാനരായി പ്രവർത്തിക്കുകയും ചെയ്യുന്ന വൈദികർ സമൂഹത്തിന് വിലമതിക്കാനാവാത്ത സേവനമായിരിക്കും ചെയ്യുന്നത്. അതേ സമയം അയൽക്കാരനെ വിസ്മരിച്ചുകൊണ്ട് കടമ നിർവഹിക്കുവാൻ, അയൽക്കാരൻെറ വിഹിതം നൽകുവാൻ ജനങ്ങൾ മുന്നോട്ടുവരണം.

നമ്മുടെ കടമ നിർവ്വഹിക്കുവാൻ തയ്യാറാകുക. ക്രൈസ്തവമതത്തിൻെറ അടിത്തറ സ്നേഹമാണ്. ദൈവത്തിൻെറ പിതൃത്വത്തിലുള്ള സാഹോദര്യമാണ് അയൽക്കാരനെ അന്വേഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടതു്. സഹോദരൻെറ സൂക്ഷിപ്പുകാരനല്ലെന്നു പറഞ്ഞു ഒഴിയുവാൻ സാധ്യമല്ല. നമുക്കു ലഭിച്ചിരിക്കുന്ന ധനവും, വിജ്ഞാനവും, ശക്തിയും, കഴിവും, അധികാരവും അയൽക്കാരനുകൂടി ഉപയോഗപ്രദമാകത്തക്കവിധം വിനിയോഗിക്കണം. അയൽക്കാരനോടുള്ള സ്നേഹം അവൻെറ പട്ടിണിയും അറിവില്ലായ്മയും, ബലഹീനതയും, കഴിവുകേടും, അടിമത്വവും മാറ്റുന്നതിന് ഉപകരിക്കുന്ന സേവനമായി രൂപം പ്രാപിക്കണം. അയൽക്കാർ അധഃപതനാവസ്ഥയിൽ നിന്നും മുക്തിനേടുവാൻ, വീണ്ടും അതേ കുണ്ടിൽതന്നെ നിപതിയ്ക്കാതിരിക്കുവാൻ സംഘടിതമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യനീതി സംലബ്ധമാകുന്നതിനുള്ള പരിതഃസ്ഥിതി സംജാതമാകുന്നതിന്, മുരടിച്ച സ്വാർത്ഥപാരമ്പര്യ കോട്ടകൾ തകരണം. അതിന് നമുക്കുള്ള ആയുധമാണ് ക്രൈസ്തവനീതിയിൽ കെട്ടിപ്പടുത്ത സാമൂഹ്യപരിപാടികൾ. വേതനം, വിതരണം, സഹകരണം എന്നിവ ക്രൈസ്തവനീതിക്കും ഉപവിക്കും ഉചിതമാം വിധം പ്രായോഗികമാക്കണം. ഈ വക കാര്യങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിക്കുവാൻ തുടങ്ങുമ്പോൾ, "നിനക്കുള്ളതെല്ലാം വിററു പാവങ്ങൾക്കു കൊടുക്കുവാൻ" ക്രിസ്തു അരുളിച്ചെയ്തപ്പോൾ ദുഃഖിച്ചു സ്ഥലംവിട്ട യുവാവിനെപ്പോലെ പെരുമാറാതിരിക്കാനുള്ള ഹൃദയവിശാലത നാം സമ്പാദിക്കണം.

സംഘടിതപ്രവർത്തനം, സാമൂഹ്യനീതി സംരക്ഷിക്കുന്നതിനും, സാധുജനസേവനം പ്രയോജനകരമാക്കുന്നതിനും അയൽക്കാരൻെറ വിഹിതം ചൂഷണം ചെയ്യാതിരിക്കുന്നതിനും, ആവശ്യമാണ്. ഈ കാര്യത്തിൽ യുവാക്കളുടെ കഴിവും കാര്യപ്രാപ്തിയും ഗണ്യമായതാണ്. മുഴുവൻ സമയവും, എല്ലാവരും സാമൂഹ്യപ്രവർത്തകരായി മാറണമെന്നുള്ള അപ്രായോഗിക സിദ്ധാന്തം അവതരിപ്പിക്കുക സാധ്യമല്ല. എന്നാൽ ഓരോരുത്തർക്കും അവരവരുടെ കഴിവനുസരിച്ചു സഹായിക്കുന്നതിനും അനേകം സന്ദർഭങ്ങൾ ലഭിക്കും. പണമുള്ളവർ സംഘടിത പ്രവർത്തനത്തെ ധനസഹായംചെയ്തു പ്രോത്സാഹിപ്പിക്കണം. വിദ്യാസമ്പന്നൻ ആഴ്ചയിൽ ഒരുമണിക്കൂറെങ്കിലും സാമൂഹ്യവിദ്യാദാനത്തിന് വിനിയോഗിച്ചാൽ എന്തൊരു നേട്ടമായിരിക്കും. സാങ്കേതിക വിദഗ്ദ്ധർ അവരുടെ സേവനം സന്ദർഭോചിതമായി ദാനം ചെയ്താൽ സംഘടനയ്ക്കും അതുമൂലം സാധുജനങ്ങൾക്കും എത്ര ഉപകാരമായിരിക്കും. ഇവയെല്ലാം സമാഹരിച്ച് ശരിയായി വിനിയോഗിക്കുന്നതിന് സംഘടനയ്ക്കു കഴിയണം. ആദ്യമായിത്തന്നെ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചു് പഠിക്കുന്നതിനുള്ള അഭിനിവേശമുണ്ടാകണം.

പലരും പൂർവ്വമുള്ള ദാരിദ്ര്യത്തിൻെറ ഭീകരത കാണുവാൻ ആഗ്രഹിക്കുന്നില്ല. കാരണം അവർക്ക് അതിനോട് പൊരുതുവാൻ മനസ്സില്ല. ദാരിദ്ര്യോച്ചാടനത്തിനുവേണ്ടി പൊരുതുവാൻ ത്യാഗസന്നദ്ധരായിരിക്കണം. പക്ഷെ എത്ര പേർ ത്യാഗത്തിനു സന്നദ്ധരാണെന്നുള്ളതാണു പ്രശ്നം.

ഇടവകകളിൽ സംഘടിത പ്രവർത്തനങ്ങൾക്ക് പ്രചോദനവും, നേതൃത്വവും നൽകേണ്ടതു് യുവാക്കളാണ്. ഇടവകയിലെ കഴിവും പ്രാപ്തിയുമുള്ളവരെ അറിയിക്കണം. പാവങ്ങളെ അവരുടെ സ്ഥിതിഗതികളിൽ ബോധവാന്മാരാക്കണം. നിലവിലുള്ള ധനാഗമന മാർഗ്ഗങ്ങൾക്കു കോട്ടംസംഭവിക്കാതെ തന്നെ കൂടുതൽ വരുമാനമുണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം, കുടിൽവ്യവസായങ്ങളും, ചെറു

കിടവ്യവസായങ്ങളും, കൃഷിവർദ്ധനപദ്ധതികളും മററും സഹകരണാടിസ്ഥാനത്തിൽ സമാരംഭിക്കണം. ഇന്ത്യയിൽ സഹകരണയുഗമാണിപ്പോൾ, നമ്മുടെ ഇടവകകളിൽ എത്രപേർ സഹകരണപ്രസ്ഥാനത്തിൻെറ പ്രയോജനം മനസ്സിലാക്കിയിട്ടുണ്ട്? ഗവണ്മെൻറ് ഈ കാര്യത്തിനായി വിനിയോഗിക്കുന്ന തുകയെപ്പററി എത്രപേക്ക് അറിയാം? ഒരു കത്തോലിക്കൻ പോലുമില്ലാത്ത അനേകം ഗ്രാമങ്ങളിൽ സഹകരണസംഘങ്ങൾ പ്രശസ്തമായി നടക്കുന്നുണ്ടെന്ന് അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും. കത്തോലിക്കാ സഹകരണ സംഘത്തിനുവേണ്ടി ഞാൻ വാദിക്കുകയല്ല. സാഹോദര്യത്തിൻെറ വക്താക്കളെന്ന് അഭിമാനിക്കുന്ന നമുക്കു ജാതിമതഭേദമെന്യേ എല്ലാവക്കും ഉപകരിക്കുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ നേതൃത്വം നൽകരുതൊ? ഏതെങ്കിലും വൈദേശിക ഔദാര്യ സംഘടനയുടെ പണംപററി ഉദ്ധാരണപണികൾ നടത്തുവാൻ മാത്രം നാം തയ്യാറായാൽ പോരാ. പലതുള്ളി പെരുവെള്ളം എന്നതു് അക്ഷരാർത്ഥത്തിൽ പ്രായോഗികമാക്കണം. വിശദാംശങ്ങളിലേക്കു് കടക്കുവാൻ വിസ്താരഭയമോർത്തു് ഉദ്യമിക്കുന്നില്ല.

സാമൂഹ്യ പ്രവത്തനം പൂമാല ചാർത്തുന്നതുപോലെ സുഖകരമാണെന്ന് വ്യാമോഹിക്കാതിരിക്കുന്നതു് നന്നായിരിക്കും. തക്കത്തിനൊത്തു് അടവു മാററുന്ന രാഷ്ട്രീയ പ്രവത്തകരീതി ഇവിടെ അനുയോജ്യവുമല്ല. പല പ്രശ്നങ്ങളെയും പ്രയാസങ്ങളെയും തരണം ചെയ്യേണ്ടിവരും. പരാജയവും പരിഭവവും കണ്ടു് പരിഭ്രാന്തരായി പിൻതിരിയരുതു്. ഏററവും വലിയ വിഷമം നേരിടേണ്ടിവരുന്നതു് ആരെ സേവിക്കുവാൻ ഉദ്യമിക്കുന്നുവോ അവരിൽ നിന്നായിരിക്കും. അനേകനാൾ അഗണ്യരായി തള്ളപ്പെട്ടിരുന്നവർ, പട്ടിണിക്കും ചൂഷണത്തിനും വിധേയരായിരുന്നവർ, സഹനത്തിൻെറ നെല്ലിപ്പലകയിൽ ചെന്നുമുട്ടി വിദ്വേഷമനസ്ഥിതരായവർ, സാമൂഹ്യപ്രവത്തകരെ ആദ്യമാദ്യം സ്വാഗതം ചെയ്തില്ലെന്നു വരാം. പരിപാടികളെ ചൂഷണം ചെയ്യേന്നുവരാം. കുബുദ്ധികളുടെ പ്രേരണയ്ക്കു് വശംവദരായെന്നുവരാം. ഇതു കണ്ടു നിരാശരായി മടങ്ങാതിരിക്കുക. കൃതഘ്നരെന്നു് അവരെ മുദ്രയടിക്കാതിരിക്കുക. എത്ര നല്ല സാമ്പത്തിക പരിപാടികളായിരുന്നാൽ തന്നെയും, സാഹചര്യത്തിൻെറയും, മനുഷ്യത്വത്തിൻെറയും, സമഭാവനയുടെയും, തന്ത്രികൾ മീട്ടുവാൻ നാം മറക്കരുതു്. ഇതാണു് ഏററവും വിലപ്പെട്ടതു്. ഒന്നും അടിച്ചേൽപ്പിക്കാതിരിക്കുക. അവരുമായി ചേന്നു് പരിപൂർണ്ണ ധാരണയോടുകൂടി സമചിത്തതയോടുകൂടി സാവധാനത്തിൽ ഓരോന്നു ചെയ്യുന്നതാണു് നല്ലതു്. 'നിങ്ങൾ' എന്ന ഭാവം മാററി 'നമ്മൾ' എന്ന യാഥാർത്ഥ്യം കൈവരുത്തണം. ദേവാലയത്തിലെ മണിനാദംപോലെ തന്നെ ഫാക്ടറികളിലെ കുഴൽ വിളിയും നാം ശ്രദ്ധിക്കണമെന്നു് ആഹ്വാനംചെയ്ത പോൾ ആറാമൻെറ നേതൃത്വം നമുക്കു് സ്വീകരിക്കാം. അയൽക്കാരൻെറ വിഹിതം സസന്തോഷം നൽകുക.

## ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

“ക്രൈസ്തവകാഹളം” ഓരോ ഇംഗ്ലീഷ് മാസത്തിലും ഒന്നാം വാരത്തിൽ പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു് ലേഖനങ്ങളും വാർത്തകളും ഏതു മാസത്തെ മാസികയിൽ ചേക്കണമെന്നാഗ്രഹിക്കുന്നുവോ അതിനു മുമ്പുള്ള മാസത്തിൻെറ 20-ാം തീയതിക്കു മുമ്പു് ഇവിടെ കിട്ടിയിരിക്കണം. ഉദാഹരണമായി, ഏപ്രിൽ മാസത്തെ 'കാഹള'ത്തിലേക്കുള്ള ലേഖനങ്ങളും മററും മാർച്ച 20-നു മുമ്പു് അയച്ചുതരണം.

റവ. ഫാദർ സി. എ. ഏബ്രഹാം,
മാർ ഈവാനിയോസ് കോളജ്,
തിരുവനന്തപുരം-15.

# മിഷ്യൻ സൺഡേ പിരിവ് (തുടർച്ച)

| | |
|---|---|
| ചെങ്ങന്നൂർ മഠം, സ്കൂൾ | 270-00 |
| കാരയ്ക്കാട്ട് | 24-15 |
| കുരമ്പാല | 10-00 |
| പോങ്ങുംമൂട്ട് സ്കൂൾ | 30-00 |
| ടി മഠം | 10-00 |
| കാർമ്മല | 40-00 |
| അട്ടച്ചാക്കൽ | 44-75 |
| ചെങ്ങറ | 10-00 |
| തേക്കുതോട്ട് | 12-00 |
| തണ്ണിത്തോട്ട് | 7-50 |
| മുളന്തറ | 6-00 |
| എലഞ്ഞിമേൽ | 25-00 |
| പുലിയൂർ | 20-00 |
| ചന്ദനപ്പള്ളി | 67-55 |
| കൊട്ടമൺ | 25-19 |
| തട്ട | 26-51 |
| ആനന്ദപ്പള്ളി | 13-75 |

| | |
|---|---|
| ഇടയാറൻമുള | 20-00 |
| പുത്തൻകാവ് | 30-00 |
| മാർ ഈവാനിയോസ് കോളജ് | 900-00 |
| പുതുപ്പള്ളി വീണ്ടും | 9-00 |
| തോട്ടപുറം | 15-00 |
| വെണ്മണി | 15-00 |
| പള്ളിപ്പുറം | 11-00 |
| ചിറക്കുളം | 7-00 |
| ചെങ്കൽച്ചൂള | 20-00 |
| കഴക്കൂട്ടം | 10-00 |
| പാളയം | 17-64 |
| കാഞ്ഞവട്ടം | 5-00 |
| മേനംകുളം | 7-00 |
| കൊടങ്ങാവിള | 13-00 |
| രാമപുരം | 30-00 |
| പുത്തൻപീടിക | 33-50 |
| ചീക്കനാൽ | 32-50 |
| ആകെ | 4255-78 |

## സഭാകലണ്ടർ

**മാർച്ച് 1964.**

8—നോമ്പിലെ അഞ്ചാം ഞായർ (കൂനിയായ സ്ത്രീയെ സുഖപ്പെടുത്തിയതു്)
9—തിങ്കൾ—സെബസ്റ്റിയിലെ 40 സഹദേന്മാർ.
12—വ്യാഴം—മാർ ഗ്രീഗോറിയോസ് മാർപ്പാപ്പാ.
15—നോമ്പിലെ ആറാം ഞായർ (കുരുടന്ന കാഴ്ചനൽകിയതു്)
18—ബുധൻ—ഊർശ്ലേമിലെ മാർ ക്വൂറീലോസ്.
19—വ്യാഴം—വി. യൗസേഫ്.
20—നാല്പതാം വെള്ളിയാഴ്ച.
21—ശനി—ലാസറിനെ ഉയിർപ്പിച്ചതു്.
22—ഓശാന ഞായറാഴ്ച.
* 25—വചനിപ്പു പെരുനാൾ.
26—പെസഹാ വ്യാഴാഴ്ച.
27—ദുഃഖ വെള്ളിയാഴ്ച.
28—ദുഃഖ ശനിയാഴ്ച.
29—ഉയിർപ്പു ഞായറാഴ്ച.

**ഏപ്രിൽ**

3—ആദുവെള്ളി—സകല മൗദ്യോനന്മാർ.
5—പുതുഞായറാഴ്ച.
11—ശനി—വി. ലെയോൻ മാർപ്പാപ്പാ.

* * * *

### പരേതരായ പട്ടക്കാരും സന്യാസിനികളും

റവ. ഫാദർ മത്തായി കരിങ്ങാട്ടിൽ മാർച്ച് 18
" " ചാണ്ടപ്പിള്ള പമ്പൂരേത്തു് ഏപ്രിൽ 10
സിസ്റ്റർ നവോമി ഫ്രാൻസിസ് S. I. C., ചെങ്ങരൂർ മാർച്ച് 18
" ശ്മൂനി S. I. C., കററാനം മാർച്ച് 23

**R. I. P.**

# വിവിധ വൃത്താന്തങ്ങൾ

## ക്യൂബ

ക്യൂബയിൽ സേവനമനുഷ്ഠിക്കുന്നതിനായി ആറു കത്തോലിക്കാവൈദികർ ബ്രസ്സൽസിൽ നിന്നു് അങ്ങോട്ടു പോയിരിക്കുന്നു. ബൽജിയത്തിൽ നിന്നുള്ള മിഷ്യനറിമാർ തന്റെ രാജ്യത്തു വരുന്നതിനു വിരോധമില്ലെന്നു് ക്യൂബൻ ഭരണാധിപൻ ഫീഡൽ കാസ്ട്രോ ഏതാനും മാസങ്ങൾക്കു മുമ്പു പ്രസ്താവിക്കുകയുണ്ടായി.

* * * *

## ഫിലിപ്പീൻസ്

ഫിലിപ്പീൻസ് ദ്വീപുകളിൽ കത്തോലിക്കാസഭ സ്ഥാപിക്കപ്പെട്ടതിന്റെ നാലാം ശതവാർഷികാഘോഷങ്ങൾ ഈ വർഷം നടത്തപ്പെടുകയാണു്. ഇവയോടനുബന്ധിച്ചുള്ള വികസനപരിപാടികളുടെ ഭാഗമായി കൂടുതൽ മിഷ്യനറിമാരെ ജപ്പാൻ, കൊറിയ, ബോർണിയോ, ഫൊർമോസാ എന്നീ രാജ്യങ്ങളിലേയ്ക്കു് അയക്കുവാൻ ഫിലിപ്പീൻസിലെ ബിഷപ്പന്മാരുടെ കൗൺസിൽ തീരുമാനിച്ചിരിക്കുന്നു.

* * * *

## ഹെലിക്കോപ്റ്ററിൽ കുരിശു്

മുക്കാൽ ടൺ ഭാരമുള്ള ഒരു കുരിശു് ഒരു ദേവാലയ ഗോപുരത്തിന്റെ മുകളിലേയ്ക്കു് ഹെലിക്കോപ്റ്ററിൽ ഉയർത്തിക്കൊടുത്തിരിക്കുന്നു. ജോൺ മാർപ്പാപ്പായുടെ ജന്മസ്ഥലമായ ബർഗമോയിൽ പുതിയതായി പണിയുന്ന സിമ്മനാരിയുടെ ചാപ്പലിനുവേണ്ടി അമേരിക്കൻ വ്യോമസേനയിലെ ഒരു ഹെലിക്കോപ്റ്ററിലാണു് കുരിശു ഗോപുരത്തിന്റെ മുകളിലെത്തിച്ചുകൊടുത്തതു്.

* * * *

## സ്ത്രീധനം ഉപേക്ഷിച്ചാൽ

വിവാഹത്തിനു സ്ത്രീധനം വാങ്ങുന്ന പതിവു നിരുത്സാഹപ്പെടുത്താൻ തൂത്തുക്കുടി രൂപതയിൽ ഒരു പരിപാടി തയ്യാറാക്കിയിരിക്കുന്നു. സ്ത്രീധനം വാങ്ങിക്കാത്തവരുടെ വിവാഹഫീസ് ഇളവു ചെയ്യുകയും പാരിതോഷികമായി 100 രൂപാ നൽകുകയും ചെയ്യും. ഇപ്രകാരം വിവാഹിതരാകുന്നവർക്കുള്ള വിവാഹവസ്ത്രങ്ങൾ സൗജന്യമായി നൽകാമെന്നു തൂത്തുക്കുടിയിലെ ധനവാനായ ഒരു വ്യാപാരി വാഗ്ദാനം ചെയ്തിട്ടുണ്ടത്രെ.

## ആന്ധ്രായിലെ മിഷ്യനറി

കഴിഞ്ഞ അരശതാബ്ദക്കാലം ആന്ധ്രാപ്രദേശത്തു മിഷ്യനറിവേല നടത്തിയിരുന്ന പ്രശസ്തനായ മോൺ. കൊഡഡാല ചിന്നപ്പ ഫെബ്രുവരി 11-ാം തീയതി നിര്യാതനായിരിക്കുന്നു. തെനാലി, ഗുണ്ടൂർ എന്നീ സ്ഥലങ്ങളായിരുന്നു പ്രധാനമായും അദ്ദേഹത്തിന്റെ പ്രയത്നരംഗങ്ങൾ.

R. I. P.

* * * *

## കാർഡിനൽ മിൻസെൻറി

ഹങ്കറിയിൽ തടങ്കലിൽ കഴിയുന്ന കാർഡിനൽ മിൻസെൻറിയെ മോചിപ്പിക്കുന്നതു സംബന്ധിച്ചുള്ള കൂടിയാലോചനകൾ ഹങ്കറിയൻ അധികൃതരും വത്തിക്കാൻ ദൂതന്മാരും തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നു. "അല്പം ക്ഷമ" കാണിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും എന്നു് ഹംങ്കറിയിലെ പ്രധാനമന്ത്രി ജാനോസ് കാദർ പ്രസ്താവിച്ചു.

* * * *

## ഡച്ച് കിരീടം

ഹോളണ്ടിലെ ഭരണാധികാരിയായ രാജാവൊ രാജ്ഞിയൊ കത്തോലിക്കനായിരിക്കുന്നതിനു നിയമ തടസ്സമില്ലെന്നു് ഡച്ചു പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നു. ഹോളണ്ടിലെ ഐറീൻ രാജകുമാരി സ്പെയിനിലെ ഒരു കത്തോലിക്കാരാജകുമാരനെ വിവാഹം ചെയ്യാൻ നിശ്ചയിച്ചതിനെ തുടർന്നുണ്ടായ വാദകോലാഹലത്തെ പരാമർശിച്ചാണു് പ്രധാനമന്ത്രി ഇപ്രകാരം പ്രസ്താവിച്ചതു്. ഹോളണ്ടിലെ ജനങ്ങളിൽ 40 ശതമാനം കത്തോലിക്കരുണ്ടു്.



# തിരുവനന്തപുരം

## സണ്ടേസ്കൂൾ പരീക്ഷ

1963-ലെ സണ്ടേസ്കൂൾ വാർഷികപ്പരീക്ഷമേയ്മാസം 17-ാം തീയതി ഞായറാഴ്ചയും മത്സരപ്പരീക്ഷ മേയ്മാസം 31-ാം തീയതി ഞായറാഴ്ചയും നടത്തുന്നതാണെന്ന് അഭിവന്ദ്യപിതാവിൻെറ ഒരു സക്കുലറിൽ പറഞ്ഞിരിക്കുന്നു.

## S. S. L. C വിദ്യാർത്ഥികൾക്കായുള്ള മതോപദേശ പരീക്ഷ

അതിരൂപതയിലെ S. S. L. C വിദ്യാർത്ഥികൾക്കായി ഏപ്രിൽ 12-ാം തീയതി എല്ലാ ഡിസ്ട്രിക്ട് കേന്ദ്രങ്ങളിൽ വച്ചും ഒരു മതോപദേശപരീക്ഷ നടത്തുന്നതിനു് അഭിവന്ദ്യതിരുമേനിയുടെ ഒരു കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

## ദൈവാലയ ശിലാസ്ഥാപന കർമ്മം

ചെങ്ങന്നൂരിൽ പണികഴിക്കാനുദ്ദേശിക്കുന്ന ദൈവാലയത്തിൻെറ ശിലാസ്ഥാപന കർമ്മം കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി നി. വ. ദി. മ. ശ്രീ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചിരിക്കുന്നു. പൗരജനങ്ങളുടെ വകയായി അഭിവന്ദ്യതിരുമേനിക്ക് ഒരു വൻപിച്ച സ്വീകരണം നൽകുകയുണ്ടായി. രാവിലെ വി. കുർബാനാനന്തരം പൊതുയോഗവും നടത്തപ്പെട്ടു. പൊതുയോഗത്തിൽ റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്, മി. പി. ജെ അലക്സാണ്ടർ B. A. L. T, മി. സി. തോമസ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## പെരുനാളാഘോഷങ്ങൾ

തട്ട ലൂർദ്ദുഗിരി പള്ളിയിൽ ലൂർദ്ദുമാതാവിൻെറ പെരുനാൾ ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച ഭക്തിദായകങ്ങളായ വിവിധ പരിപാടികളോടുകൂടി ആഘോഷപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു.

ഉറുകുന്നു ലൂർദ്ദുമാതാപ്പള്ളിയിലെ തിരുനാൾ ഫെബ്രുവരി 28, 29 എന്നീ തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. വി. മൂന്നുമ്മേൽ കുർബാനയും റവ. ഫാ ജോസഫ് തച്ചേട്ട് അവർകളുടെ പ്രസംഗവും നടത്തപ്പെട്ടു.

*  *  *  *

വള്ളിയറപ്പൻകാട്ട വിശുദ്ധ കൊച്ചുത്രേസ്യാപ്പള്ളിയുടെ പെരുനാളിനോടനുബന്ധിച്ച് 16, 17, 18, 19 എന്നീ തീയതികളിലായി ഒരു പ്രസംഗയോഗം നടത്തപ്പെട്ടിരിക്കുന്നു. പെ. ബ. മോൺ. പീലിപ്പോസ് റമ്പാച്ചനായിരുന്നു പ്രാസംഗികൻ. 18-ാം തീയതി വൈകിട്ട് ഒരു ഫിലിം-ഷോയും ഉണ്ടായിരുന്നു.

*  *  *  *

ഏറത്തുമ്പമൺ മാത്തൂർ വി. ഗീവർഗീസ് സഹദാപ്പള്ളിയുടെ ആഭിമുഖ്യത്തിൽ മൂന്നുനോമ്പോടനുബന്ധിച്ച് ആണ്ടുതോറും നടത്തിവരാറുള്ള കൺവൻഷൻ ഇക്കൊല്ലവും ജനുവരി 19, 20, 21, 22 എന്നീ തീയതികളിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. വെ. ബ. മോൺ. പീലിപ്പോസ് റമ്പാൻ റവ. ഫാ. ഏബ്രഹാം തെക്കേടത്തു്, വെ. റവ. ഫാ. തോമസ് കണിയാംമാലിൽ, ഏബ്രഹാം ശാസ്ത്രി എന്നിവർ ആയിരുന്നു പ്രാസംഗികന്മാർ. എല്ലാ ദിവസവും വൈകിട്ട് ഫിലിം ഷോ ഉണ്ടായിരുന്നു.

*  *  *  *

കാഞ്ഞിരംപാറ വി. അന്തോണിയോസിൻെറ പള്ളിയിൽ, ഫ്രാൻസിസ്കൻ ബ്രദേ

ഴ്സിൻെറ മിഷ്യൻ വേല തുടങ്ങിയതിൻെറ സിൽവർജൂബിലിയും പള്ളിപ്പെരുന്നാളും സംബന്ധിച്ച ഈ ഫെബ്രുവരി 7, 8, 9, എന്നീ തീയതികളിലായി ഒരു പ്രസംഗമഹായോഗം നടത്തപ്പെട്ടിരിക്കുന്നു. റൈ. ബ. മോൺ. പീലിപ്പോസ് റമ്പാച്ചനായിരുന്നു പ്രാസംഗികൻ. കാഞ്ഞിരംപാറ സെൻറു് ആൻറണീസ് കലാസമതി അവതരിപ്പിച്ച "ഒരു ഹൃദയവും രണ്ടു കണ്ണുകളും" എന്ന ഒരു സാമൂഹ്യനാടകവും ഉണ്ടായിരുന്നു.

* * * *

പാമ്പുകാലാപള്ളിയിൽ വി. യൌസേപ്പിൻെറ പെരുന്നാൾ ഈ ഫെബ്രുവരി 28-ാം തീയതി മുതൽ മാർച്ച് 8-ാം തീയതി വരെയുള്ള ദിവസങ്ങളിലായി പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. ഈ ദിവസങ്ങളിൽ നടത്തപ്പെട്ട പ്രസംഗയോഗങ്ങളിൽ റവ. ഫാ. യൗനാൻ ഒ. ഐ. സി, റൈ. ബ. മോൺ. പീലിപ്പോസ് റമ്പാൻ, റവ. ഫാ. തോമസ് ഐറേനിയസ് മുതലായവർ പ്രസംഗിച്ചു.

## അതിഥി സന്ദർശനം

കേരളഗവർണ്ണർ ശ്രീ. വി. വി. ഗിരി ഈ ഫെബ്രുവരി 22-ാം തീയതി വ്യാഴാഴ്ച ആർച്ച് ബിഷപ്പ് തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. ഗവർണ്ണറുടെ ബഹുമാനാർത്ഥം അരമനയിൽ വച്ചു നടത്തപ്പെട്ട ഡിന്നർ പാർട്ടിയിൽ മററുപല പ്രശസ്താതിഥികളും സംബന്ധിച്ചു.

## സണ്ടേസ്കൂൾ വാർഷികം

തേവലപ്പുറം, കാരിക്കൽ, കൈതക്കോട്ട്, പുത്തൂർ എന്നീ ഇടവകകളിലെ സണ്ടേസ്കൂൾ വാർഷികം ഫെബ്രുവരി 9-ാം തീയതി തേവലപ്പുറം പഞ്ചായത്തു മെമ്പർ മാറവ്വർ ശ്രീ. യോഹന്നാൻെറ അദ്ധ്യക്ഷതയിൽ കൂട്ടുകയുണ്ടായി. മീററിംഗിൽ വികാരിയച്ചൻ തിരുബാലസഖ്യം ഉൽഘാടനം ചെയ്തു പ്രസംഗിച്ചു. സണ്ടേസ്കൂൾ പഠനത്തിൻെറ ആവശ്യകതയെ പുരസ്കരിച്ച് പുത്തൂർ കൊച്ചുമ്മൻ പ്രസംഗിച്ചു. മഠത്തിലെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. പരീക്ഷയിൽ വിജയിച്ചിട്ടുള്ളവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## തിരുബാലസഖ്യദിനാഘോഷം

നാലാംചിറ സെൻറ് ജോൺസ് മോഡൽ സ്കൂളിലും സെൻറ് ഗൊരേററി സ്കൂളിലും ജയമാതാ അനാഥശാലയിലും സ്ഥാപിതമായിരിക്കുന്ന തിരുബാലസഖ്യശാഖകളുടെ ഒരു സംയുക്തയോഗം ഗൊരേററിസ്കൂൾ ഹാളിൽ വച്ച് തിരുബാലസംഖ്യദിനമായ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച നടത്തിയിരിക്കുന്നു.

## തിരുബാലസഖ്യസ്ഥാപനം

കഴക്കൂട്ടം, പള്ളിപ്പുറം എന്നീ മിഷ്യനുകളിൽ തിരുബാലസഖ്യത്തിൻെറ രണ്ടു ഗ്രൂപ്പുകൾ വീതമുള്ള രണ്ടു ശാഖകൾ സ്ഥാപിതമായിരിക്കുന്നു.

## തിരുബാലസഖ്യം

മുണ്ടേല മിഷ്യനിൽ സ്ഥാപിതമായിരിക്കുന്ന തിരുബാലസഖ്യത്തിൻെറ വാർഷികം തിരുബാലസഖ്യദിനത്തിൽ സഘോഷം കൊണ്ടാടിയിരിക്കുന്നു. രാവിലെ സഖ്യാംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണത്തെ തുടന്ന് പുതിയ അംഗങ്ങളെ സഖ്യത്തിൽ ചേർത്തു. ഉച്ചകഴിഞ്ഞു ശ്രീ കെ. തോമസ്സിൻെറ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ പ്രസംഗങ്ങളും കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

## ചരമം

റവ. ഫാ. അലക്സാണ്ടർ പമ്പൂരേത്ത് അവർകളുടെ സഹോദരൻ ശ്രീ പി. സി. ഡേവിഡ് 54-ാമത്തെ വയസ്സിൽ ഫെബ്രുവരി 14-ാം തീയതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് കോഴിക്കോട്ട് മെഡിക്കൽകോളജ് ആശുപത്രിയിൽ വച്ച് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം 15-ാം തീയതി ശനിയാഴ്ച ഉച്ചയോടുകൂടി കാരക്കാട്ട് സെൻറു ജോസഫ്സ് കത്തോലിക്കാപള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ നടത്തപ്പെട്ടു. പരേതൻെറ സ്നേഹിതർ, ബന്ധുമിത്രാദികൾ തുടങ്ങി ഒട്ടനവധി ആളുകളുടേയും വൈദികരുടേയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. പരേതാത്മാവിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

## ചരമദിനം

റവ. ഫാ. വി. പി. ഏബ്രഹാമിൻെറ പിതാവിൻെറ 16-ാം ചരമദിനം ജനു

Registered No: K. 405.

വരി 11-ാം തീയതി നടത്തപ്പെട്ടു. ഇതു പ്രമാണിച്ച് അഭിവന്ദ്യപിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മൂന്നുമ്മേൽ കുർബാനയും ശവകുടീരത്തിലും പള്ളിയുടെ ഭവനത്തിലും വച്ചുള്ള ധൂപപ്രാർത്ഥനയും ഉണ്ടായിരുന്നു.

## തിരുവല്ലാരൂപത

### പെരുനാളാഘോഷം

റാന്നി തുക്കോമല കത്തോലിക്കാ ദൈവാലയത്തിലെ തിരുനാൾ ഫെബ്രുവരി 2-ാം തീയതി സാഘോഷം കൊണ്ടാടിയിരിക്കുന്നു. തിരുനാളിനോടനുബന്ധിച്ച് മൂന്നു ദിവസത്തെ പ്രസംഗയോഗവും ഉണ്ടായിരുന്നു. വെ. റവ. ഫാ. ഗീവർഗീസ് കോർ എപ്പിസ്കോപ്പ, ശ്രീ. വി. എൽ തോമസ് എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം മാസ്റ്റർ എം. ജെ. ചാക്കോ & പാർട്ടിയുടെ കഥാപ്രസംഗവും നടത്തപ്പെട്ടു.

### തിരുബാലസഖ്യദിനം

തിരുവല്ലാരൂപതാടിസ്ഥാനത്തിൽ നടത്തിവരുന്ന തിരുബാലസഖ്യദിനം റാന്നി കത്തോലിക്കാഇടവകകളുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 9-ാം തീയതി ചെത്തോങ്കര ക്രിസ്തുരാജദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടിരിക്കുന്നു കുട്ടികളുടെ വമ്പിച്ച റാലിയും അതിനുശേഷം നി. വ. ദി. ശ്രീ. സക്കറിയാസ് മാർ അത്താനാസിയോസ് D. D യുടെ അദ്ധ്യക്ഷതയിൽ പൊതുയോഗവും നടത്തപ്പെട്ടു. തദവസരത്തിൽ പേപ്പൽ ബഹുമതി ലഭിച്ചതിൽ മോൺ. മാത്യു നെടുങ്ങാട്ട്, മോൺ. തോമസ് വടശ്ശേരി എന്നിവരെ അനുമോദിച്ചുള്ള പ്രസംഗങ്ങളുമുണ്ടായിരുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികളും പ്രസംഗഗീതമത്സരങ്ങളും നടത്തപ്പെട്ടു.

**For favours received**



**Inserted by**
Mrs. Annamma Abraham,
Mangalath, Valakom.


**സെൻറ മേരീസ് പ്രസ്സിൽ നിന്നും കിട്ടുന്നതാണ്**

| | | Rs. | nP. |
|---|---|---|---|
| മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാർത്ഥനക്രമം | | | |
| വെള്ള മേനിക്കടലാസ് പ്ലാസ്റ്റിക് കവർ ചെയ്തത് | ...... | 1 | 50 |
| പ്രാർത്ഥനക്രമം കുംതാ—കുർബാനക്രമം ഇവ ഒന്നിച്ചു | | | |
| ബയൻറുചെയ്ത പ്ലാസ്റ്റിക് കവർ ഇട്ടത് ഒന്നാംതരം | ...... | 3 | 00 |
| രണ്ടാംതരം | ...... | 2 | 50 |
| കുംതാ—കുർബാനക്രമം ...... ...... ...... | ...... | 0 | 75 |
| കുർബാനക്രമം ...... ...... ...... ...... | ...... | 0 | 40 |


Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban